സദ്ഭാവന
ഓൺലൈനിൽ വായിക്കുവാൻ
ക്യു.ആർ കോഡ് സ്കാൻ ചെയ്യുക

സദ്ഭാവന

YouTube
ശ്രീ. ബി.എസ്. ബാലചന്ദ്രൻ രചിച്ച
ശ്രീമഹാരാമായണം
കേൾക്കുവാനും വായിക്കുവാനും
സന്ദർശിക്കുക
യൂട്യൂബ് ചാനൽ
Jaihind Bharat Voice

പ്രതിമാസ മലയാള വാർത്താപത്രം SATHBHAVANA The Monthly Malayalam Newspaper

പുസ്തകം 25 ലക്കം 11 തിരുവനന്തപുരം 2026 നവംബർ 10 പേജ് 8 വില 20 രൂപ RNI Reg. No. KERMAL /2002/7358

ലോക സാംസ്കാരിക നായകന്മാരെ സമ്മാനിച്ച ഭാഷ

ജർമ്മൻ ഭാഷ ചരിത്രവും സംസ്കാരവും

ബി.എസ്. ബാലചന്ദ്രൻ

സഹസ്രാബ്ദങ്ങളുടെ പഴക്കം അവകാശപ്പെടാവുന്ന ഭാഷയാണ് ജർമ്മൻ ഭാഷ. ആദ്യമൊക്കെ പ്രാചീനതയുടെ സ്വാഭാവിക വൈകല്യങ്ങൾക്കടിമപ്പെട്ടിരുന്ന ഈ ഭാഷ വലിയൊരു പരിണാമ പ്രക്രിയയിലൂടെയാണ് ഇന്നത്തെ നിലയിലെത്തിയത്.

ഇന്ത്യക്കാർക്ക് ജർമ്മൻ ഭാഷയുമായി ചെറുതല്ലാത്ത ബന്ധമാണുള്ളത്. നിലവിൽ ഏതാണ്ട് മൂന്നുലക്ഷത്തിലധികം ഇന്ത്യൻ പൗരന്മാർ ജർമ്മനിയിൽ സ്ഥിരതാമസമാക്കുകയോ ജോലിക്കായി തങ്ങുകയോ ചെയ്യുന്നതായാണ് കണക്ക്. വിവര സാങ്കേതികവിദ്യ, ആരോഗ്യം, എൻജിനീയറിംഗ്, ഗവേഷണം തുടങ്ങിയ രംഗങ്ങളിൽ ജോലിചെയ്യുന്ന ജർമ്മനിയിലെ ഇന്ത്യൻ പ്രവാസികൾ ഇരു രാജ്യങ്ങളേയും തമ്മിൽ ബന്ധിപ്പിക്കുന്ന സജീവ പാലമായി വർത്തിക്കുന്നു.

ഇന്ത്യയും ജർമ്മനിയും തമ്മിലുള്ള സാമൂഹിക ബന്ധത്തിന്റേയും ഭാഷാ ബന്ധത്തിന്റേയും ഏറ്റവും ശക്തമായ താങ്ങു തൂണുകളിൽ പ്രധാനപ്പെട്ടത് വിദ്യാർത്ഥികളാണെന്നത് എടുത്തുപറയേണ്ട വസ്തുതയാണ്. ജർമ്മൻ സർവ്വകലാശാലകളിൽ പഠിക്കുന്ന ഇന്ത്യൻ വിദ്യാർത്ഥികളുടെ എണ്ണം ഏതാണ്ട് 70000ത്തിലധികം വരും.

ഇംഗ്ലീഷ്, ഡച്ച് എന്നീ ഭാഷകളുമായി അടുത്ത ബന്ധമുള്ള ജർമ്മൻ ഭാഷ ഇൻഡോ- യൂറോപ്യൻ ഭാഷാ കുടുംബത്തിലെ പശ്ചിമ ജർമ്മനിക് ശാഖയിൽ ഉൾപ്പെടുന്നു.

മാർട്ടിൻ ലൂഥറിന്റെ ബൈബിൾ പരിഭാഷയോടെയാണ് ജർമ്മൻ ഭാഷ ഇന്നത്തെ നിലയിലേക്കുള്ള പ്രയാണമാരംഭിച്ചതെന്ന് ചരിത്രരേഖകൾ വ്യക്തമാക്കുന്നു. സാധാരണക്കാർക്ക് മനസ്സിലാവുംവിധത്തിൽ മാർട്ടിൻ ലൂഥർ ബൈബിളിനെ ജർമ്മൻ ഭാഷയിലേക്ക് വിവർത്തനം ചെയ്തു. അതിലൂടെയാണ് ജർമ്മനിയിൽ ഒരു ഏകീകൃത ലിഖിത ഭാഷാ രൂപീകരണത്തിന്റെ ബീജാവാപം നടന്നത്. തുടർന്ന് 1880 ൽ ജർമ്മൻ ഭാഷയുടെ വ്യാകരണ നിയമങ്ങളും അക്ഷര വിന്യാസങ്ങളും ഔദ്യഗികമായി ഏകീകരിക്കപ്പെട്ടു. പത്തൊൻപതാം നൂറ്റാണ്ടിൽ പ്രശസ്തരായ 'ഗ്രിം സഹോദര'ന്മാർ ജർമ്മൻ ഭാഷയിലെ വാക്കുകൾ ശേഖരിച്ച് ഒരു നിഘണ്ടു തയ്യാറിക്കി.



മലയാള ഭാഷയിൽ ശ്രീകണ്ഠേശ്വരം ജി. പത്മനാഭപിള്ള തയ്യാറാക്കിയ ശബ്ദതാരാവലിക്ക് തുല്യം പരമാവധി എല്ലാ ജർമ്മൻ വാക്കുകളും ഉൾപ്പെടുത്തിക്കൊണ്ടുള്ളതായിരുന്നു ഗ്രിം സഹോദരന്മാർ തയ്യാറാക്കിയ നിഘണ്ടു. അതോടെ ജർമ്മൻ ലിഖിത ഭാഷ കൂടുതൽ മിഴിവുറ്റതായി. ഇതാണ് ഇന്ന് നാം കാണുന്ന സ്റ്റാൻഡേർഡ് ജർമ്മൻ ഭാഷയുടെ അടിസ്ഥാനം. ആധുനിക കാലത്ത് ശാസ്ത്രം, തത്വചിന്ത, സാഹിത്യം എന്നിവയിലെല്ലാം ജർമ്മൻ ഭാഷ ഏറെ മുന്നോട്ടു പോയി. മധ്യ യൂറോപ്പിൽ സംസാരിക്കുന്ന ഈ പശ്ചിമജർമ്മനിക് ഭാഷ ജർമ്മനി, ഓസ്ട്രിയ, ലിച്ചെൻസ്റ്റൈൻ എന്നീ രാജ്യങ്ങളുടെ ഔദ്യോഗിക ഭാഷയും സ്വിറ്റ്സർലൻഡ്, ബൽജിയം, ലക്സംബർഗ് എന്നീ രാജ്യങ്ങളിലെ ഔദ്യോഗിക ഭാഷകളിൽ ഒന്നുമാണ്. ലോകത്തെമ്പാടുമായി ഏതാണ്ട് 130 ദശലക്ഷത്തിലധികംപേർ ജർമ്മൻ ഭാഷ സംസാരിക്കുന്നതായാണ് കണക്ക്.

ഒരു എഴുത്തുഭാഷ എന്ന നിലയിൽ ജർമ്മൻ തികച്ചും ഏകീകൃതമാണ്. എന്നാൽ സംസാരഭാഷ എന്ന നിലയിലാവട്ടെ ഇത് പല തരത്തിൽ വ്യത്യാസപ്പെട്ടിരിക്കുന്നു. അവയിൽ പലതും രണ്ട് വൈരുദ്ധ്യാത്മക ഗ്രൂപ്പുകളിൽപ്പെടുന്നു. മധ്യ-തെക്കൻ ജർമ്മനിയിലേയും സമീപ പ്രദേശങ്ങളിലേയും പർവ്വത പ്രദേശങ്ങളിൽ സംസാരിക്കുന്ന 'ഹൈജർമ്മൻ', ജർമ്മനിയിലെ താഴ്ന്ന പ്രദേശങ്ങളിലും സമീപ പ്രദേശങ്ങളിലും സംസാരിക്കുന്ന 'ലോ ജർമ്മൻ' എന്നീ ഗ്രൂപ്പുകളാണിവ. ഇതിന് പുറമെ 1100-നുശേഷം 'ഹൈ ജർമ്മൻ' ഭാഷയെ അടിസ്ഥാനമാക്കിയുള്ള ഒരു സ്റ്റാൻഡേർഡ് ഭാഷ ഉയർന്നുവന്നു. വിപുലമായ ഒരു സാഹിത്യഭാഷയായിരുന്നു പ്രസ്തുത 'മിഡിൽ ഹൈ ജർമ്മൻ' ഭാഷ. ഇതിനെ ഹൈജർമ്മൻ ഭാഷയുടെ സൂചകമായും കണക്കാക്കാം.

'റുഡോൾഫ് ബോൺ എംസ്', 'കോൺറാഡ് വോൺ വുർസ്ബർഗ്' തുടങ്ങിയ പ്രമുഖ എഴുത്തുകാരുടെ നേതൃത്വത്തിൽ ഇതിഹാസങ്ങളും ഗാനരചനകളും ഉൾപ്പെടെയുള്ള സാഹിത്യത്തിന്റെ അഭിവൃദ്ധി ഈ കാലഘട്ടത്തിലാണ് ഉണ്ടായത്. അവസാന വ്യഞ്ജനാക്ഷരങ്ങളുടെ ശബ്ദം ഒഴിവാക്കലും സമ്മർദ്ദമില്ലാത്ത സ്വരാക്ഷരങ്ങളുടെ കുറവും ഉൾപ്പെടെയുള്ള മാറ്റങ്ങൾ ഭാഷയിലുണ്ടായതും ഇപ്പോൾ തന്നെ. ഭരണം, ഉന്നത വിദ്യാഭ്യാസം, സാഹിത്യം, ബഹുജന മാധ്യമങ്ങൾ എന്നിവയുടെ ഭാഷയായും ഇത് ഉപയോഗിക്കപ്പെടുന്നു. മാർട്ടിൻലൂഥർ തന്റെ ബൈബിൾ വിവർത്തനത്തിനുപയോഗിച്ച മധ്യജർമ്മൻ ഭാഷയെ അടിസ്ഥാനമാക്കിയുള്ളതാണിതെന്നും പറയാം.

കാലക്രമത്തിൽ ലോ ജർമ്മൻ ഭാഷ ശോഷിച്ചുവന്നു. വടക്കൻ ജർമ്മനിയിലെ വീടുകളിൽ ലോ ജർമ്മൻ ഭാഷ സംസാരിക്കുന്നവരുണ്ടെങ്കിലും ലോ ജർമ്മൻ സാഹിത്യ ഭാഷ ഇന്ന് നിലവിലില്ലായെന്നുതന്നെ പറയാം. അതേസമയം ചെറിയ അളവിൽ ലോ ജർമ്മൻ സാഹിത്യസൃഷ്ടികൾ ഉണ്ടായിട്ടുണ്ട് എന്നതും ചൂണ്ടിക്കാട്ടപ്പെടാതിരിക്കാനാവില്ല.

ജർമ്മനിയിലെ പൊതുഭാഷയായ സ്റ്റാൻഡേർഡ് ജർമ്മൻ ഏതാണ്ട് 76 ദശലക്ഷത്തിലധികം പേർ സംസാരിക്കുന്നു എന്നാണ് കണക്ക്. 57 ദശലക്ഷത്തിലധികം പേർ ഇത് രണ്ടാംഭാഷയായും ഉപയോഗിക്കുന്നു.

ലാറ്റിൻ അക്ഷരമാലയെ അടിസ്ഥാനമാക്കിയുള്ളതാണ് ജർമ്മൻ അക്ഷരമാല. ഇതിൽ 30 അക്ഷരങ്ങൾ ഉൾപ്പെടുന്നു. ഇംഗ്ലീഷ് ഭാഷയിൽ ഉപയോഗിക്കുന്ന 26 അക്ഷരങ്ങൾക്ക് പുറമേയാണിത്. നാമങ്ങൾ, സർവ്വനാമങ്ങൾ, നാമവിശേഷണങ്ങൾ, മൂന്ന് ലിംഗങ്ങൾ, ക്രിയകൾ എന്നിവ ഈ ഭാഷയിൽ ഉൾപ്പെടുന്നു.

ആധുനിക സംസ്കാരത്തിന്റെ വികാസത്തിൽ ജർമ്മനിക് ഭാഷകൾക്കും അത് സംസാരിക്കുന്ന ജനതയ്ക്കും നിർണ്ണായക പങ്കാണുള്ളത്. ജർമ്മനിക് ഗോത്രങ്ങൾ യൂറോപ്പിൽ പുതിയ രാജ്യങ്ങൾ സ്ഥാപിക്കുകയും റോമൻ ഭരണ സംവിധാനങ്ങളുമായി തങ്ങളുടെ സൈനിക ശക്തിയെ സംയോജിപ്പിക്കുകയും ചെയ്തു. ഈ സാംസ്കാരിക സങ്കലനം മധ്യകാല യൂറോപ്പിനെ രൂപപ്പെടുത്തുന്നതിൽ വലിയ സ്വാധീനമാണ് ചെലുത്തിയത്. റോമൻ പ്രവിശ്യകളിലെ ജനങ്ങളുമായുള്ള സമ്പർക്കത്തിലൂടെയും ഭരണപരമായ അറിവുകൾ സ്വായത്തമാക്കിയതിലൂടെയും ജർമ്മനിക് ജനതയുടെ സാമൂഹികവും രാഷ്ട്രീയവുമായ ഘടനയിൽ വന്ന മാറ്റങ്ങളും ഒട്ടും ചെറുതല്ല. അത് പിൽക്കാലത്ത് യൂറോപ്പിലെ പുതിയ പ്രഭുവർഗ്ഗത്തിന്റെ ഉദയത്തിന് കാരണമായി.

ജർമ്മനിക് ഭാഷകളുടെ

(ശേഷം 8 – ാം പേജിൽ)

ഗാന്ധിജിയെക്കുറിച്ച് ബി.എസ്. ബാലചന്ദ്രൻ രചിച്ച 200 പുസ്തകങ്ങൾ ഒരു വേദിയിൽ പ്രകാശനം ചെയ്തു

ചരിത്രം സൃഷ്ടിച്ച പുസ്തകപ്രകാശനം

ഭരണ-രാഷ്ട്രീയ-സാഹിത്യ-സാംസ്കാരിക രംഗങ്ങളിലെ പ്രമുഖർ സംബന്ധിച്ചു







1. ബി.എസ്. ബാലചന്ദ്രൻ രചിച്ച ഗാന്ധിജിയെക്കുറിച്ചുള്ള ഇരുന്നൂറ് പുസ്തകങ്ങളുടെ പ്രകാശനച്ചടങ്ങിൽ ആഭ്യന്തര വകുപ്പ് മന്ത്രി രമേശ് ചെന്നിത്തല സംസാരിക്കുന്നു 2. പുസ്തകങ്ങൾ പ്രകാശനം ചെയ്തുകൊണ്ട് നിയമസഭാ സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ സംസാരിക്കുന്നു 3. പുസ്തകങ്ങൾ തിരുവഞ്ചൂർ രാധാകൃഷ്ണനിൽ നിന്നും ഡെപ്യൂട്ടി സ്പീക്കർ ഷാനിമോൾ ഉസ്മാൻ ഏറ്റുവാങ്ങുന്നു

തിരുവനന്തപുരം: മഹാത്മാഗാന്ധിയെക്കുറിച്ച് പ്രമുഖ എഴുത്തുകാരനും ഭാരത് സേവക് സമാജ് ദേശീയ ചെയർമാനുമായ ബി.എസ്. ബാലചന്ദ്രൻ രചിച്ച 200 പുസ്തകങ്ങൾ ഒരേ സമയം ഒരേ വേദിയിൽ പ്രകാശിതമായി.

പ്രൗഢ സദസ്സിനെ സാക്ഷിയാക്കി സംസ്ഥാന നിയമസഭാ സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണനാണ് ഇരുന്നൂറ് പുസ്തകങ്ങളുടെ പ്രകാശനകർമ്മം നിർവ്വഹിച്ചത്. സംസ്ഥാന നിയമസഭാ ഡെപ്യൂട്ടി സ്പീക്കർ ഷാനിമോൾ ഉസ്മാൻ പുസ്തകങ്ങൾ ഏറ്റുവാങ്ങി. മറ്റ് പ്രമുഖരും പുസ്തകങ്ങളുടെ പ്രതികൾ സ്പീക്കറിൽ നിന്നും സ്വീകരിക്കുകയുണ്ടായി.

മഹാത്മജിയെക്കുറിച്ച് ഒരു വ്യക്തി രചിച്ച് അവ ഒരേ വേദിയിൽ പ്രകാശനം ചെയ്യുന്നത് ഇന്ത്യയിൽ ആദ്യ സംഭവമാണ്. ഭാരതത്തിലെന്നല്ല ഒരു വ്യക്തിയെക്കുറിച്ച് മറ്റൊരു വ്യക്തി രചിച്ച 200 പുസ്തകങ്ങൾ ഒരേ വേദിയിൽ പ്രകാശനം ചെയ്യുന്നത് ലോകത്തുതന്നെ ആദ്യ സംഭവമാണെന്നാണ് കരുതപ്പെടുന്നത്. കവടിയാർ സദ്ഭാവനാ ഭവൻ ആഡിറ്റോറിയമാണ് ഈ ചരിത്ര സംഭവത്തിന് വേദിയായത്.

സംസ്ഥാന ആഭ്യന്തര വകുപ്പ് മന്ത്രി രമേശ് ചെന്നിത്തല, മന്ത്രി ബിന്ദുകൃഷ്ണ, മുൻ മന്ത്രിമാരായ എം.എം. ഹസ്സൻ, എം. വിജയകുമാർ, സി. ദിവാകരൻ, മുൻ എം.പി. പന്ന്യൻ രവീന്ദ്രൻ, മുൻ എം.എൽ.എ എം. എ. വാഹിദ്, മുൻ കൗൺസിലർ ഡി. സുദർശനൻ, സാഹിത്യ- സാംസ്കാരിക രംഗങ്ങളിലെ പ്രമുഖരായ വിളക്കുടി രാജേന്ദ്രൻ, ബാലഗോപാൽ, ഡോ. സുഗീത, ഗിരിജാ സേതുനാഥ്, സുദർശനൻ കാർത്തികപറമ്പിൽ തുടങ്ങിയവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. രാഷ്ട്രീയ നിരീക്ഷകനും സാംസ്കാരിക പ്രവർത്തകനുമായ ചെറിയാൻ ഫിലിപ്പ് പുസ്തക പ്രകാശന ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് മുൻ ഡയറക്ടറും എഴുത്തുകാരനുമായ ഡോ.എം.ആർ. തമ്പാൻ മുഖ്യപ്രഭാഷണം നടത്തി. ചടങ്ങിൽ സംബന്ധിച്ച വിശിഷ്ട വ്യക്തികൾക്കും പ്രൗഢമായ സദസ്സിനും സ്വാഗതമാശംസിച്ചുകൊണ്ട് സദ്ഭാവനാ ട്രസ്റ്റ് സെക്രട്ടറി ജയ ശ്രീകുമാർ സംസാരിച്ചു.



ഗ്രന്ഥകാരൻ ബി.എസ്. ബാലചന്ദ്രൻ പണ്ടുമുതൽ തന്നെ താൻ പ്രവർത്തിക്കുന്ന ഏത് മണ്ഡലത്തിലും അത്ഭുതങ്ങൾ വിരചിക്കുന്ന വ്യക്തിയാണെന്ന് പുസ്തക പ്രകാശനച്ചടങ്ങിൽ സംബന്ധിച്ച് ആശംസാപ്രസംഗം നടത്തവേ സംസ്ഥാന ആഭ്യന്തര വകുപ്പ് മന്ത്രി രമേശ് ചെന്നിത്തല സ്മരിച്ചു. ഒരു വ്യക്തിയെക്കുറിച്ച് ഇരുന്നൂറ് ഗ്രന്ഥങ്ങൾ രചിച്ച് അവ ഒരേ വേദിയിൽ പ്രകാശനം ചെയ്തുകൊണ്ട് അദ്ദേഹം അത്ഭുതം ആവർത്തിച്ചിരിക്കുകയാണ്. ഇതിലൂടെ ബി.എസ്. ബാലചന്ദ്രൻ ലോകറിക്കോർഡ് സൃഷ്ടിച്ചിരിക്കുന്നു. ഇത് ഒരു അത്യപൂർവ്വ നിമിഷമാണെന്നും ചടങ്ങിൽ സംബന്ധിക്കാൻ കഴിഞ്ഞതിൽ അതിയായ സന്തോഷമാണുള്ളതെന്നും ആഭ്യന്തരവകുപ്പ് മന്ത്രി രമേശ് ചെന്നിത്തല പറഞ്ഞു.

പുസ്തകങ്ങളുടെ പ്രകാശനകർമ്മം നിർവ്വഹിച്ചുകൊണ്ട് സംസ്ഥാന നിയമസഭ സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞതും കൃതികളുടെ രചയിതാവ് ബി.എസ്. ബാലചന്ദ്രനെ ഒരത്ഭുത മനുഷ്യനായി കാണണം എന്നാണ്. ഒരു വ്യക്തിയെക്കുറിച്ച് ഒരു വ്യക്തിതന്നെ ഇരുന്നൂറ് പുസ്തകങ്ങൾ രചിച്ച അവ ഒരേവേദിയിൽ പ്രകാശനം ചെയ്യുന്ന സംഭവം ചരിത്രത്തിൽ മറ്റൊന്നുണ്ടാവുമോയെന്ന് സംശയമാണെന്നും സ്പീക്കർ കൂട്ടിച്ചേർത്തു. ബാലചന്ദ്രൻ ഗാന്ധിജിയെക്കുറിച്ച് രചിച്ച ഇരുന്നൂറ് പുസ്തകങ്ങളും ഒന്നിനൊന്ന് വ്യത്യസ്ഥതയാർന്നതാണ്. ഒന്നിൽപോലും ആർത്തനമില്ലായെന്നത് ഒരു വലിയ പ്രത്യേകതയായി കാണണം. ഗാന്ധിജിയുടെ സ്വഭാവം-കാഴ്ചപ്പാട്-നിലപാടുകൾ തുടങ്ങിയുള്ളവയിലെ പ്രത്യേകതകൾ ഗ്രന്ഥകാരൻ വ്യക്തമായി ചൂണ്ടിക്കാട്ടിയിരിക്കുന്നു. ഗ്രന്ഥകർത്താവിനെ മുക്തകണ്ഠം പ്രശംസിച്ചുകൊണ്ട് സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞു.



"ഇതൊരു മഹാത്ഭുതമാണ്" എന്നതായിരുന്നു മുൻ മന്ത്രിയും സി.പി.ഐ നേതാവുമായ സി. ദിവാകരന്റേയും അഭിപ്രായം. അതദ്ദേഹം തന്റെ ആശംസാപ്രസംഗത്തിൽ വ്യക്തമാക്കി. സാക്ഷരതയുടെ കാര്യത്തിൽ കേരളം ഒന്നാം സ്ഥാനത്താണെങ്കിലും വിജ്ഞാന വ്യാപനത്തിന്റെ കാര്യത്തിൽ അതാണോ സ്ഥിതിയെന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. പ്രസ്തുത സാഹചര്യത്തിലാണ് ബി.എസ്. ബാലചന്ദ്രന്റെ ഇത്തരത്തിലുള്ള സംഭാവനകൾക്ക് പ്രസക്തിയേറുന്നത്. ആത്മാർത്ഥതയും അർപ്പണബോധവും കൈമുതലായി സൂക്ഷിച്ച് പ്രവർത്തിക്കുന്ന വ്യത്യസ്ഥനായ കോൺഗ്രസ്സുകാരനാണ് ബാലചന്ദ്രൻ. എല്ലാ കോൺഗ്രസ്സുകാരും ബി.എസ്. ബാലചന്ദ്രനെപ്പോലെയായിരുന്നുവെങ്കിൽ എന്ന് ചിന്തിച്ചുപോവുകയാണെന്നും തന്റെ ആശംസാ പ്രസംഗത്തിൽ അൽപ്പം നർമ്മം ചാലിച്ചുകൊണ്ട് സി. ദിവാകരൻ പറഞ്ഞു.



(ശേഷം 8 – ാം പേജിൽ)



ഒക്ടോബർ ഡയറി

ആശ അരവിന്ദ്

ഒക്ടോബർ 1

- സംസ്ഥാന ഭരണപരിഷ്കാര കമ്മിഷന്റെ പുതിയ അധ്യക്ഷനായി മുസ്ലിം ലീഗ് നേതാവും മുൻ മന്ത്രിയുമായ ഡോ. എം.കെ. മുനീറിനെ നിയമിക്കാൻ മന്ത്രിസഭാ യോഗം തീരുമാനിച്ചു. കാബിനറ്റ് പദവിയോടെയാണ് അദ്ദേഹത്തിന്റെ ഈ നിയമനം. വി.എസ്. അച്യുതാനന്ദൻ 2021-ൽ പദവി ഒഴിഞ്ഞതിന് ശേഷം ഈ സ്ഥാനത്തേക്ക് എത്തുന്ന വ്യക്തിയാണ് ഡോ. എം.കെ. മുനീർ. ഇതേ മന്ത്രിസഭാ യോഗത്തിൽ തന്നെ ഫോർവേഡ് ബ്ലോക്ക് ദേശീയ ജനറൽ സെക്രട്ടറി ജി. ദേവരാജനെ ഡൽഹിയിൽ കേരള സർക്കാരിന്റെ പ്രത്യേക പ്രതിനിധിയായും നിയമിക്കാൻ തീരുമാനമായിട്ടുണ്ട്

ഒക്ടോബർ 2

- നിവേദിത സുബ്രഹ്മണ്യം ദേശീയ വനിതാ കമ്മീഷൻ അംഗമായി ചുമതലയേറ്റു. ദില്ലിയിലെ ദേശീയ വനിത കമ്മീഷൻ ദേശീയ ആസ്ഥാനത്ത് വച്ചായിരുന്നു ചടങ്ങ്. ചുമതലയേൽക്കുന്നതിന് മുൻപ് കമ്മീഷൻ അധ്യക്ഷ വിജയ രഹത്കറുമായി കൂടിക്കാഴ്ച നടത്തി. നിയമം, ഭരണനിർവഹണം, മാനവവിഭവശേഷി, ധനകാര്യം തുടങ്ങിയ മേഖലകളിൽ രണ്ട് പതിറ്റാണ്ടിലേറെ പ്രവൃത്തിപരിചയമുള്ള വ്യക്തിയാണ് നിവേദിത സുബ്രഹ്മണ്യം. ചാവക്കാട് സിവിൽ, ക്രിമിനൽ കോടതികളിൽ 12 വർഷത്തിലേറെ അഭിഭാഷകയായി പ്രവർത്തിച്ചിട്ടുണ്ട്.

ഒക്ടോബർ 3

- ലോകത്തിലെ ഏറ്റവും ഉയരമേറിയ റെയിൽവേ പാലമായ ചെനാബ് പാലത്തിലൂടെ മണിക്കൂറിൽ 100 കിലോമീറ്റർ വേഗതയിൽ കുതിച്ച് വന്ദേഭാരത് എക്സ്പ്രസ്. ചെനാബ് പാലത്തിലൂടെയും ഇന്ത്യയിലെ ആദ്യത്തെ കേബിൾ റെയിൽവേപാലമായ അൻജി പാലത്തിലൂടെയുമാണ് നൂറു കിലോമീറ്റർ വേഗതയിൽ വന്ദേഭാരത് സർവീസ് നടത്തിയത്. ഉധംപുർ-ശ്രീനഗർ-ബാരാമുള്ള റെയിൽവേ ലിങ്ക് പദ്ധതിയിലെ സുപ്രധാന നാഴികക്കല്ലാണിത്.

ഒക്ടോബർ 4

- അൻപതാമത് വയലാർ അവാർഡ് ആർ രാജശ്രീക്ക്. ആത്രേയകം എന്ന നോവലിനാണ് അവാർഡ്. ഈ മാസം 27 ന് മുഖ്യമന്ത്രി അവാർഡ് നൽകും. ഒരു ലക്ഷം രൂപയും പ്രശസ്ത ശില്പി കാനായി കുഞ്ഞിരാമൻ വെങ്കലത്തിൽ നിർമ്മിച്ച ശില്പവും പ്രശസ്തിപത്രവുമാണ് അവാർഡ്. വയലാർ രാമവർമ്മയുടെ ചരമദിനമായ ഒക്ടോബർ 27ന് വൈകുന്നേരം 5:30ന് തിരുവനന്തപുരം നിശാഗന്ധി ആഡിറ്റോറിയത്തിൽ വച്ച് സംസ്ഥാന മുഖ്യമന്ത്രി വി. ഡി സതീശൻ അവാർഡ് സമർപ്പിക്കും.

ഒക്ടോബർ 5

- 2026ലെ ഭൗതിക ശാസ്ത്ര നൊബേൽ അമേരിക്കൻ ശാസ്ത്രജ്ഞൻ ഫ്രാൻസിസ് ഹാൽസെൻ; പ്രപഞ്ചത്തിലെ പിടികിട്ടാപുള്ളികളായ ഉയർന്ന ഊർജമുള്ള ന്യൂട്ടിനോകളെ അന്റാർട്ടിക്കയുടെ മഞ്ഞ് വെച്ച് പഠിക്കാം എന്ന കണ്ടെത്തലിനാണ് അംഗീകാരം

ഒക്ടോബർ 6

- 2026ലെ രസതന്ത്രത്തിനുള്ള നൊബേൽ പുരസ്കാരം ഫ്രഞ്ച് ശാസ്ത്രജ്ഞനായ ഹെൻറി ബി കഗൻ, ജാപ്പനീസ് ശാസ്ത്രജ്ഞനായ കെൻസോ സോയി എന്നിവർക്ക്. അസിമട്രിക് ഓർഗാനിക് സിന്തസിസിലെ നോൺ - ലീനിയർ ഇഫക്റ്റുകളും ഓട്ടോകാറ്റാലിസിസും കണ്ടെത്തിയതിനാണ് നേട്ടം. റോയൽ സ്വീഡിഷ് അക്കാദമി ഓഫ് സയൻസസാണ് പുരസ്കാരം പ്രഖ്യാപിച്ചത്.

ഒക്ടോബർ 7

- കൊച്ചി ആസ്ഥാനമായി പ്രവർത്തിക്കുന്ന ഡീപ്-ടെക് സ്റ്റാർട്ടപ്പായ ഐറോവ് ഇന്ത്യൻ നാവികസേനയ്ക്കായി തദ്ദേശീയമായി വികസിപ്പിച്ച രാജ്യത്തെ ആദ്യ മിലിട്ടറി-ഗ്രേഡ് അണ്ടർവാട്ടർ റോബോട്ടായ 'ഐറോവ് ട്രൗട്ട്' ഒക്ടോബർ 7-ന് സേനയ്ക്ക് ഔദ്യോഗികമായി കൈമാറി. കഠിനമായ കടലിനടിയിലെ സാഹചര്യങ്ങളിലും മോശം കാഴ്ചാപരിധിയിലും ഒരുപോലെ മികച്ച രീതിയിൽ പ്രവർത്തിക്കാൻ ശേഷിയുള്ള ഈ അത്യാധുനിക റോബോട്ട്, നാവിക കേന്ദ്രങ്ങളുടെ സുരക്ഷ, അണ്ടർവാട്ടർ നിരീക്ഷണം, തിരച്ചിൽ എന്നിവയ്ക്കായി പൂർണ്ണമായും ഇന്ത്യയിൽ തന്നെയാണ് രൂപകൽപ്പന ചെയ്തത്.

ഒക്ടോബർ 8

- മലയാളത്തിന്റെ പ്രശസ്ത സാഹിത്യകാരൻ ആനന്ദിന് (പി. സച്ചിദാനന്ദൻ) മൂന്നാമത് പ്രിയദർശിനി സാഹിത്യ പുരസ്കാരം. ഭാഷയ്ക്കും സാഹിത്യത്തിനും നൽകിയ സമഗ്ര സംഭാവനകൾ പരിഗണിച്ചാണ് കെ.പി. സി.സി.യുടെ പ്രസിദ്ധീകരണ വിഭാഗമായ പ്രിയദർശിനി പബ്ലിക്കേഷൻസ് ഈ അവാർഡ് നൽകുന്നത്. ഒരു ലക്ഷം രൂപയും, പ്രശസ്ത കലാകാരൻ ബി.ഡി. ദത്തൻ രൂപകല്പന ചെയ്ത ശില്പവും, പ്രശസ്തിപത്രവും അടങ്ങുന്നതാണ് പുരസ്കാരം. തിരുവനന്തപുരത്ത് നടക്കുന്ന പ്രൗഢഗംഭീരമായ ചടങ്ങിൽ വെച്ച് അവാർഡ് സമ്മാനിക്കുമെന്ന് സംഘാടകർ അറിയിച്ചു.

ഒക്ടോബർ 9

- 2026-ലെ സാഹിത്യത്തിനുള്ള നോബൽ സമ്മാനം കരസ്ഥമാക്കി പ്രശസ്ത കനേഡിയൻ കവയിത്രിയും വിവർത്തകയുമായ ആൻ കാർസൺ. സമകാലിക സാഹിത്യത്തിന് പുതിയ രൂപങ്ങൾ നൽകിയ ധീരവും നൂതനവുമായ സൃഷ്ടികളെ മുൻനിർത്തിയാണ് പുരസ്കാരമെന്ന് സ്വീഡിഷ് അക്കാദമി പ്രഖ്യാപിച്ചു.

ഒക്ടോബർ 10

- ഇന്ത്യൻ തമിഴ് വംശജ നവനീതം നവി പിള്ളയ്ക്ക് 2026 ലെ സമാധാനത്തിനുള്ള നൊബേൽ പുരസ്കാരം. മനുഷ്യാവകാശ പ്രവർത്തകയും നീതിന്യായ വിദഗ്ധയുമാണ് ദക്ഷിണാഫ്രിക്കൻ സ്വദേശിയായ നവനീതം നവി പിള്ള. യുഎൻ മനുഷ്യാവകാശ സംഘടന ഹൈക്കമ്മീഷണറായിരുന്നു. പലസ്തീനിനെ യുഎൻ സ്വതന്ത്ര കമ്മീഷൻ അധ്യക്ഷയാണ്. മനുഷ്യാവകാശ സംരക്ഷണത്തിനും അന്താരാഷ്ട്ര നീതിന്യായ വ്യവസ്ഥയ്ക്കും നൽകിയ സമഗ്ര സംഭാവനകൾക്കാണ് പുരസ്കാരം.

ഒക്ടോബർ 11.

- തുർക്കിയിൽ നടന്ന തുർക്കിയെ ഇന്റർനാഷണൽ ചലഞ്ച് ബാഡ്മിന്റൺ ടൂർണമെന്റിൽ ഇന്ത്യയുടെ യുവപ്രതിഭ അൻമോൾ ഖാർബിന് വനിതാ സിംഗിൾസ് കിരീടം. ആവേശം നിറഞ്ഞ ഓൾ-ഇന്ത്യൻ ഫൈനലിൽ സഹതാരവും ടൂർണമെന്റിലെ ഒന്നാം സീഡുമായ ആകാർഷി കശ്യപിനെ നേരിട്ടുള്ള ഗെയിമുകൾക്ക് പരാജയപ്പെടുത്തിയാണ് പത്തൊമ്പതുകാരിയായ അൻമോൾ ഖാർബ് സ്വർണ്ണനേട്ടം സ്വന്തമാക്കിയത്. അൻമോളിന്റെ കരിയറിലെ മൂന്നാമത്തെ അന്താരാഷ്ട്ര സീനിയർ സിംഗിൾസ് കിരീടമാണിത്.

ഒക്ടോബർ 12

- കെയ്റോയിൽ നടന്ന ഐ.എസ്.എസ്.എഫ് (ISSF) ലോകകപ്പിൽ ഇന്ത്യയുടെ ഉദയ്വീർ സിദ്ധുവിന് സ്വർണ്ണം. പുരുഷന്മാരുടെ 10 മീറ്റർ എയർ പിസ്റ്റൾ ഇനത്തിലാണ് 24-കാരനായ ഉദയ്വീർ സിദ്ധു തന്റെ കരിയറിലെ ആദ്യ സീനിയർ ലോകകപ്പ് സ്വർണ്ണ മെഡൽ സ്വന്തമാക്കിയത്. ജർമ്മനിയുടെ ഒളിമ്പിക് മെഡൽ ജേതാവായ ക്രിസ്റ്റ്യൻ റീറ്റ്സിനെ (240.1 പോയിന്റ്) വെറും 0.5 പോയിന്റിന്റെ നേരിയ വ്യത്യാസത്തിൽ മറികടന്നായിരുന്നു ഉദയ്വീറിന്റെ ഈ ചരിത്ര വിജയം.

ഒക്ടോബർ 13

- ഓസ്ട്രേലിയയിലെ ബാർഹാമിൽ നടന്ന വേൾഡ് ബൗൾസ് ചാമ്പ്യൻ ഓഫ് ചാമ്പ്യൻസ് ടൂർണമെന്റിൽ ഇന്ത്യയുടെ പുതുൽ സോനോവാൾ വെങ്കല മെഡൽ നേടി ചരിത്രം കുറിച്ചു. ഈ ടൂർണമെന്റിൽ ഒരു ഇന്ത്യൻ താരം മെഡൽ നേടുന്നത് ഇതാദ്യമായാണ്. പുരുഷ സിംഗിൾസ് ക്വാർട്ടർ ഫൈനലിൽ സിംഗപ്പൂരിന്റെ ഹാരിമാൻ യുവനെ പരാജയപ്പെടുത്തിയാണ് താരം ഇന്ത്യയുടെ കന്നി മെഡൽ ഉറപ്പാക്കിയത്. അസം പോലീസ് സേനയിലെ ഹവിൽദാർ കൂടിയായ 43-കാരനായ പുതുൽ സോനോവാളിന്റെ ഈ നേട്ടം ഇന്ത്യൻ ലോൺ ബൗൾസ് കായികരംഗത്തിന് പുതിയൊരു നാഴികക്കല്ലാണ് സമ്മാനിച്ചത്.

ഒക്ടോബർ 14

- 2026-ലെ സാമ്പത്തിക ശാസ്ത്രത്തിനുള്ള നോബൽ പുരസ്കാരം അമേരിക്കൻ സാമ്പത്തിക ശാസ്ത്രജ്ഞരായ റോബർട്ട് ഇ. ഹാളിനും മൈക്കൽ വുഡ്ഫോർഡിനുമാണ് ലഭിച്ചത്. സാമ്പത്തിക മാന്ദ്യവും പണപ്പെരുപ്പവും നേരിടാൻ സർക്കാരുകളെയും സെൻട്രൽ ബാങ്കുകളെയും സഹായിക്കുന്ന പുതിയ സാമ്പത്തിക മാതൃകകൾ വികസിപ്പിച്ചതിനാണ് ഈ അംഗീകാരം. സ്റ്റാൻഫോർഡ് സർവകലാശാലയിലെ പ്രൊഫസറായ റോബർട്ട് ഇ. ഹാളും കൊളംബിയ സർവകലാശാലയിലെ പ്രൊഫസറായ മൈക്കൽ വുഡ്ഫോർഡും ദീർഘകാലമായി ഈ രംഗത്ത് നടത്തിവരുന്ന ഗവേഷണങ്ങളെ അടിസ്ഥാനമാക്കിയാണ് റോയൽ സ്വീഡിഷ് അക്കാദമി ഓഫ് സയൻസസ് അവാർഡ് പ്രഖ്യാപിച്ചത്.

ഒക്ടോബർ 15

- ഒഡീഷയിലെ ചന്ദിപൂരിലുള്ള പ്രൂഫ് ആൻഡ് എക്സ്പിരിമെന്റൽ എസ്റ്റാബ്ലിഷ്മെന്റിൽ (PXE) 2026 ഒക്ടോബർ 14-ന് നടന്ന തത്സമയ നെറ്റ്വർക്ക് പരീക്ഷണത്തിലൂടെ ഡിആർഡിഒ (DRDO) കവാണ്ടം കീ ഡിസ്ട്രിബ്യൂഷൻ സാങ്കേതികവിദ്യ വിജയകരമായി പരീക്ഷിച്ചു. ഡിആർഡിഒയുടെ മൈക്രോഇലക്ട്രോണിക് ഡിവൈസസ്, കമ്പ്യൂട്ടേഷണൽ സിസ്റ്റംസ് ആൻഡ് സൈബർ സെക്യൂരിറ്റി (MCC) ക്ലസ്റ്ററും സ്വകാര്യ പങ്കാളിയായ തക്ബിത് ലാബ്സും ചേർന്നാണ് ഈ അത്യാധുനിക പ്രതിരോധ ആശയവിനിമയ പ്ലാറ്റ്ഫോം വികസിപ്പിച്ചത്. ആയുധ പരീക്ഷണ വേളയിലെ ടെലിമെട്രി, തത്സമയ നിരീക്ഷണ വിവരങ്ങൾ എന്നിവ സൈബർ ആക്രമണങ്ങളിൽ നിന്നും ചോർച്ചകളിൽ നിന്നും പൂർണ്ണമായും സുരക്ഷിതമായി കൈമാറാൻ ഈ കവാടം സാങ്കേതികവിദ്യ സൈന്യത്തെ സഹായിക്കും.

ഒക്ടോബർ 16

- കേരളത്തിലെ സർക്കാർ ഓഫീസുകളിൽ കെട്ടിക്കിടക്കുന്ന ഫയലുകൾ വേഗത്തിൽ തീർപ്പാക്കുന്നതിനായി സംസ്ഥാന സർക്കാർ 'ജനസ്പർശം' എന്ന പേരിൽ സമഗ്ര ഫയൽ അദാലത്ത് പ്രഖ്യാപിച്ചു. 2026 ഒക്ടോബർ 15 മുതൽ ഡിസംബർ 31 വരെയുള്ള കാലയളവിലാണ് ഈ തീവ്രയജ്ഞം നടപ്പിലാക്കുന്നത്. സർക്കാർ ഓഫീസുകളിലെ ലക്ഷക്കണക്കിന് ഫയലുകൾ അടിയന്തരമായി തീർപ്പാക്കാനും ഫയൽ നീക്കത്തിലെ കാലതാമസം ഒഴിവാക്കാനും ഇതിലൂടെ ലക്ഷ്യമിടുന്നു. ഇതിന്റെ പുരോഗതി പൊതുജനങ്ങൾക്ക് നേരിട്ട് മനസ്സിലാക്കാൻ പ്രത്യേക പോർട്ടലും ഡാഷ്ബോർഡ് സംവിധാനവും സർക്കാർ ഒരുക്കുന്നുണ്ട്.

ഒക്ടോബർ 17

- ഇലക്ട്രിക് കാർ വിപണിയിൽ വീണ്ടും ശ്രദ്ധാകേന്ദ്രമായി ടെസ്ല. റോഡിലൂടെ പായുന്നതിനൊപ്പം വായുവിൽ ഉയർന്നുപൊങ്ങാനും സ്റ്റണ്ടുകൾ നടത്താനും കഴിയുമെന്ന് അവകാശപ്പെടുന്ന രണ്ടാം തലമുറ റോഡ്സ്റ്റർ സ്പോർട്സ് കാറാണ് കമ്പനി അവതരിപ്പിച്ചത്. എലോൺ മസ്കിന്റെ നേതൃത്വത്തിലുള്ള ടെസ്ലയുടെ പുതിയ വാഹനത്തിന്റെ പ്രദർശനം ടെക്സാസിലെ സ്പേസ് എക്സ് റോക്കറ്റ് പരീക്ഷണ കേന്ദ്രത്തിലാണ് നടന്നത്. പുക, ലേസർ വെളിച്ചം, സാഹസിക സ്റ്റണ്ടുകൾ എന്നിവ നിറഞ്ഞ പരിപാടിയുടെ ദൃശ്യങ്ങൾ സമൂഹമാധ്യമങ്ങളിലും ശ്രദ്ധ നേടി.

ഒക്ടോബർ 18

- ജപ്പാനിലെ ഐചി-നഗോയയിൽ അഞ്ചാമത് ഏഷ്യൻ പാരാ ഗെയിംസിന് പ്രൗഢോജ്ജ്വല തുടക്കം. ഒക്ടോബർ 18-ന് ആരംഭിച്ച ഈ കായിക മാമാങ്കത്തിൽ ഏഷ്യയിലെ വിവിധ രാജ്യങ്ങളിൽ നിന്നുള്ള ആയിരക്കണക്കിന് ഭിന്നശേഷി കായികതാരങ്ങളാണ് മാറ്റുരയ്ക്കുന്നത്. മുൻവർഷങ്ങളിലെ മികച്ച പ്രകടനം ആവർത്തിക്കാനും കൂടുതൽ മെഡലുകൾ സ്വന്തമാക്കാനും ലക്ഷ്യമിട്ട് വൻ സന്നാഹത്തോടെയാണ് ഇന്ത്യൻ സംഘവും ടൂർണമെന്റിനായി എത്തിയിരിക്കുന്നത്.

ഒക്ടോബർ 19

- ഇന്ത്യ-ഓസ്ട്രേലിയ സംയുക്ത സൈനികാഭ്യാസമായ 'ഓസ്ട്രാഹിൻഡ് 2026' -ന്റെ അഞ്ചാം പതിപ്പിന്റെ ഉദ്ഘാടന ചടങ്ങ് (Opening Ceremony) ഒക്ടോബർ 19-ന് തിരുവനന്തപുരം ഫോറിൻ ട്രെയിനിങ് നോഡിൽ പ്രൗഢഗംഭീരമായി നടന്നു. ഇരു രാജ്യങ്ങളിലെയും സൈനികരുടെ സംയുക്ത പരേഡോടെയും മിലിട്ടറി പാച്ചുകൾ കൈമാറിക്കൊണ്ടുമുള്ള ഔദ്യോഗിക പ്രതിരോധ ചടങ്ങുകളോടെയുമാണ് രണ്ടാഴ്ച നീണ്ടുനിന്ന ഈ പരിശീലനത്തിന് തുടക്കമിട്ടത്. ഇൻഡോ-പസഫിക് മേഖലയിലെ സമാധാനവും സുരക്ഷയും മുൻനിർത്തി, ദ്വീപുകളിലും തീരപ്രദേശങ്ങളിലും നേരിടേണ്ടി വരുന്ന ഉപ-പരമ്പരാഗത സൈനിക വെല്ലുവിളികളെ സംയുക്തമായി പ്രതിരോധിക്കുക എന്നതായിരുന്നു ഈ വർഷത്തെ പ്രധാന തീം.

ഒക്ടോബർ 20

- ജപ്പാനിൽ നടന്ന ഏഷ്യൻ പാരാ ഗെയിംസിൽ ഇന്ത്യയ്ക്ക് അഭിമാന നേട്ടം സമ്മാനിച്ച് മോന അഗർവാൾ സ്വർണം നേടി. വനിതകളുടെ 10 മീറ്റർ എയർ റൈഫിൾ (SH1) ഇനത്തിലാണ് തകർപ്പൻ പ്രകടനത്തോടെ താരം സ്വർണമെഡൽ സ്വന്തമാക്കിയത്.

ഒക്ടോബർ 21

- ജപ്പാനിലെ ഐചി–നഗോയയിൽ നടക്കുന്ന 2026 ഏഷ്യൻ പാരാ ഗെയിംസിൽ വനിതകളുടെ 400 മീറ്റർ x 20 വിഭാഗത്തിൽ 56.36 സെക്കൻഡ് സമയത്തോടെ സ്വർണവും പുതിയ ഗെയിംസ് റെക്കോർഡും നേടി ഇന്ത്യൻ പാരാ അത്ലറ്റ് ദീപ്തി ജീവൻജി രാജ്യത്തിന് അഭിമാന നേട്ടം സമ്മാനിച്ചു. അന്താരാഷ്ട്ര തലത്തിൽ പാരാ അത്ലറ്റിക്സ് രംഗത്ത് ഇന്ത്യയുടെ കരുത്ത് വിളിച്ചോതുന്ന ഈ സുവർണ്ണ പ്രകടനത്തിലൂടെ, ദീപ്തി തന്റെ കരിയറിലെ മറ്റൊരു ചരിത്ര നാഴികക്കല്ല് കൂടി പിന്നിട്ടിരിക്കുകയാണ്.

ഒക്ടോബർ 22

- ഏഷ്യൻ പാര ഗെയിംസിൽ വീൽചെയർ ബാഡ്മിന്റണിൽ ചരിത്രമെഡൽ നേടി മലയാളി താരം ആൽഫിയ ജെയിംസ്. വീൽചെയർ ബാഡ്മിന്റൺ ഡബിൾസിൽ ആൽഫിയ ജെയിംസും പല്ലവി കലുഷെഹല്ലിയും അടങ്ങിയ സഖ്യം വെങ്കലം നേടിയാണ് ചരിത്രനേട്ടം സ്വന്തമാക്കിയത്. ഇന്ത്യൻ വീൽചെയർ ബാഡ്മിന്റണിന്റെ ചരിത്രത്തിൽ തന്നെ ആദ്യമായി ലഭിക്കുന്ന മെഡലാണിത്. ആൽഫിയ ജെയിംസ്- പല്ലവി സഖ്യം സെമിയിൽ ചൈനീസ് സഖ്യമായ ക്സു ടിങ്റ്റിങ് - യാങ് ഫാൻ സഖ്യത്തോട് പരാജയപ്പെട്ടെങ്കിലും,(3-21, 9-21) സെമിയിലെത്തിയതോടെ തന്നെ ഇന്ത്യ വെങ്കല മെഡൽ ഉറപ്പിച്ചിരുന്നു.

ഒക്ടോബർ 23

- കേരള ഗവർണറായി സത്യപ്രതിജ്ഞ ചെയ്ത് ചുമതലയേറ്റ് ഓം പ്രകാശ് മാഥൂർ. ഹൈക്കോടതി ചീഫ് ജസ്റ്റീസ് സത്യവാചകം ചൊല്ലിക്കൊടുത്തു. രാജ്ഭവനിൽ നടന്ന ചടങ്ങിൽ കേരള ഹൈക്കോടതി ചീഫ് ജസ്റ്റിസ് സൗമെൻ സെൻ ആണ് ഗവർണറായി എത്തിയത്. സിക്കിം ഗവർണറായിരിക്കെയാണ് മാഥൂർ കേരള ഗവർണറായി നിയമിതനാകുന്നത്. മുഖ്യമന്ത്രി വിഡി സതീശൻ, സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ, മന്ത്രിമാർ ജനപ്രതിനിധികൾ എന്നിവരെല്ലാം സത്യപ്രതിജ്ഞ ചടങ്ങിനെത്തി.

ഒക്ടോബർ 24

- പ്രശസ്ത ഭൗതികശാസ്ത്രജ്ഞൻ അശോക് സെന്നിന് സൈദ്ധാന്തിക ഭൗതികശാസ്ത്രത്തിലെ ഏറ്റവും ഉയർന്ന ബഹുമതികളിലൊന്നായ ഓസ്കാർ ക്ലീൻ മെഡൽ ലഭിച്ചതായി സെൻ പ്രൊഫസറായി സേവനമനുഷ്ഠിക്കുന്ന ബെംഗളൂരു ആസ്ഥാനമായുള്ള ഇന്റർനാഷണൽ സെന്റർ ഫോർ തിയറിറ്റിക്കൽ സയൻസസ് (ഐസിടിഎസ്) പ്രഖ്യാപിച്ചു. ശാസ്ത്രജ്ഞനായ സെൻ, 1988 മുതൽ എല്ലാ വർഷവും സ്റ്റോക്ക്ഹോം സർവകലാശാലയും റോയൽ സ്വീഡിഷ് അക്കാദമി ഓഫ് സയൻസസിന്റെ ഭൗതികശാസ്ത്രത്തിനുള്ള നൊബേൽ കമ്മിറ്റിയും നൽകുന്ന ഈ മെഡൽ നേടുന്ന ആദ്യ ഇന്ത്യക്കാരനാണ്.

ഒക്ടോബർ 25

- ഏഷ്യൻ പാരാ ഗെയിംസിൽ റെക്കോർഡ് മെഡൽ തിളക്കവുമായി ഇന്ത്യക്ക് ചരിത്ര മുന്നേറ്റം. ജപ്പാനിലെ ഐചി –നഗോയയിൽ ഒക്ടോബർ 24-ന് സമാപിച്ച കായികമാമാങ്കത്തിൽ 30 സ്വർണവും 35 വെള്ളിയും 49 വെങ്കലവും ഉൾപ്പെടെ ആകെ 114 മെഡലുകൾ വാരിക്കൂട്ടിയാണ് ഇന്ത്യ നാലാം സ്ഥാനം സ്വന്തമാക്കിയത്. ഏഷ്യൻ പാരാ ഗെയിംസിന്റെ ചരിത്രത്തിൽ ഇന്ത്യയുടെ ഏറ്റവും മികച്ച പ്രകടനമാണിത്. ഹങ്ഷൗവിൽ നടന്ന തൊട്ടുമുൻപത്തെ ഗെയിംസിൽ നേടിയ 108 മെഡലുകളുടെ റെക്കോർഡാണ് ഇതോടെ തിരുത്തിക്കുറിക്കപ്പെട്ടത്.

ഒക്ടോബർ 26

- 2026 ഒക്ടോബർ 26-ന് ജപ്പാനിലെ ഐച്ചി-നഗോയയിൽ നടന്ന ഏഷ്യൻ പാരാ ഗെയിംസിൽ പുരുഷന്മാരുടെ 100 മീറ്റർ (t47) ഓട്ടമത്സരത്തിൽ മലയാളി താരം മുഹമ്മദ് ബാസിൽ വെള്ളി മെഡൽ നേടി രാജ്യത്തിന്റെ അഭിമാനമായി. 10.72 സെക്കൻഡിൽ ഫിനിഷ് ചെയ്ത് പുതിയ ഏഷ്യൻ പാരാ ഗെയിംസ് റെക്കോർഡോടെയാണ് താരം ഈ ചരിത്രനേട്ടം സ്വന്തമാക്കിയത്. ഇതേ ഇനത്തിൽ 10.69 സെക്കൻഡിൽ ഓടിയെത്തിയ ഇന്ത്യയുടെ തന്നെ ദിലീപ് ഗവിത് സ്വർണവും കരസ്ഥമാക്കി.

ഒക്ടോബർ 27

- 2027-ലെ 99-ാമത് ഓസ്കർ പുരസ്കാരത്തിന്റെ മികച്ച അന്താരാഷ്ട്ര ഫീച്ചർ ഫിലിം വിഭാഗത്തിലേക്കുള്ള ഇന്ത്യയുടെ ഔദ്യോഗിക എൻട്രിയായി മറാഠി ചിത്രമായ 'ഗൊന്ധൽ' (Gondhal) തിരഞ്ഞെടുക്കപ്പെട്ടതായി 2026 ഒക്ടോബർ 26-ന് ഫിലിം ഫെഡറേഷൻ ഓഫ് ഇന്ത്യ (എഫ്എഫ്ഐ) പ്രഖ്യാപിച്ചു. 56-ാമത് ഗോവൻ ചലച്ചിത്രമേളയിൽ (IFFI) മികച്ച സംവിധായകനുള്ള 'സിൽവർ പീകോക്ക്' പുരസ്കാരം സന്തോഷ് ദവാഖറിന് നേടിക്കൊടുത്ത ഈ ത്രില്ലർ ചിത്രത്തിന് സംഗീതം പകർന്നിരിക്കുന്നത് പ്രശസ്ത സംഗീതജ്ഞൻ ഇളയരാജയാണ്.

ഒക്ടോബർ 28

- ലഡാക്കിനെ ഇന്ത്യയിലെ ആദ്യത്തെ സമ്പൂർണ്ണ ജൈവ കേന്ദ്രഭരണ പ്രദേശമായി (100% Organic UT) ഔദ്യോഗികമായി പ്രഖ്യാപിച്ചു. ലഡാക്കിന്റെ തലസ്ഥാനമായ ലേയിൽ വെച്ച് നടന്ന ചടങ്ങിൽ ലെഫ്റ്റനന്റ് ഗവർണർ വിനയ് കുമാർ സക്സേനയാണ് ഈ ചരിത്രപരമായ പ്രഖ്യാപനം നടത്തിയത്. ഹിമാലയൻ പരിസ്ഥിതി വ്യവസ്ഥയുടെ സംരക്ഷണവും കർഷകരുടെ സുസ്ഥിര വികസനവും ലക്ഷ്യമിട്ട്, ലേ, കാർഗിൽ മേഖലകളിലെ രാസവളങ്ങളുടെയും കൃത്രിമ കീടനാശിനികളുടെയും സംഭരണവും ഉപയോഗവും കഴിഞ്ഞ ജൂലൈയിൽ ഭരണകൂടം പൂർണ്ണമായി നിരോധിച്ചിരുന്നു.

ഒക്ടോബർ 29

- ഫുട്ബോൾ സൂപ്പർ താരം ഏർലിങ് ഹാളണ്ടിനൊപ്പം ഇൻസ്റ്റഗ്രാമിന്റെ ആഗോള 'റിങ്സ്' പുരസ്കാരം (Instagram Rings Award) സ്വന്തമാക്കി മലപ്പുറം അരീക്കോട് സ്വദേശിയായ ഫ്രീസ്റ്റൈൽ ഫുട്ബോളർ മുഹമ്മദ് റിസ്വാൻ ചരിത്രനേട്ടം കുറിച്ചു. ഉള്ളടക്കത്തിന്റെ ക്രിയേറ്റിവിറ്റിയും ഒറിജിനാലിറ്റിയും പരിഗണിച്ചു ലോകമെമ്പാടുമുള്ള 25 മികച്ച ക്രിയേറ്റർമാർക്ക് നൽകിയ ഈ പുരസ്കാരത്തിന് ഇന്ത്യയിൽ നിന്ന് റിസ്വാനും ഫാഷൻ ക്രിയേറ്റർ ഭാവിത മന്ദാവയും മാത്രമാണ് അർഹരായത്. മുൻപ് റിസ്വാൻ മലപ്പുറത്തെ കേരളാംകുണ്ട് വെള്ളച്ചാട്ട പശ്ചാത്തലത്തിൽ ചെയ്ത ഫ്രീസ്റ്റൈൽ റീൽ വീഡിയോ 60 കോടിയിലധികം ആളുകൾ കണ്ട് വൈറലായതാണ് ഈ അന്താരാഷ്ട്ര ബഹുമതിയിലേക്ക് വഴിതുറന്നത്; പുരസ്കാര ജേതാക്കൾക്ക് കസ്റ്റം ഡിസൈൻ ചെയ്ത യഥാർത്ഥ സ്വർണ്ണമോതിരമാണ് സമ്മാനമായി ലഭിക്കുന്നത്.

ഒക്ടോബർ 30

- ഗുരുവായൂർ ദേവസ്വം ഏർപ്പെടുത്തിയ പ്രശസ്തമായ ശ്രീ ഗുരുവായൂരപ്പൻ ചെമ്പൈ പുരസ്കാരത്തിന് (2026) മുതിർന്ന മൃദംഗ വിദ്വാനും പത്മശ്രീ ജേതാവുമായ ഡോ. ടി.കെ. മൂർത്തി അർഹനായി. കർണാടക സംഗീത ശാഖയ്ക്ക് കഴിഞ്ഞ ഒൻപത് പതിറ്റാണ്ടുകളായി നൽകിയ സമാനതകളില്ലാത്ത സമഗ്ര സംഭാവനകൾ പരിഗണിച്ചാണ് 103 വയസ്സുകാരനായ ഇദ്ദേഹത്തെ ഈ ആദരവിനായി തിരഞ്ഞെടുത്തത്.

ഒക്ടോബർ 31

- സംസ്ഥാന സ്കൂൾ കായികമേളയിൽ ആധിപത്യം ഉറപ്പിച്ച് തിരുവനന്തപുരം ജില്ല ഓവറോൾ ചാമ്പ്യന്മാരായി. മിന്നുന്ന പ്രകടനം കാഴ്ച വെച്ച തിരുവനന്തപുരം 2012 പോയിന്റോടെയാണ് അഭിമാനകരമായ ഓവറോൾ കിരീടം സ്വന്തമാക്കിയത്. അതേസമയം, അത്ലറ്റിക്സിൽ മലപ്പുറം ജില്ലയ്ക്ക് തുടർച്ചയായ മൂന്നാം വർഷവും ഹാട്രിക് കിരീടം നേടാനായി. അടുത്ത വർഷത്തെ സംസ്ഥാന സ്കൂൾ കായികമേള കൊല്ലത്ത് വെച്ച് നടത്തുമെന്ന് പുരസ്കാര വിതരണ വേളയിൽ പൊതുവിദ്യാഭ്യാസ മന്ത്രി ഔദ്യോഗികമായി പ്രഖ്യാപിച്ചു.

പ്രാചീന കാവ്യസാഹിത്യത്തിന് സംരക്ഷണമേകി അക്ഷരശ്ലോക സദസ്സുകൾ

തിരുവനന്തപുരം: ഒരു കാലത്ത് പ്രചുരപ്രചാരത്തിലുണ്ടായിരുന്നതും ആധുനിക കാലത്ത് ശോഷിച്ചുപോയതുമായ അക്ഷരശ്ലോകസദസ്സുകൾ ഭാരത് സേവക് സമാജിന്റെയും കണ്ണമ്മൂല അക്ഷരശ്ലോക സമിതിയുടെയും സംയുക്താഭിമുഖ്യത്തിൽ പുനർജ്ജനിക്കുന്നു.

വിനോദത്തിനൊപ്പം വിജ്ഞാനം വിളമ്പുന്നതും അറിവ് വർദ്ധിപ്പിക്കുവാൻ പ്രചോദനമേകുന്നതുമായ അക്ഷരശ്ലോക സദസ്സുകൾ മുൻകാലങ്ങളിൽ വളരെ പ്രാധാന്യത്തോടെ സംഘടിപ്പിക്കപ്പെട്ടിരുന്നു. എന്നാൽ ഈ പ്രാചീന കാവ്യ-സാംസ്കാരിക-സാഹിത്യ വിനോദത്തിന്റെ പ്രചാരം ഇന്ന് തുലോം കുറഞ്ഞുവരികയാണ്.

ഒരു ശ്ലോകം ഒരാൾ ചൊല്ലിക്കഴിഞ്ഞാൽ അതിന്റെ മ

'ഭാരത് സേവക്' ബഹുമതി നൽകി ആദരിച്ചു

'ഭാരത് സേവക്' ബഹുമതികൾ ബി.എസ്. ബാലചന്ദ്രൻ സമ്മാനിക്കുന്നു

തിരുവനന്തപുരം: സമൂഹത്തിന്റെ വിവിധ മേഖലകളിൽ മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുകയും അതുവഴി സമൂഹത്തിനും നാടിനും രാജ്യത്തിനും മുതൽക്കൂട്ടാവുകയും ചെയ്ത വ്യക്തികളെ പ്രോത്സാഹിപ്പിക്കുകയും ആദരിക്കുകയും ചെയ്യുന്നതിനായി ഭാരത് സേവക് സമാജ് ഏർപ്പെടുത്തിയിട്ടുള്ള "ഭാരത് സേവക് ബഹുമതികൾ" സമ്മാനിച്ചു. ബി.എസ്.എസ് ആസ്ഥാനമായ തിരുവനന്തപുരം കവടിയാർ സദ്ഭാവനാ ഭവൻ ആഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ ബി.എസ്.എസ് ദേശീയാദ്ധ്യക്ഷൻ ബി.എസ്. ബാലചന്ദ്രനാണ് പുരസ്കാരദാന കർമ്മം നിർവ്വഹിച്ചത്.



ഗുരുകുലം ബാബു



എ.രാമചന്ദ്രൻ



അനന്തു കൃഷ്ണ എം

ഗുരുകുലം ബാബു

കോഴിക്കോട് കുതിരവട്ടം സ്വദേശി. ചിത്രകാരൻ , ശിൽപി , ചുമർ ചിത്രകാരൻ. വൈത്തിരി ഗവൺമെന്റ് ഹൈസ്കൂളിൽ ചിത്രകല അധ്യാപകനായി തുടക്കം. ഇയ്യാട് -യുപി സ്കൂളിൽ നിന്ന് 33 വർഷത്തെ സേവനത്തിനു ശേഷം സർവീസിൽ നിന്ന് വിരമിച്ചു. ആദ്യ ശില്പം സ്വന്തം വിദ്യാലയത്തിൽ സ്ഥാപിച്ച അമ്മയും കുഞ്ഞും. തുടർന്ന് വൈക്കം മുഹമ്മദ് ബഷീറിന്റെ പോട്രയിറ്റ് ശിൽപം, മഹാത്മാ ഗാന്ധി, ജവഹർ ലാൽ നെഹറു, ഇ.എം.എസ് തുടങ്ങിയവർ ഉൾപ്പെടെ 20 ദേശീയ നേതാക്കളുടെ ശിപ്പം ഉൾപ്പെടെ കെരളത്തിന്റെ വിവിധഭാഗങ്ങളിലായി നുറിലധികം ശില്പങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. ചുമർ ശിൽപ്പങ്ങൾ, വാൾ ശില്പങ്ങൾ തുടങ്ങി വിവിധ സ്ഥലങ്ങളിലായി നൂറുലധികം ക്രിയേറ്റീവ് ശിൽപ്പങ്ങളും നിർമിച്ചിട്ടുണ്ട്. മണൽ ശിൽപ്പങ്ങളായി കോഴിക്കോട് ബിച്ചിൽ ഏറ്റവും ചുരുങ്ങിയ സമയം കൊണ്ട് ഏറ്റവും വലിയ മണൽ ശിൽപ്പം നിർമ്മിച്ച് ടാലന്റെ ബുക്ക് ഓഫ് റെക്കാർഡിൽ ഇടം പിടിച്ചു. ഫോർട്ട്കൊച്ചിയിൽ അഞ്ഞൂറിലധികം ചിത്രകാരന്മാരെ സംഘടിപ്പിച്ച ഈസിൽ ചിത്ര പ്രദർശനം നടത്തി UR F എഷ്യൻ റെക്കാർഡും, മലയാള സംസ്കൃതി പുരസ്കാരം പ്രവാസി ചേംബർ ഓഫ് ഇന്ത്യ കേരളീയം 2019 പുരസ്കാരം, രാജ രാജ രവിവർമ്മ ഫൈനാൻസ് സൊസൈറ്റി തൃശ്ശൂർ നൽകുന്ന രവിവർമ്മ പുരസ്കാരം, ശ്രീകൃഷ്ണാമൃതപുരസ്കാരം, National Celebrity Teacher Golden pen Award തുടങ്ങി നിരവധി പുരസ്ക്കാരങ്ങൾ നേടിയിടുണ്ട്, സ്വന്തം സ്ഥാപനമായ കോഴിക്കോട് ഗുരുകുലം ആർട്ട് ഗാലറി വർഷങ്ങളായി പ്രവർത്തിക്കുന്നു. പിതാവിൽ നിന്ന് കിട്ടിയ കൃഷി പരമ്പര്യം കൊണ്ട് പച്ചകറി, വാഴ, കപ്പ മുതലായ കൃഷി ചെയ്ത് വിദ്യാലയങ്ങൾ, അനാഥാലയങ്ങൾ, വീടുകൾ എന്നിവിടങ്ങളിൽ സൗജന്യമായി വിതരണം ചെയ്യുന്നു.

എ.രാമചന്ദ്രൻ

പത്തനംതിട്ട സ്വദേശി. 50 വർഷത്തെ കലാജീവിതം - നാടക അഭിനയം, നാടക സംവിധാനം, ചിത്രരചന, സിനി മേക്കപ്പ് ആർട്ടിസ്റ്റ്, സാമൂഹിക പ്രവർത്തനം, ചിത്രകലാ അദ്ധ്യാപനം (വർക്കല കാപ്പിൽ ഗവ: ഹൈസ്കൂൾ), മേക്കപ്പ് അദ്ധ്യാപകൻ എന്നീ മേഖലകളിൽ പ്രവർത്തിക്കുന്നു. കേരളത്തിലെ വിവിധ സ്കൂളുകളിൽ പുരാവസ്തു എക്സിബിഷൻ നടത്തിയിട്ടുണ്ട്. മദ്യത്തിനെതിരെയുള്ള ബോധവൽക്കരണ ക്ലാസ്സുകൾ നയിക്കുന്നു. ഗാന്ധിജയന്തിദിനാഘോഷത്തിൽ ഗാന്ധിജിയുടെ 100 രാജ്യങ്ങളിലെ സ്റ്റാമ്പുകളും. ഗാന്ധിജിയുടെ പത്രമായ "യംഗ് ഇന്ത്യ'യും പ്രദർശിപ്പിച്ചു. പ്രണവം കലാസാഹിത്യവേദിയിലെ കുട്ടികളുടെ കൂട്ടായ്മയിൽ ചിത്രരചനാക്ലാസ്സുകൾ നയിക്കുന്നു. നിരവധി അമചർ നാടകങ്ങൾ സംവിധാനം ചെയ്തിട്ടുണ്ട്. കുട്ടികൾക്ക് നാടകപരിശീലനം കൊടുക്കുന്ന നാടക കളരികൾക്ക് നേതൃത്വം കൊടുത്തുവരുന്നു. ആരതി തിയേറ്റേഴ്സ്, അടൂർ എന്ന പേരിൽ സ്വന്തമായി പ്രൊഫഷണൽ നാടകസമിതി സ്ഥാപിച്ചിട്ടുണ്ട്. നിരവധി സാമൂഹ്യ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്തിട്ടുണ്ട്. പ്രണവം കലാസാഹിത്യ വേദിയുടെ ജനറൽ സെക്രട്ടറി, ഫിലാറ്റിലി ന്യൂമിസ്മാറ്റിക് ആൻഡ് ആന്റിക്യു സംഘടനയുടെ പത്തനംതിട്ട ജില്ലയുടെ മുൻ പ്രസിഡന്റ് മണലിക്കൽ മൂർത്തികാവ് സംഘടനയുടെ പ്രസിഡന്റ്, കൊടുമൺ പരാഗ നാട്യകലാക്ഷേത്രത്തിന്റെ രക്ഷാധികാരി, എ.ആർ. ആർട്സ് ആനന്ദപ്പള്ളിയുടെ മാനേജർ, നന്മ കലാസംഘടനയുടെ പത്തനംതിട്ട ജില്ലാ കമ്മിറ്റിയംഗം. ഡോ. അംബേദ്കർ സാംസ്കാരികസമിതി പത്തനംതിട്ട ജില്ലാ പ്രസിഡന്റ് പന്തിരുകുല സനാതനധർമ്മ പരിപാലനസംഘം പത്തനംതിട്ട ജില്ലാ കൺവീനർ സാംബവ മഹാസഭ മുൻ രജിസ്ട്രാർ ഇ.വി. സ്മാരക സാംസ്കാരിക സാഹിത്യ സമിതി അടൂർ കമ്മിറ്റി മെമ്പർ എന്നീ നിലകളിൽ പ്രവർത്തിക്കുന്നു.

അനന്തു കൃഷ്ണ എം

കാസർഗോഡ് ചിറക്കുണ്ട് സ്വദേശി. തെയ്യം കോലധാരി, ചെണ്ട കലാകാരൻ, കലാ-സാംസ്കാരിക പ്രവർത്തകൻ. ഏഴാം വയസ്സിൽ അടിവേടൻ തെയ്യം കെട്ടിയാടിയാണ് തന്റെ കലാജീവിതത്തിന് തുടക്കം കുറിച്ചത്. പിന്നീട് പതിനഞ്ചാം വയസ്സിൽ വിഷ്ണുമൂർത്തി തെയ്യം കെട്ടിയാടി. ബാല്യത്തിൽ തന്നെ ലഭിച്ച ഈ അനുഭവങ്ങൾ കലാജീവിതത്തിന് ശക്തമായ അടിത്തറയായി. തുടർന്ന് വിവിധ കാവുകളിലും ക്ഷേത്രങ്ങളിലും തറവാടുകളിലും മടയിൽ ചാമുണ്ഡി, രക്ത ചാമുണ്ഡി, പൊട്ടൻ ദൈവം, കാരഗുളികൻ, ഒറ്റക്കോലം (തീച്ചാമുണ്ഡി), ഭൈരവൻ, കുട്ടിശാസ്തൻ, മൂവാളംകുഴി ചാമുണ്ഡി, കുറത്തി, കരിംകൂട്ടിശാസ്തപ്പൻ, രക്തേശ്വരി തുടങ്ങി നിരവധി തെയ്യങ്ങൾ കെട്ടിയാടിട്ടുണ്ട്. പതിനാറാം വയസ്സിൽ ഒറ്റക്കോലം (തീച്ചാമുണ്ഡി) കെട്ടിയാടി പട്ടും വളയും വാങ്ങി പണിക്കർ എന്ന ആചാരപദവി സ്വീകരിച്ചു. തെയ്യത്തിന്റെ അനുഷ്ഠാനപരമായ വിശുദ്ധിയും പാരമ്പര്യവും കാത്തുസൂക്ഷിക്കുന്നതിനൊപ്പം, അതിന്റെ കലാപരമായ സവിശേഷതകൾ പുതിയ തലമുറയിലേക്ക് എത്തിക്കുന്നതിലും ശ്രദ്ധ പുലർത്തുന്നു. തെയ്യത്തോടൊപ്പം തന്നെ ചെണ്ട വാദനത്തിലും വിവിധ കലാരംഗങ്ങളിലും കഴിവ് തെളിയിച്ചിട്ടുണ്ട്. സ്കൂൾ പഠനകാലം മുതൽ തന്നെ ചെണ്ടമേളത്തിൽ സജീവമായി പങ്കെടുത്തു. കണ്ണൂർ സർവകലാശാല കലോത്സവത്തിൽ ചാക്യാർകൂത്തിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കിയിട്ടുണ്ട്. ചാക്യാർകൂത്തിൽ സർവകലാശാലാ തലത്തിൽ മികച്ച പ്രകടനം കാഴ്ചവെച്ചു. നാടൻപാട്ട്, ഗാനമേള, അവതരണം (Anchoring) തുടങ്ങിയ കലാ-സാംസ്കാരിക വേദികളിലും സജീവ സാന്നിധ്യമാണ്.



ഇ.പി. ജോൺസൺ



എ.എൻ. പുരം ശിവകുമാർ



ഡോ. മിനി ജലധരൻ

ഇ.പി. ജോൺസൺ

കൊല്ലം ശൂരനാട് സ്വദേശി. സാമൂഹിക പ്രവർത്തകൻ. ഇന്ത്യൻ അസോസിയേഷൻ ഷാർജയുടെ (ഐഎഎസ്) ആദ്യകാലം മുതലുള്ള സജീവപ്രവർത്തനത്തിൽ 2018 മുതൽ 2021 വരെ ഇന്ത്യൻ അസോസിയേഷൻ ഷാർജയുടെ പ്രസിഡന്റായും സേവനം അനുഷ്ഠിച്ചു. പ്രവാസികളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി ഇന്ത്യൻ കോൺസുലേറ്റ് കേരള സർക്കാർ-കേന്ദ്ര മന്ത്രാലയങ്ങൾ എന്നിവയുമായി സഹകരിച്ചുപ്രവർത്തിച്ചു. ജയിലുകൾ, ആശുപത്രികൾ, തൊഴിലാളി ക്യാമ്പുകൾ തുടങ്ങിയ ഇടങ്ങളിൽ സാമ്പത്തിക സഹായം വൈദ്യ സഹായം എന്നിവ ആവശ്യമുള്ള ഇന്ത്യാക്കാർക്ക് അവ എത്തിക്കുന്നതിനായും പ്രവർത്തിച്ചു. ശൂരനാട് പ്രവാസി അസോസിയേഷനിലൂടെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ചെലവുകൾ ഏറ്റെടുത്തു. ഗൾഫ് പ്രവാസികളുടെ വിവിധ വിഷയങ്ങളിൽ ഇടപെട്ടുകൊണ്ട് പുനരധിവാസം തുടങ്ങിയ വിഷയങ്ങളിൽ ഇടപെട്ട് പ്രവർത്തിക്കുന്നു. കേരള വിദ്യാർത്ഥി യൂണിയനിലൂടെ യുഎഇയിലെ കോഴ്സ് അനുകൂലപ്രവർത്തനങ്ങളുടെ ശ്രദ്ധേയനായ സംഘാടകനായി മാറി. IMEAS Middle East Convenon ആയും സേവനം അനുഷ്ഠിച്ചു. നിർദ്ധന കുടുംബങ്ങൾക്കായി തിരുവനന്തപുരത്ത് 2.5 കോടി ചെലവിൽ ഒരു സമൂഹ ആസ്ഥാനം സ്ഥാപിക്കുന്നതിന് നേതൃത്വം നൽകി. കെ.പി.സി.സിയുടെ മൈനോറിറ്റിവിംഗിന്റെ എക്സിക്യൂട്ടീവ് അംഗമായും നിയമസഭാ തിരഞ്ഞെടുപ്പുകളിൽ മൈനോറിറ്റിവിംഗിന്റെ എഐസിസി നിരീക്ഷകനായും നിയമിതനായി. രാഷ്ട്രസേവന രത്ന പുരസ്ക്കാരം - ദുബായ്, ഷാർജാ പോലീസ് വകുപ്പുകളുടെയും അംഗീകാരം. പ്രവാസിഭാരത അവാർഡ് എന്നിവയും Alsem Business Groupes ഷാർജയുടെ ബ്രാന്റ് അംബാസിഡർ എന്ന പദവിയും ലഭിച്ചു.

എ.എൻ. പുരം ശിവകുമാർ

ആലപ്പുഴ എ.എൻ.പുരം സ്വദേശി. സ്ക്കൂൾ വിദ്യാഭ്യാസത്തിന് ശേഷം പൊതുപ്രവർത്തന രംഗത്ത് തുടക്കം കുറിച്ചു. ചെറുതും വലുതുമായ നൂറിലധികം സംഘടനകളിലും സമിതികളിലും ട്രേഡ് യൂണിയനുകൾ കലാ സാംസ്കാരിക-സാമുദായിക സേവന-വിദ്യാഭ്യാസ-ആരോഗ്യ-കാർഷിക-വ്യാപാരമേഖലകളിൽ പ്രവർത്തിച്ചു. എൻഎസ്എസ് കരയോഗം പ്രസിഡന്റായും ആലപ്പുഴ ജില്ലയിൽ സി.പി.എം ഏകോപനസമിതിയിൽ പ്രവർത്തിക്കുവാൻ അവസരം ലഭിച്ചു. ഭീമാ ബാലസാഹിത്യ അവാർഡ് കമ്മിറ്റി കൺവീനർ, ഇന്ത്യൻ റെഡ് ക്രോസ് സൊസൈറ്റി മുൻ ജില്ലാ ട്രഷറർ, ജില്ലാ അഗ്രിഹോർട്ടി കൾച്ചറൽ സൊസൈറ്റി വൈസ് ചെയർമാൻ സർക്കാർ മഹിളാമന്ദിരം ഭരണസമിതി അംഗം ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രി വികസന സൊസൈറ്റി അംഗം ജില്ലാതല ഏക്സൈസ് ജനകീയ കമ്മിറ്റി അംഗം സർക്കാർ ബാലഭവൻ ഭരണസമിതി അംഗം എന്നീ നിലകളിൽ പ്രവർത്തിച്ചു. ശ്രീ സത്യസായി ഓർഫനേജ് ട്രസ്റ്റിന്റെ ജില്ലയിലെ ഏറ്റവും വലിയ എൻജിഒ ആയ ഗാന്ധി സ്മാരക ഗ്രാമസേവാകേന്ദ്രം മമൈസെ ആലപ്പുഴ സെന്ററിന്റെ ചെയർമാനായി ഒരു പതിറ്റാണ്ട് പ്രവർത്തിച്ചു. ആലപ്പുഴ ബീച്ചിന്റെ ടൂറിസം ലഭ്യത ലോകത്ത് എത്തിക്കാൻ തുടക്കം കുറിച്ച് ബീച്ച് ഫെസ്റ്റ് വെല്ലിന്റെ സംഘാടക സമിതി നേതൃത്വാംഗം.

ഡോ. മിനി ജലധരൻ

കൊല്ലം സ്വദേശി. 1995 മുതൽ ആലപ്പുഴ, കോട്ടയം, തിരുവനന്തപുരം, മെഡിക്കൽ കോളേജുകളിൽ സേവനം അനുഷ്ഠിച്ചു. ആലപ്പുഴ മെഡിക്കൽ കോളേജിൽ മേധാവി ആയിരിക്കുന്ന സമയത്ത് സന്നദ്ധ രക്തദാനം പ്രോത്സാഹിപ്പിക്കാൻ ഗണ്യമായപ്രവർത്തനം നടത്തി. രക്തദാന ക്യാമ്പുകൾ, ബോധവൽക്കരണപരിപാടികൾ എന്നിവ തുടർച്ചയായി സംഘടിപ്പിക്കുകയും രക്തത്തിന്റെ ദൗർലഭ്യം ഇല്ലാതാക്കാൻ നടപടികൾ സ്വീകരിക്കുകയും ചെയ്തു. രക്ത ബാങ്കിനെ സംബന്ധിക്കുന്ന പുതിയ ശാഖയായ ട്രാൻസ്ഫ്യൂഷൻ മെഡിസിൻ പോസ്റ്റ് ഗ്രാഡുവേഷൻ തുടങ്ങിയപ്പോൾ ആദ്യകാല ബാച്ചിൽ എം. ഡി ട്രാൻസ്ഫ്യൂഷൻ മെഡിസിൻ കരസ്ഥമാക്കി. 2024 ആലപ്പുഴ മെഡിക്കൽ കോളേജിൽ ട്രാൻസ്ഫ്യൂഷൻ മെഡിസിൻ പ്രൊഫസറും മേധാവിയും ആയി സേവനം അനുഷ്ഠിക്കേ 37 കൊല്ലത്തെ സ്തുത്യർഹമായ മെഡിക്കൽ സേവനത്തിനു ശേഷം സർക്കാർ സർവീസിൽനിന്ന് വിരമിച്ചു. സാഹിത്യ ലോകത്ത് സജീവമാണ്. ആനുകാലികങ്ങളിൽ കഥകൾ, കവിതകൾ, ലേഖനങ്ങൾ എന്നിവ എഴുതുന്നു. സത്യജിത്ത് റേ ഗോൾഡൻ പെൻ ബുക്സ് ബെസ്റ്റ് ട്രാവലോഗ് അവാർഡ് കരസ്ഥമാക്കി. ഏറ്റവും നല്ല കഥാസമാഹാരത്തിനുള്ള ബഷീർ പുരസ്കാരം 2026 ലഭിച്ചു. ലേഖന സമാഹാരത്തിനുള്ള ഫ്രീഡംഫിഫ്റ്റിയുടെ പുരസ്കാരവും ലഭിച്ചു. കവിതാ സമാഹാരം, പ്രാദേശിക ചരിത്ര സമാഹാരം തുടങ്ങിയവയും രചിച്ചിട്ടുണ്ട്.



ജീന റഷീദ്



വിജയൻ മാമ്മൂട്



രാജേഷ്ബാബു ടി.വി

ജീന റഷീദ്

തിരുവനന്തപുരം പേട്ട സ്വദേശി.2020 മുതൽ ലൈഫ് കോച്ച് ആയി പ്രവർത്തിക്കുന്നു. കൗൺസലിംഗ്, ട്രെയിനിംഗ് മേഖലയിൽ പ്രവർത്തിച്ചു വരുന്നു. സാമൂഹിക പ്രവർത്തകയാണ്. മോട്ടിവേഷണൽ സ്പീക്കിംഗിലൂടെയും ജീവകാരുണ്യ പ്രവർത്തനങ്ങളിലൂടെയും ശ്രദ്ധേയയാണ്. പബ്ലിക് സ്പീക്കിംഗിൽ തനത് മുദ്ര പതിപ്പിച്ചിട്ടുണ്ട്. ജപ്പാനീസ്, കൊറിയൻ ടെക്നിക് തെറാപ്പികളിലൂടെ മനുഷ്യരെ ആരോഗ്യവും സന്തോഷപ്രദവുമായ ജീവിതത്തിലേക്ക് മടക്കി കൊണ്ടുവരുന്നു. Anchoring & Compering, റാമ്പ് വാക്കിംഗ്, മോഡലിംഗ് തുടങ്ങിയ രംഗത്തും പ്രവർത്തിക്കുന്നു. ഭരതനാട്യം നർത്തകിയും, അഭിനേത്രിയുമാണ്. നാടകം, ഷോർട്ട് ഫിലിം എന്നിവയിൽ അഭിനയിച്ചുവരുന്നു. ഡബ്ബിംഗ് മേഖലയിൽ 2006 മുതൽ സൗദി അറേബ്യയിലെ റിയാദിൽജീവൻ ടി.വി.യിൽ പ്രവർത്തിച്ചിരുന്നു. പരസ്യങ്ങൾ, ഡോക്യുമെന്ററി, നാരേഷൻ എന്നിവയിൽ പ്രാവീണ്യം, 2004 മുതൽ 2010 വരെ സൗദി അറേബ്യയിൽ ഇംഗ്ലീഷ് അധ്യാപിക ആയി സേവനമനുഷ്ഠിച്ചു. 2012 മുതൽ 2015 വരെ തിരുവനന്തപുരത്ത് ഒരു പ്രൈവറ്റ് സ്കൂളിൽ ഇംഗ്ലീഷ് അധ്യാപികയായിരുന്നു. 2015 മുതൽ 2025 വരെ കൊറിയർ ഫ്രാഞ്ചിസീ ബിസിനസ് നടത്തിയിരുന്നു. സമൂഹത്തിൽ ഇന്നർ എഞ്ചിനീയറിംഗ് ക്ലാസ്സുകൾ നൽകി സമൂഹത്തെ സന്തോഷം, സ്വാതന്ത്ര്യം, സമൃദ്ധി, ശാന്തത എന്നിവ പരിശീലിപ്പിച്ച് വിവേകത്തെ ശീലിപ്പിക്കാൻ വേണ്ടി പ്രവർത്തിച്ചുപോകുന്നു.

വിജയൻ മാമ്മൂട്

പത്തനംതിട്ട തട്ടയിൽ സ്വദേശി. കഴിഞ്ഞ 30 വർഷക്കാലമായി പൊതുപ്രവർത്തന രംഗത്ത് സജീവം. ജനാധിപത്യ ബോധവത്കരണ പരിപാടികൾക്ക് നേതൃത്വം കൊടുക്കുന്നു. ബുദ്ധിസ്റ്റ് മെഡിറ്റേഷൻ സെന്റർ സ്ഥാപിച്ചു. സംസ്ഥാന, ദേശീയ ന്യൂനപക്ഷ കമ്മീഷനുമുന്നിൽ ന്യൂനപക്ഷങ്ങൾ നേരിടുന്ന പ്രശ്നങ്ങളും അവയ്ക്കുള്ള പരിഹാരങ്ങളും നിർദ്ദേശിച്ചിട്ടുണ്ട്. നിരവധി നാടകങ്ങളിൽ അഭിനയിച്ചിട്ടുണ്ട്. പ്രൊഫഷണൽ സമിതികളിൽ പ്രവർത്തിച്ചിട്ടുണ്ട്. നാടകത്തിന്റെ മ്യൂസിക് എഡിറ്റിംഗ് നിർവ്വഹിച്ചിട്ടുണ്ട്. യുവജനങ്ങളെ സംഘടിപ്പിച്ചുകൊണ്ട് ഫ്രണ്ട്സ് ആർട്സ് & സ്പോർട്സ് ക്ലബ്ബ് എന്ന കലാകായിക സാംസ്കാരിക സംഘടനയ്ക്ക് രൂപം കൊടുത്തു. അതിന്റെ ഭാഗമായി ഒരു രക്തദാനഗ്രൂപ്പും രൂപീകരിച്ചു. സന്നദ്ധപ്രവർത്തനങ്ങൾക്കായി ഒരു സന്നദ്ധസേന രൂപീകരിച്ച്, സഞ്ചാരയോഗ്യമല്ലാത്ത വഴികൾ സഞ്ചാരയോഗ്യമാക്കുന്ന പ്രവർത്തനങ്ങൾ, ശുചീകരണ പ്രവർത്തനങ്ങൾ, രോഗികളെ ആശുപത്രിയിലെക്കുന്നതിനുള്ള പ്രവർത്തനങ്ങൾ, നിർധനർക്കായുള്ള ഭവനിർമ്മാണ പ്രവർത്തനങ്ങൾ, സൗജന്യ ട്യൂഷൻ പ്രവർത്തനങ്ങൾ, കലാ,കായിക, സാംസ്കാരിക മേഖലകളെ പ്രോത്സാഹിപ്പിക്കുന്ന പ്രവർത്തനങ്ങൾ തുടങ്ങിയവയ്ക്ക് നേതൃത്വം കൊടുത്തിട്ടുണ്ട്. ജനകീയാസൂത്രണ പദ്ധതികളുടെ കൺവീനറും ചെയർമാനുമായിരുന്നു. ചെന്നായ്ക്കുന്ന് കുടിവെള്ള പദ്ധതിക്ക് സ്വന്തം സ്ഥലം ദാനമായി നൽകി. നീണ്ട പത്ത് വർഷക്കാലം ഫ്രണ്ട്സ് ആർട്സ് & സ്പോർട്സ് ക്ലബ്ബിന്റെ പ്രസിഡന്റ്, സെക്രട്ടറി, ആന്റി കറപ്ഷൻ & ഹ്യൂമൻ റൈറ്റ്സ് പ്രൊട്ടക്ഷൻ കൗൺസിലിന്റെ പത്തനംതിട്ട ജില്ലാ സെക്രട്ടറി. കെ.ഡി.പി.യുടെ ജില്ലാ വൈസ് പ്രസിഡന്റ് എന്ന നിലകളിലും പ്രവർത്തിച്ചു. API (Ambadkar Party of India) യുടെ സംസ്ഥാന പ്രസിഡന്റ്, പ്രബുദ്ധഭാരത സംഘത്തിന്റെ സംസ്ഥാന സെക്രട്ടറി, കേരള ബൗദ്ധമഹാസഭയുടെ സംസ്ഥാന ജനറൽ സെക്രട്ടറി എന്നീ പദവികൾ വഹിക്കുന്നു.

രാജേഷ്ബാബു ടി.വി

കാസർഗോഡ് സ്വദേശി. എഴുത്തുകാരൻ. തീർത്തും പുതുമയുള്ള അവതരണത്താലും വ്യത്യസ്തമായ സൃഷ്ടിയായിരുന്നു ഓട്ടോ മൊബൈൽ സെയിൽസിലെ ഡീൽമേക്കർ എന്ന പുസ്തകം. ഓട്ടോ മൊബൈൽ സെയിൽസ് മേഖലയിലേക്ക് കടന്നു വരാൻ ആഗ്രഹിക്കുന്ന ഏതൊരാൾക്കും നാളിതുവരെയായി ഒരു റഫറൻസ് ഗ്രന്ഥം വിപണിയിൽ ലഭിക്കാനായില്ല അതുകൊണ്ട് തന്നെ രാജേഷ് ബാബു രചിച്ച 'ഓട്ടോ മൊബൈൽ സെയിൽസിലെ ഡീൽ മേക്കർ' എന്ന പുസ്തകം ശ്രദ്ധേയമാകുന്നു. ഓട്ടോ മൊബൈൽസ് മേഖലയിൽ നിന്നുള്ള ആദ്യത്തെ പുസ്തകം എന്നുള്ളതും ഈ പുസ്തകത്തിന്റെ പ്രത്യേകതയാണ്. ഈ പുസ്തകത്തിന് പ്രധാനപ്പെട്ട 14 ഓളം പുരസ്ക്കാരങ്ങൾ ലഭ്യമായിട്ടുണ്ട്. ഈ പുസ്തകം ടോപ്പ് സെല്ലർ പട്ടികയിലും ഇടംപിടിച്ചിട്ടുണ്ട്. ഈ പുസ്തകം ഇംഗ്ലീഷിലേയ്ക്ക് പരിഭാഷപ്പെടുത്തിയിട്ടുണ്ട്. ഒരു സെയിൽസ് എക്സിക്യൂട്ടീവ് ട്രെയിനിയായി തുടങ്ങി ജനറൽ മാനേജർ എന്നീ നിലകളിൽ പ്രവർത്തിച്ച് വൈസ് പ്രസിഡന്റ് എന്ന പദവിയിൽ എത്തി നിൽക്കുന്ന പ്രവർത്തനമണ്ഡലത്തിന് നിരവധി സംസ്ഥാന-ദേശീയ അന്തർദേശീയ തലത്തിലുള്ള പുരസ്ക്കാരങ്ങൾ നേടാൻ സാധിച്ചിട്ടുണ്ട്. 111 കാറുകളുടെ താക്കോൽ ദാനം ഒരു ദിവസം കൊണ്ട് ഉപഭോക്താക്കൾക്ക് നൽകികൊണ്ട് കാസർഗോഡ് ജില്ലയിൽ ഏറ്റവും വലിയ കാർ ഡെലിവറി പ്രോഗ്രാം ചെയ്തു.

'ഭാരത് സേവക്' ബഹുമതി നൽകി ആദരിച്ചു

'ഭാരത് സേവക്' ബഹുമതികൾ ബി.എസ്. ബാലചന്ദ്രൻ സമ്മാനിക്കുന്നു



വൈശാഖ്. എ



ഡോ. പ്രശാന്ത് .സി.ആർ



ഡോ: പി. സി. രതി തമ്പാട്ടി



രവികുമാർ വയ്യേറ്റ്

വൈശാഖ്. എ

ആലപ്പുഴ ചേർത്തല സ്വദേശി. 15 വർഷമായി എൻട്രൻസ് കോച്ചിംഗ് രംഗത്ത് പ്രവർത്തിച്ച് ആയിരക്കണക്കിന് വിദ്യാർത്ഥികൾക്ക് മാർഗനിർദേശം നൽകിയിട്ടുണ്ട്. വിദ്യാഭ്യാസരംഗത്തോടൊപ്പം സ്റ്റോക്ക് മാർക്കറ്റിംഗ് ആന്റ് ട്രെയിനിംഗ് മേഖലയിലും സജീവ താൽപ്പര്യമുണ്ട് സമശ്രീ ചാരിറ്റബിൾ സംഘടനയുമായി ചേർന്ന് വിവിധ ജീവകാരുണ്യ പ്രവർത്തനങ്ങളിലും സജീവമായി പങ്കാളിയാകുന്നു. വിദ്യാഭ്യാസ സഹായം ഉൾപ്പെടെ സമൂഹത്തിലെ അർഹരായവർക്ക് പിന്തുണ നൽകുന്നതിലും ശ്രദ്ധപുലർത്തുന്നു. ആയിരത്തിലേറെ പേർക്ക് തൊഴിൽ മേഖലയിലേക്ക് കടന്ന് ചെല്ലുവാനുള്ള മാർഗം നൽകികൊണ്ടുള്ള പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.

ഡോ. പ്രശാന്ത് .സി.ആർ

ആലപ്പുഴ സ്വദേശി. നീറ്റ് ഉൾപ്പെടെയുള്ള മത്സര പരീക്ഷകളുടെ പരിശീലന അധ്യാപകനായി പ്രവർത്തിക്കുന്നു. തന്റെ അധ്യാപന ജീവിതത്തിലൂടെ നിരവധി വിദ്യാർത്ഥികളെ ഐഐടി, എഐഐഐഎംഎസ് തുടങ്ങിയ രാജ്യത്തെ പ്രമുഖ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്ക് എത്തിക്കുന്നതിൽ നിർണായക പങ്ക് വഹിച്ചിട്ടുണ്ട്. അധ്യാപനത്തോടൊപ്പം ഗവേഷണ രംഗത്തും സജീവമാണ്. അന്താരാഷ്ട്ര ജേർണലുകളിൽ ഗവേഷണ പ്രബന്ധങ്ങൾ പ്രസിദ്ധീകരിക്കുകയും നാല് ദേശീയ കോൺഫറൻസുകളിൽ പ്രബന്ധങ്ങൾ അവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കോവിഡ് കാലഘട്ടത്തിൽ ഓൺലൈൻ വിദ്യാഭ്യാസം തുടരാൻ ബുദ്ധിമുട്ടനുഭവിച്ച വിദ്യാർത്ഥികൾക്ക് ആവശ്യമായ പഠനോപകരണങ്ങളും മറ്റ് സൗകര്യങ്ങളും ലഭ്യമാക്കി നൽകുന്നതിൽ സജീവമായി പ്രവർത്തിച്ചു. സാമൂഹിക സേവന രംഗത്തും ശ്രദ്ധേയമായ പ്രവർത്തനങ്ങൾ നടത്തുന്നു. സമശ്രീ ചാരിറ്റബിൾ സൊസൈറ്റിയുടെ സംസ്ഥാന തല ട്രഷററായി പ്രവർത്തിച്ചു വരുന്നു. നിരവധി ജീവകാരുണ്യ പ്രവർത്തനങ്ങളിലും വയോജന പ്രവർത്തനങ്ങളിലും സജീവമായി പങ്കാളിയാകുന്നു.

ഡോ: പി. സി. രതി തമ്പാട്ടി

കോഴിക്കോട് മാങ്കാവ് സ്വദേശി. സാമൂതിരി ഗുരുവായൂരപ്പൻ കോളജിലെ നാഷണൽ സർവ്വീസ് സ്കീം ഓഫീസർ എന്ന നിലയിൽ സംസ്ഥാനവും അന്തർസംസ്ഥാന കാമ്പുകളിലും നാഷണൽ ലിറ്ററസി മിഷന് വേണ്ടിയും പ്രവർത്തിച്ചു. സ്റ്റാഫ് അസൈസർ, ഫൈൻ ആർട്സ് ഓഫീസർ, റിസർച്ച് ഓഫീസർ മാഗസിൻ എഡിറ്റർ, ഇഡിക്ലബ്ബ് കോ-ഓർഡിനേറ്റർ എന്നീ നിലകളിൽ വിദ്യാർത്ഥികളുടെ സർഗ്ഗവാസനകളെ പരിപോഷിപ്പിയ്ക്കാൻ ശ്രമിച്ചു. 19 പുസ്തകങ്ങളുടെ എഡിറ്ററായി പ്രവർത്തിച്ചു. സാമൂരിൻ എന്ന ജേർണലിന്റെയും എഡിറററായി പ്രവർത്തിച്ചു. 31 ൽ പരം ദേശീയ അന്തർദേശീയ സെമിനാറുകളിൽ സംബന്ധിച്ചു. 22 ദേശീയശില്പശാലയിൽ പങ്കെടുത്തു. അമേരിക്കൻ ഫോക് ലോർ സൊസൈറ്റിയുടെ 2019 ലെ ബാർട്ടിമോർ കോൺഫറസിലെ Folk Management സെഷൻ ചെയർ ചെയ്തു. സാമ്പത്തികക്ലേശമനുഭവിക്കുന്ന വിദ്യാർത്ഥികൾക്ക് പഠിക്കാനും പരീക്ഷയെഴുതാനും വേണ്ട സൗകര്യങ്ങൾ ചെയ്തു. രണ്ട് പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. 1979 മുതൽ ആകാശവാണി വനിതാലോകം, യുവവാണി പരിപാടിയിലേയ്ക്ക് കഥകളും നാടകങ്ങളും ലളിതഗാനങ്ങളും എഴുതിയിട്ടുണ്ട്. രചനയുടെ ഒരു മ്യൂസിക് ആൽബം ഇറക്കിയിട്ടുണ്ട്. നാല് കഥകളും നൂറോളം കവിതകളും നവമാദ്ധ്യമങ്ങളിൽ പ്രസിദ്ധീകരിച്ചു. നിലവിൽ കോഴിക്കോട് സാമൂതിരി ഗുരുവായൂരപ്പൻ കോളേജ് പ്രിൻസിപ്പലായി റിട്ടയർ ചെയ്തു. കലാ സാഹിത്യ സാമൂഹ്യ സാംസ്കാരിക രംഗങ്ങളിൽ സജീവമായി പ്രവർത്തിയ്ക്കുന്നു. മഹിളാ സമാജം സെക്രട്ടറി, റസിഡൻസ് എക്സിക്യൂട്ടീവംഗം എന്നീ നിലകളിൽ പ്രവർത്തിയ്ക്കുന്നു.

രവികുമാർ വയ്യേറ്റ്

തിരുവനന്തപുരം വെഞ്ഞാറമൂട് സ്വദേശി. കവി, കഥാകാരൻ, ഗാനരചയിതാവ്, വിവിധ കലാ സാംസ്കാരിക സമിതികളിലും കവിയരങ്ങുകളിലും സജീവമായി പ്രവർത്തിക്കുന്നു. വിവിധ പുസ്തകങ്ങളിലും ആനുകാലികങ്ങളിലും കഥക ളും കവിതകളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. അമ്മയ്ക്കൊരുമ്മ പൂക്കളം, ലൗ ലെറ്റർ, കാക്കനാടൻ കഥോൽസവം, ലോക കേരള കവിത തുടങ്ങിയവ അവയിൽ ചിലതാണ്. കവിതാസമാഹാരം,കഥാസമാഹാരം, ഉദ്ധരണികൾ, ഇമ്മിണി വലിയ കഥകളുടെ സഹവായനം, ആൽബങ്ങൾ എന്നിവ പുറത്തിറക്കിയിട്ടുണ്ട്. ഇൻഡ്യൻ ബുക്ക് ഓഫ് റിക്കാർഡ്സ്, ഏഷ്യ ബുക്ക് ഓഫ് റിക്കാർഡ്സ്, ഇന്റർ നാഷണൽ ബുക്ക് ഓഫ് റിക്കാർഡ്സ് എന്നിവ ലഭിച്ചിട്ടുണ്ട്. AL Abdal Award of oman, തിരുനല്ലൂർ കരുണാകരൻ കവിത പുരസ്കാരം, Lucky white owl best poetry Award, അക്ഷര കേരളം ഓണവില്ല് സാഹിത്യ പുരസ്കാരം അമ്മയ്ക്കൊരുമ്മ Best poetry Award writers hut pen star Award, സാഹിത്യ രത്ന അവാർഡ് ഫ്രം ആഫ്രിക്ക സിസ്റ്റർ ലിനി പുരസ്കാരം, ഇൻഡ്യൻ റൈറ്റേഴ്സ് ഫോറം കഥാ പുരസ്കാരം തുടങ്ങി നിരവധി പുരസ്കാരങ്ങൾലഭിച്ചിട്ടുണ്ട്.



രാമകൃഷ്ണൻ.ആർ



ബാലു പുഴക്കര കോഴിക്കോട്



ഡോ. തനു ജയപാൽ



ഡോ. നൗഫൽ പ്യാരി

രാമകൃഷ്ണൻ.ആർ

പത്തനംതിട്ട അടൂർ സ്വദേശി. കവി, ഗാനരചയിതാവ്, ഗായകൻ, സംഗീതജ്ഞൻ, നാടൻപാട്ട് രചയിതാവ്, പ്രൊഫഷണൽ ഫോട്ടോഗ്രാഫർ, ജീവകാരുണ്യപ്രവർത്തകൻ, പത്രപ്രവർത്തകൻ 22 വർഷം, പൊതു പ്രവർത്തകൻ, സാമൂഹ്യ സാംസ്കാരിക പ്രവർത്തകൻ. 1964 -ൽ ഹാർമോണിസ്റ്റായി കലാരംഗത്ത് പ്രവേശിച്ചു. നൃത്ത നാടകം, നാടകം, കഥാപ്രസംഗം എന്നിവയ്ക്ക് സംഗീതം നൽകിയിട്ടുണ്ട്. സംഗീതരംഗത്തെ പ്രമുഖരായ ഒട്ടനവധി പേരുമൊത്ത് പ്രവർത്തിച്ചു. OMG ഫൗണ്ടേഷന്റെ പ്രഥമ സംസ്ഥാന സാഹിത്യ അവാർഡ്, ഇ.വി കൃഷ്ണപിള്ള ഫൗണ്ടേഷൻ ഏർപ്പെടുത്തിയ കലാശ്രേഷ്ഠ അടൂർ ദേശപ്പെരുമ പുരസ്കാരം, കരിയാട്ടം സാംസ്കാരികവേദിയുടെ ശ്രേഷ്ഠ വ്യക്തിത്വം പുരസ്കാരം, കേരള കോൺഗ്രസ് എം സംസ്കാരവേദി സംസ്ഥാന പുരസ്കാരം, അടൂർ നവധാര ഓൺലൈൻ കമ്യൂണിറ്റി പുരസ്കാരം, ഡോ. ബി.ആർ. അംബേദ്കർ സ്റ്റഡി സെന്റർ പുരസ്കാരം, ഫെഡറേഷൻ ഓഫ് SCST ഏർപ്പെടുത്തിയ പുരസ്കാരം, CSDS സാഹിത്യ പുരസ്കാരം, അടൂർ യുവവേദിയുടെ സാഹിത്യ പുരസ്കാരം, കണ്ണശ്ശ ട്രസ്റ്റ് സാക്ഷ്യപത്രം, സരസ കവി മൂലൂർ സാംസ്കാരിക സമിതി സാക്ഷ്യപത്രം, കലാകാര സംഘടന (നന്മ) പുരസ്കാരം, തുടങ്ങിയവ ലഭിച്ചു.

ബാലു പുഴക്കര കോഴിക്കോട്

കോഴിക്കോട് കുറുവ്വിശ്ശേരി സ്വദേശി. 35വർഷത്തിലധികമായി നൃത്ത രംഗത്ത് പ്രവർത്തിച്ചുവരുന്നു ക്ലാസ്സിക്കൽ നൃത്തങ്ങൾ ഉൾപ്പെടെ ഒട്ടേറെ നൃത്തരൂപങ്ങൾ പരിശീലിപ്പിച്ചു വരുന്നു 26 വർഷത്തോളമായി സംസാരശേഷിയും കേൾവിശക്തിയും ഇല്ലാത്ത കുട്ടികളെ നൃത്തം പഠിപ്പിക്കുന്നു. കേരളത്തിന് പുറമെ മൈസൂർ, ഹൈദരാബാദ് എന്നീ സ്ഥലങ്ങളിൽ നൃത്ത ക്ലാസുകൾ എടുത്തിട്ടുണ്ട്. വിവിധ വേദികളിൽ കുട്ടികളെ പങ്കെടുപ്പിക്കുകയും വിജയം നേടുകയും ചെയ്തിട്ടുണ്ട്. ടി.വി ചാനലിൽ ബധിര മൂക വിദ്യാർത്ഥികളുടെ സംഘ നൃത്തം അവതരിപ്പിച്ചു പ്രശംസ നേടിയിട്ടുണ്ട്. സിനിമക്ക് വേണ്ടി നൃത്തം കമ്പോസ് ചെയ്തിട്ടുണ്ട്. ഇന്ത്യൻ പ്രധാനമന്ത്രി നരേന്ദ്ര മോദി കോഴിക്കോട്ടെ പൊതു പരിപാടിയിൽ പങ്കെടുക്കുവാൻ എത്തിയപ്പോൾ സ്വാഗതനൃത്തം അദ്ദേഹത്തിന് മുന്നിൽ അവതരിപ്പിക്കുവാൻ കഴിഞ്ഞു. ഓൾ കേരള ഡാൻസ് ടീച്ചേർസ് ഓർഗനൈസേഷൻ പ്രസിഡണ്ട്, വൈസ് പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. വിവിധ കലാകാരന്മാരുടെ സംഘടനയായ ടീം ആർട്സ് ഇൻഡിപ്പെൻഡൻസ് (തായ്)പ്രസിഡന്റായും കാഫ് സംഘടനയുടെ മെമ്പർ ആയും പ്രവർത്തിച്ചുവരുന്നു. ഇപ്പോൾ നാട്യാഞ്ജലി സ്കൂൾ ഓഫ് ആർട്സ് എന്ന നൃത്ത വിദ്യാലയത്തിന്റെ ഡയറക്ടറാണ്.

ഡോ. തനു ജയപാൽ

ആലപ്പുഴ ജില്ലയിലെ ചേർത്തല സ്വദേശിനി. സൈക്കോളജിക്കൽ കൗൺസിലർ. കഴിഞ്ഞ രണ്ട് വർഷമായി ഓൺലൈനായും ഓഫ് ലൈനായും സജീവമായി സൈക്കോളജിക്കൽ കൗൺസിലർ എന്ന നിലയിൽ പ്രവർത്തിച്ചുവരുന്നു. 600 ലധികം വ്യക്തികൾക്ക് കൗൺസിലിംഗ് നൽകുകയും, ജീവിതത്തിൽ പ്രതിസന്ധികളും നിരാശയും നേരിട്ട നിരവധി മനുഷ്യരെ ആത്മവിശ്വാസത്തോടെയും പ്രതീക്ഷയോടെയും സാധാരണജീവിതത്തിലേക്ക് കൊണ്ടുവന്നു. ചൈൽഡ് പ്രൊട്ടക്ഷൻ ഓർഗനൈസേഷൻ കേരള യുടെ ബെസ്റ്റ് സോഷ്യൽ വർക്കർ 2026 അവാർഡ് ലഭ്യമായി. റെക്കി, ഹീലിംഗ്, മെന്റലിസം, ഹൈപ്പോത്തലിസം, ടാലന്റ് റെഡ്യൂസിങ് തുടങ്ങിയവയിലൂടെ മാനസികമായി തളർന്ന് പോകുന്നവരെ പുനരധിവസിപ്പിച്ച് ജീവിതത്തിന്റെ മുഖ്യധാരയിൽ തിരിച്ച് കൊണ്ടുവരുന്നു.

ഡോ. നൗഫൽ പ്യാരി

മലപ്പുറം സ്വദേശി. ബിസിനസ് മാനേജ്മെന്റ്, ഫിനാൻഷ്യൽ മാനേജ്മെന്റ് മാനേജ്മെന്റ്, ടാക്സ് മാനേജ്മെന്റ്, ഓഡിറ്റ് മാനേജ്മെന്റ് തുടങ്ങിയ മേഖലകളിൽ സൗദി അറേബ്യ, ഖത്തർ ഉൾപ്പെടെയുള്ള ജി.സി.സി രാജ്യങ്ങളിൽ പ്രവർത്തിച്ചുവരുന്നു. 2021 ൽ സൗദിഅറേബ്യ ആസ്ഥാനമാക്കി ടാക്സ്റ്റ് ബിസിനസ് കൗൺസൾട്ടിംഗ് സ്ഥാപിച്ച് അതിന്റെ Co Founder& CEO ആയി പ്രവർത്തിക്കുന്നു. അതിനോടൊപ്പം യു.എ.ഇ, ഖത്തർ, ബഹറിൻ, ഒമാൻ തുടങ്ങിയ ജി.സി.സി രാജ്യങ്ങളിലെ വിവിധ ബിസിനസ് പങ്കാളികളുമായും സ്ഥാപനങ്ങളുമായും സഹകരിച്ച് ബിസിനസ് കൺസൾട്ടിംഗ് സേവനങ്ങൾ വികസിപ്പിച്ചുകൊണ്ടിരിക്കുന്നു. ബിസിനസ് ആരംഭിക്കുന്ന സംരംഭകർക്ക് ഫിനാൻഷ്യൽ പ്ലാനിംഗ്, ഓർഗനൈസേഷൻ സ്ട്രക്ച്ചർ, ബിസിനസ് ഡെവലപ്മെന്റ് തുടങ്ങിയ മേഖലകളിൽ മാർഗനിർദേശം നൽകുന്നതിനൊപ്പം നഷ്ടത്തിലോ, പ്രതിസന്ധികളിലോ ഉള്ള ബിസിനസുകളെ പുനഃസംഘടിപ്പിച്ച് Sustainable Growth and profitability, Business Strategies, Action plans എന്നിവയും രൂപകൽപ്പന ചെയ്യുന്നു. Tacit Acadamy 2026 ജനുവരിയിൽ കേരളത്തിലെ മലപ്പുറം ആസ്ഥാനമാക്കി ആരംഭിച്ച Job Oriental Educational Institution സാധാരണ വിദ്യാഭ്യാസത്തിനപ്പുറം ജി.സി.സി രാജ്യങ്ങളിലെ തൊഴിൽ അവസരങ്ങൾ ലക്ഷ്യമാക്കി പാർട്ടിഷണൽ ഇൻഡക്സ്ട്രി ഓറിയന്റൽ ട്രെയിനിംഗ് നൽകുന്നു. വിദേശ രാജ്യങ്ങളിലെ തൊഴിൽ അവസരങ്ങൾ കേരളത്തിലെ യുവതലമുറയ്ക്ക് കൂടുതൽ പ്രാപ്യമാക്കുക എന്നതാണ് ഈ സംരംഭത്തിന്റെ പ്രധാനലക്ഷ്യം. ബിസിനസ് വളർച്ചയ്ക്കായുള്ള കൺസൾട്ടിംഗിനൊപ്പം യുവ ജനങ്ങൾക്ക് തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിലേക്കും അവരുടെ കരിയർ ഡെവലപ്മെന്റിലേക്കും ശ്രദ്ധ കേന്ദ്രീകരിക്കുന്നു. സൗദി അറേബ്യയിലെ സൗദി ഓർഗനൈസേഷൻ ഫോർ ചാർട്ടേഡ് ആന്റ് പബ്ലിക് അക്കൗണ്ടൻസ് (SOCPA) അംഗമാണ്.



ഷൗക്കത്ത് കർക്കിടാംകുന്ന്



പ്രകാശൻ ചാലിയകത്ത്



ചന്ദ്രശേഖരൻ.ജി.

ഷൗക്കത്ത് കർക്കിടാംകുന്ന്

മലപ്പുറം ഉണ്ണിയാൽ സ്വദേശി. നോവലിസ്റ്റ്, നാടക രചയിതാവ്, ലേഖകൻ, ബാലസാഹിത്യകാരൻ, അദ്ധ്യാപകൻ. ഇരുപതു വർഷമായി വിദ്യാഭ്യാസ/ സാഹിത്യ മേഖലയിൽ പ്രവർത്തിക്കുന്നു. അധ്യാപകർക്കും വിദ്യാർത്ഥികൾക്കും വിവിധ വിഷയങ്ങളിൽ സെഷനുകൾ കൈകാര്യം ചെയ്യുന്നു. സ്കൂളുകളിൽ വിദ്യാരംഗം കലാസാഹിത്യ വേദിയുടെ ഭാഗമായി കുട്ടികൾക്ക് പരിശീലനം നൽകുന്നു. നോവൽ, ബാലസാഹിത്യം, നാടകങ്ങൾ, കഥാസമാഹാരം, ലേഖന സമാഹാരം എന്നിവ രചിച്ചിട്ടുണ്ട്. അലനല്ലൂർ എംഇഎസ് വിമൻസ് കോളേജ്, എടത്തനാട്ടുകര എംഇഎസ് ഹയർ സെക്കൻഡറി സ്കൂൾ, കരുവാരകുണ്ട് ഐഡിയൽ പബ്ലിക് സ്കൂൾ, കൊണ്ടോട്ടി മർകസുൽ ഉലൂം സീനിയർ സെക്കൻഡറി സ്കൂൾ, എന്നിവിടങ്ങളിൽ പ്രിൻസിപ്പലായി സേവനമനുഷ്ഠിച്ചു. എടത്തനാട്ടുകര കെ എസ് എച്ച് എം ടീച്ചർ ട്രെയിനിങ് കോളേജ് അധ്യാപകനായിരുന്നു. നിലവിൽ മൂന്നു വർഷമായി പെരിന്തൽമണ്ണ, പൂപ്പലം ദാറുൽ ഫലാഹ് സീനിയർ സെക്കൻഡറി സ്കൂളിൽ പ്രിൻസിപ്പലായി ജോലി ചെയ്യുന്നു. കർക്കിടാംകുന്ന് കൾച്ചറൽ ഫോറം ഭാരവാഹിയാണ്. വിദ്യ സഹോദയയുടെ കീഴിലുള്ള സിബിഎസ്ഇ സ്കൂൾ അസോസിയേഷൻ ജോയിൻറ് സെക്രട്ടറിയാണ്.

പ്രകാശൻ ചാലിയകത്ത്

കോഴിക്കോട്, കച്ചേരിപറമ്പ് സ്വദേശി. കലാ സാംസ്കാരിക, രാഷ്ട്രീയ പ്രവർത്തകൻ. തബലയിൽ വിദ്വാൻ. നെഹ്റുറു യുവ കേന്ദ്ര സങ്കേതൻ ന്യൂഡൽഹിയിൽ വെച്ച് നടന്ന ഇന്റർസ്റ്റേറ്റ് യൂത്ത് കൾച്ചറൽ മീറ്റിൽ കേരളത്തിനിന്നുള്ള കലാട്രൂപ്പിന് വേണ്ടി തബലിസ്റ്റായി പങ്കെടുത്തു. ചെറുവണ്ണൂർ കണ്ണാട്ടിക്കുളം പ്രദേശത്ത് പ്രവർത്തിക്കുന്ന പ്രചോദന കലാ സാംസ്ക്കാരിക സമിതിയിൽ അംഗമായി പ്രവർത്തനം ആരംഭിച്ചു. ഹെൽത്ത് സെന്റർ, ഫീൽഡ് പബ്ലിസിറ്റി, നെഹ്റുറു യുവ കേന്ദ്ര, സംഗീത നടക അക്കാദമി, വിവിധ സർക്കാർ സംഘടനകൾ എന്നിവയുമായി ചേർന്ന് ജനോപകാരപ്രദമായ പ്രവർത്തനങ്ങൾ നടത്തുന്നു. ഈ പ്രദേശത്ത് മദ്യവും, മയക്കുമരുന്ന് കച്ചവടം എന്നത്തേക്കുമായി അവസാനിപ്പിക്കാൻ ശക്തമായി പ്രവർത്തിച്ചു. യൂത്ത് ഹോസ്റ്റൽ അസോസിയേഷൻ ഓഫ് ഇന്ത്യയുടെയും, കലാകാരൻന്മാരുടെ ദേശീയ സംഘടനയായ നന്മയുടെയും ലൈഫ് മെംബറായി പ്രവർത്തിച്ചു വരുന്നു. കോഴിക്കോട് ജില്ലയിലെ ഏറ്റവും നല്ല സന്നദ്ധ പ്രവർത്തകനുള്ള അവാർഡ് ലഭിച്ചു. ഇന്ത്യൻ നാഷണൽ യൂത്ത് കോൺഗ്രസ്സിൽ അംഗമാണ്. 50ാം നമ്പർ ബൂത്തിന്റെ പ്രസിഡണ്ടായി 15 വർഷവും, 10-ാം നമ്പർ വാർഡ് പ്രസിഡണ്ടായി 10 വർഷവും പ്രവർത്തിച്ചു. തുടർന്ന് ചെറുവണ്ണൂർ നല്ലളം മണ്ഡലം കോൺഗ്രസ്സ് കമ്മറ്റിയുടെ ജനറൽ സെക്രട്ടറിയായി 10 വർഷം പ്രവർത്തിച്ചു. 2006 ൽ ജനശ്രീ മിഷൻ രൂപീകരിച്ച കാലഘട്ടം മുതൽ ചെറുവണ്ണൂർ നല്ലളം മണ്ഡലസഭയുടെ ചെയർമാനായി 10 വർഷം പ്രവർത്തിച്ചു. തുടർന്ന് ബേപ്പൂർബ്ലോക്ക് യൂണിയൻ ചെയർമാനായി പ്രവർത്തിച്ചുവരുന്നു. സർക്കാരിൽ നിന്നും മറ്റു സംഘടനകളിൽ നിന്നും നൽകുന്ന സഹായങ്ങൾ അർഹതപ്പെട്ട ജനങ്ങൾക്ക് എത്തിക്കുന്നതിന് വേണ്ടി സജീവമായി പ്രവർത്തിക്കുന്നു.

ചന്ദ്രശേഖരൻ.ജി.

തിരുവനന്തപുരം മലയിൻകീഴ് സ്വദേശി. കാരുണ്യപ്രവർത്തകൻ. മിലിട്ടറിയിൽ 23 വർഷത്തെ സേവനം പൂർത്തിയാക്കി. സർവ്വീസ് കാലയളവിൽ യൂണിറ്റിലെ സഹപ്രവർത്തകർക്ക് പരിക്കു പറ്റുകയോ അസുഖങ്ങൾ വരുകയോ ചെയ്താൽ അവരെ പരിചരിക്കുന്നതിന്റെ പേരിൽ ഗുഡ്സർവീസ് എൻട്രി ലഭിച്ചിട്ടുണ്ട്. നിരവധി തവണ രക്തദാനം ചെയ്തിട്ടുണ്ട്. സാധു ജനങ്ങളുടെ ഏത് തരത്തിലുള്ള രക്ഷയ്ക്കും എത്താറുണ്ട്. സത്യാന്വേഷണ ചാരിറ്റബിൾ സൊസൈറ്റിയുടെ സ്നേഹാലയത്തിലെ 37 വൃദ്ധമാതാപിതാക്കൾക്ക് തന്നാൽ കഴിയുന്ന സഹായം ചെയ്തുവരുന്നുണ്ട്. സമൂഹത്തിൽ ഒറ്റപ്പെട്ടവരെ കണ്ടെത്തി സ്നേഹാലയത്തിലെത്തിക്കാറുണ്ട്. ക്യാൻസർ ബാധിതരായ രണ്ട് നിർദ്ധനരെ സഹായിച്ചുവരുന്നു. കിടപ്പ് രോഗികളെ പരിചരിക്കുന്നുണ്ട്. സാധുജനസഹായത്തിനായി പെൻഷനിൽ നിന്നും ഒരു ഭാഗം നീക്കിവെക്കുന്നുണ്ട്

'ഭാരത് സേവക്' ബഹുമതി നൽകി ആദരിച്ചു

'ഭാരത് സേവക്' ബഹുമതികൾ ബി.എസ്. ബാലചന്ദ്രൻ സമ്മാനിക്കുന്നു



സുകു മരുതൂർ



കെ.ആർ.പ്രമോദ്



കെ.പി.സജിത്.



പ്രസന്ന ബാലചന്ദ്രൻ

സുകു മരുതൂർ

നെയ്യാറ്റിൻകര മരുതൂർ സ്വദേശി. കെ.എസ്.ആർ.ടി.സിയിൽ ചീഫ് അക്കൗണ്ട് ഓഫീസർ ആയി വിരമിച്ചു. സാഹിത്യ വാസന ചെറുപ്പം മുതൽ ഉണ്ടായിരുന്നു. കവിത, നാടകം, നോവൽ, ജീവചരിത്രം എന്നീ സാഹിത്യശാഖകളിൽ രചനകൾ നടത്തുന്നു. ആകാശവാണിയിൽ കവിത അവതരിപ്പിച്ചുകൊണ്ടായിരുന്നു തുടക്കം. ഏഴ് സിനിമകൾക്ക് ഗാനം രചിച്ചിട്ടുണ്ട്. ടെലിഫിലിമുകളുടെയും മെഗാ സീരിയലുകളുടെയും ഗാനങ്ങൾ രചിച്ചിട്ടുണ്ട്. ധാരാളം ലളിതഗാനങ്ങൾ ആകാശവാണിക്ക് വേണ്ടി എഴുതിയിട്ടുണ്ട്. 150 ലേറെ ഭക്തിഗാനങ്ങൾ രചിച്ചിട്ടുണ്ട്. ദീർഘകാവ്യം, ഖണ്ഡകാവ്യം, കവിതാസമാഹാരം, ജീവചരിത്രം, നോവൽ, നാടകം എന്നിവ രചിച്ചിട്ടുണ്ട്. മികച്ച രചനക്ക് സ്വാതിചിത്രപുരസ്ക്കാരം, ശിവഗിരിമഠം നൽകിയ ഖണ്ഠകാവ്യം അവാർഡ്, രവീന്ദ്രനാഥടാഗോർ സാഹിത്യ അവാർഡ് എന്നിവ ലഭിച്ചു.

കെ.ആർ.പ്രമോദ്

കോട്ടയം പൂഞ്ഞാർ സ്വദേശി. പത്രപ്രവർത്തകൻ, കോളമിസ്റ്റ്, എഴുത്തുകാരൻ. മദ്രാസിലെ വിവിധ പ്രസിദ്ധീകരണങ്ങളിലൂടെയാണ് പത്രപ്രവർത്തനരംഗത്തേക്ക് വന്നത്. വാർത്താവിഭാഗങ്ങളുമായി ബന്ധപ്പെട്ട് ആകാശവാണിയിലും ദൂരദർശനിയിലും കലാകൗമുദിയിലും പ്രവർത്തിച്ചു. 'ഈനാട്' ദിനപത്രത്തിന്റെ പത്രാധിപസമിതി അംഗമായിരുന്നു. 30 വർഷത്തോളം മംഗളം പത്രത്തിൽ ജോലി നോക്കിക്കൊണ്ട് അസിസ്റ്റന്റ് എഡിറ്ററായി വിരമിച്ചു. സമീക്ഷ, ദീപിക, മെട്രോവാർത്ത, സത്യം ഓൺലൈൻ എന്നിവിടങ്ങളിൽ വർഷങ്ങളായി പംക്തികൾ എഴുതി വരുന്നു. യാത്രാക്കുറിപ്പുകളും എഴുതാറുണ്ട്. പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

കെ.പി.സജിത്.

കോഴിക്കോട് പൂക്കാട് സ്വദേശി. ഇന്ത്യയിലും വിദേശത്തുമായി വിവിധയിടങ്ങളിൽ ഭൗതിക ശാസ്ത്ര അധ്യാപകനായി സേവനമനുഷ്ഠിച്ചുണ്ട്. ഖത്തർ M.E.S സ്കൂൾ, കോഴിക്കോട് സിൽവർ ഹിൽസ് പബ്ലിക് സ്കൂൾ എന്നിവിടങ്ങളിൽ അധ്യാപക നായിരുന്നു. ആനുകാലികങ്ങളിൽ എഴുതാറുണ്ട്. അഞ്ച് കഥാ സമാഹാരങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. H&C പ്രസിദ്ധീകരിച്ച 'ഐസ്ക്രീം തിന്നുന്ന സൂര്യൻ' ഏറ്റവും പുതിയ കഥാ സമാഹാരമാണ്. ഭൗതിക ശാസ്ത്രാധ്യാപനം തുടരുന്നു. ചെറുകഥാ രചനയ്ക്ക് നവാബ് രാജേന്ദ്രൻഫൗണ്ടേഷൻ-മുണ്ടൂർ കൃഷ്ണൻകുട്ടി സ്മാരകപുരസ്കാരം, സമന്വയം കഥാ പുരസ്കാരം, സാഹിതി ഇന്റർനാഷണൽ, പ്രവാസി കൗൺസിൽ അവാർഡ്, കൊച്ചി അന്താരാഷ്ട്ര പുസ്തകോൽസവ സമിതിയുടെ മാടമ്പ് കുഞ്ഞുകുട്ടൻ പുരസ്കാരം, കുഞ്ഞുണ്ണി മാസ്റ്റർ സ്മാരക പുരസ്കാരം, വള്ളത്തോൾ മെമ്മോറിയൽ ഫൗണ്ടേഷൻ പുരസ്കാരം, ചട്ടമ്പിസ്വാമി സാഹിത്യ അക്കാദമി അവാർഡ് എന്നിവ ലഭിച്ചിട്ടുണ്ട്.

പ്രസന്ന ബാലചന്ദ്രൻ

തിരുവനന്തപുരം നെടുമങ്ങാട് സ്വദേശി. കഥ, കവിത, നാടകം, ആത്മീയ ദർശനങ്ങൾ. നെടുമങ്ങാട് ദർശന ഹയർ സെക്കന്ററി സ്കൂളിലെ highschool വിഭാഗം അധ്യാപികയായി വിരമിച്ചു. 250-ൽപരം കവിതകളും 15 ഓളം കഥകളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. നിരവധി പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. ദർശനസ്കൂളും ബാലസാഹിത്യ ഇൻസ്ടിട്യൂട്ടും ചേർന്ന് 'ഗുരുശ്രേഷ്ഠ' പുരസ്ക്കാരം നൽകി ആദരിച്ചിട്ടുണ്ട്. ജനാധിപത്യ കലാ സാഹിത്യവേദിയുടെ ആദരവ്, നെടുമങ്ങാട് മുനിസിപ്പാലിറ്റിയുടെ സ്നേഹാദരവ് എന്നിവ ലഭിച്ചിട്ടുണ്ട്. കവിത രചനാ മത്സരത്തിൽ മൂന്നാം സ്ഥാനം, ജസ്റ്റിസ്.ഡി.ശ്രീദേവീ പുരസ്കാരം, അക്ഷരശ്രീ പുരസ്കാരം, 'ഇസ്ക'യുടെ സാഹിത്യ സന്ധ്യാംബരി പുരസ്കാരം, കേരള നിയമസഭ അന്താരാഷ്ട്ര പുസ്തകമേളയോടനുബന്ധിച്ച് തെളിനീർട്രസ്റ്റ് സംസ്ഥാന തലത്തിൽ നടത്തിയ കവിത രചനാ മത്സരത്തിൽ മികച്ച കവിതാ രചനയ്ക്കുള്ള പുരസ്കാരം, അയിലം ഉണ്ണിക്കൃഷ്ണൻ സ്മാരക പുരസ്ക്കാരം, തെളിനീർ ട്രസ്റ്റ് കോഴിക്കോട് സംസ്ഥാന സമ്മേളത്തോടനുബന്ധിച്ചു സംസ്ഥാന തലത്തിൽ നടത്തിയ കവിത രചനാ മൽസരത്തിൽ പ്രത്യേക പുരസ്കാരം, ഗാനാലാനത്തിന് ഒന്നാം സ്ഥാനം തുടങ്ങി നിരവധി അംഗീകാരങ്ങൾ ലഭിച്ചിട്ടുണ്ട്. 'ഇസ്ക'യുടെ തിരുവനന്തപുരം ജില്ലാവൈസ് പ്രസിഡണ്ട്, ഉയിർ മൊഴി പബ്ളിക്കേഷൻ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ വൈസ് പ്രസിഡണ്ട്, പ്രൊഫസർ എൻ.കൃഷ്ണപിള്ള ഫൗണ്ടേഷനിലെ സാഹിതീ സഖ്യത്തിന്റെയും വനിതാവേദിയുടെയും അംഗത്വം. പി.എൻ പണിക്കർ നോളേഡ്ജ് സെന്റർ സംഘടിപ്പിക്കുന്ന 'ആഴ്ചവട്ട'ത്തിലെ നിത്യ അംഗം, കൂടാതെ നെടുമങ്ങാട് താലൂക്ക് എൻ.എസ്.എസ് വനിതാ യൂണിയനിൽ 3 വർഷം സെക്രട്ടറിയായിരുന്നു. നിലവിൽ കെ.എസ്.എസ്.പി.എ.യുടെ തിരുവനന്തപുരം ജില്ലാ മെമ്പർ, ടൗൺ എൻ.എസ്.എസ് കരയോഗം വനിതാസമാജം എക്സിക്യൂട്ടീവ് മെമ്പറും, ഒപ്പം വനിതാ സമാജം പ്രസിഡന്റും ആണ്.



മഞ്ജു .എൻ.



സജീവ് സി.പി



അശോകൻ എസ്.എസ്.



പുതൂർക്കോണം സുരേഷ്

മഞ്ജു .എൻ.

തിരുവനന്തപുരം ആനയറ സ്വദേശി. ഡബ്ബിംങ് ആർട്ടിസ്റ്റ്, ഗായിക, സ്പോർട്ട്സ് താരം. വിവിധ കലാ കായിക സാംസ്ക്കാരിക സംഘടനകളിൽ പ്രവർത്തിക്കുന്നു. AIR തിരുവനന്തപുരത്ത് നാടക കലാകാരിയും, കാഷ്വൽ അനൗൺസറും ആണ്. വിവിധ സിനിമകളിൽ ഡബ്ബ് ചെയ്തിട്ടുണ്ട്. വെറ്ററൻ അത്ലറ്റിക് ഫെഡറേഷന്റെ ജില്ലാതല മൽസരത്തിൽ ഷോട്പുട്, ഡിസ്ക്കസ് ത്രോ, ജാവലിൻ ത്രോ, എന്നിവയിൽ ഗോൾഡ്, സിൽവർ മെഡലുകൾ ലഭിച്ചിട്ടുണ്ട്. ഈ വർഷത്തെ ജില്ലാതല മൽസരത്തിലും, സ്റ്റേറ്റ് ലെവൽ മൽസരത്തിലും ഷോട്പുട്, ഡിസ്ക്കസ് ത്രോ, 1500 മീറ്റർ നടത്തയ്ക്ക് ഫസ്റ്റും, സെക്കന്റും സമ്മാനങ്ങൾ നേടിയിട്ടുണ്ട്. തിരുവന്തപുരം ഹോളി ഏഞ്ജൽസ് കോൺവെന്ററിൽ അദ്ധ്യാപിക, സംസ്ഥാന സഹകരണ യൂണിയനിൽ വനിതാസഹകരണ വിദ്യാഭ്യാസ ഇൻസ്ട്റക്ടർ, സഹകരണ വകുപ്പിൽ ആഡിറ്റ് വിഭാഗം അസിസ്റ്റന്റ് ഡയറക്ടർ എന്നീ തസ്തികകളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. സഹകരണവകുപ്പ് ഇൻസ്പെക്ടേഴ്സ് & ആഡിറ്റേഴ്സ് അസോസിയേഷൻ ജില്ലാ ജോയിന്റ് സെക്രട്ടറി, സംസ്ഥാന ജോയിന്റ് സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിച്ചു. FEFKA DUBBING UNION, ഡബ്ബിങ് എന്നിവയ്ക്ക് ഡോ.ബി. ആർ.അംബേദ്കർ പുരസ്ക്കാരം ലഭിച്ചിട്ടുണ്ട്.

സജീവ് സി.പി

കോഴിക്കോട് ഒളവണ്ണ സ്വദേശി. നൃത്ത അധ്യാപകൻ. കഴിഞ്ഞ 25 വർഷങ്ങളായി കോഴിക്കോട് ജില്ലയിൽ, നാട്യാഞ്ജലി നൃത്ത വിദ്യാലയത്തിന്റെ കീഴിൽ നിരവധി വിദ്യാർത്ഥികളെ പരിശീലിപ്പിച്ചു വരുന്നു. 17 വർഷത്തോളമായി വിദ്യാർത്ഥികളെ സംസ്ഥാന കലോത്സവങ്ങളിലും, ഇന്റർനാഷണൽ ഫെസ്റ്റിവലുകളിലും പങ്കെടുപ്പിച്ചു വരുന്നു. നൃത്ത പരിശീലനത്തോടൊപ്പം നിരവധി ചാരിറ്റി പ്രവർത്തനങ്ങളും, ലഹരിക്ക് എതിരായി നിരവധി വേദികളിൽ നൃത്തം അവതരിപ്പിച്ചു കൊണ്ട് ലഹരിക്കെതിരായുള്ള പോരാട്ടങ്ങൾ ശക്തമാക്കാനുള്ള സന്ദേശം നൽകി വരുന്നു. നിരവധി വിദ്യാർത്ഥികളെ സൗജന്യമായും പരിശീലിപ്പിക്കുന്നു. ഭരണനാട്യ ഗിന്നസ് വേൾഡ് റെക്കോർഡ് പാർട്ടിസിപ്പന്റ് ആവാൻ സാധിച്ചു. NEW INDIAN FILM ACADEMY INTERNATIONAL FILM FESTIVAL OF KERALA 'നടന ഭൂഷണം' നൽകി ആദരിച്ചു. സംസ്ഥാന നന്മ സർഗോത്സവത്തിൽ ഫോക്ക് ഡാൻസ് (Group) 1st with A grade, സെമി ക്ലാസിക്കൽ (Group) 1st with A grade നേടാൻ സാധിച്ചു. നൃത്തനിത്യന്തി, നൃത്യവിലാസിനി പുരസ്കാരം, കലാ സമ്മാൻ, പരം ലോക് കലാ സമ്മാൻ, രാജസ്ഥാനിലെ ശാസ്ത്രീയ നൃത്ത കലാ സമ്മാൻ, കണ്ണൂർ - നൃത്ത ഭൂഷൺ, നടന വൈഭവ്, നൃത്ത ഭൂഷൺ, Responsible Tourism Mission Certificate തുടങ്ങി നിരവധി നേട്ടങ്ങളും പുരസ്കാരങ്ങളും ലഭിച്ചിട്ടുണ്ട്.

അശോകൻ എസ്.എസ്.

തിരുവനന്തപുരം പുന്നാവൂർ സ്വദേശി. പാവപ്പെട്ട പെൺകുട്ടികളുടെ വിവാഹത്തിന് സാമ്പത്തികമായി സഹായിച്ചിട്ടുണ്ട്. ആദിവാസി മേഖലയിൽ ഭവനമില്ലാത്ത പാവപ്പെട്ടവർക്ക് ഭവന നിർമാണത്തിന് സാമ്പത്തിക സഹായം എത്തിച്ചിട്ടുണ്ട്. ഭിന്നശേഷി കുഞ്ഞുങ്ങൾക്ക് വീൽചെയറുകളും, വാക്കറുകളും വാങ്ങി നൽകിയിട്ടുണ്ട്. 200 ഓളം വിധവകളും ക്യാൻസർ രോഗികളുമായ പാവപ്പെട്ടവർക്ക് രണ്ട് മാസത്തിലൊരിക്കൽ ധാന്യകിറ്റുകളും, മരുന്നുകളും നൽകി വരുന്നു. ആർ.സി.സി.യിലെ ക്യാൻസർ രോഗികളെ വാഹനത്തിൽ ഫ്രീയായി കൊണ്ടു പോയിവരുന്നു, ക്യാൻസർ രോഗികൾക്ക് ആവശ്യമായ മെഡിസിൻ വീടുകളിൽ എത്തിച്ചുകൊടുക്കാറുണ്ട്. തെരുവോരങ്ങളിൽ കിടക്കുന്ന പാവപ്പെട്ടവർക്ക് പൊതിച്ചോർ എത്തിച്ചുകൊടുക്കാറുണ്ട്. കേരള കർഷക സംഘം കാട്ടാക്കട ഏര്യാ കമ്മിറ്റി അംഗം. മാറനല്ലൂർ കർഷക സംഘം യൂണിയൻ സെക്രട്ടറി, സി.ഐ.റ്റി.യു മാറനല്ലൂർ ഓട്ടോ തൊഴിലാളി യൂണിയൻ പ്രസിഡന്റ്, എസ്.സി., എസ്.ടി. കാട്ടാക്കട മോണിറ്ററിംഗ് ഏര്യാകമ്മിറ്റി അംഗം, എൻ.ജി.ഒ കാട്ടാക്കട ഏര്യാ കമ്മിറ്റി ജോയിന്റ് സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിക്കുന്നു. നിരവധി പുരസ്കാരക്കളും, ആദരവും ഏറ്റുവാങ്ങിയിട്ടുണ്ട്.

പുതൂർക്കോണം സുരേഷ്

തിരുവനന്തപുരം വട്ടിയൂർക്കാവ് സ്വദേശി. കവി. ഗാനരചയിതാവ്. രണ്ട് കവിതാ സമാഹാരങ്ങൾ, ഒരു കഥാ സമാഹാരം എന്നിവ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഹിന്ദു, ക്രിസ്തീയ ഭക്തി ഗാനങ്ങൾ രചിക്കാറുണ്ട്. ഡിജിറ്റൽ മാഗസീനിലും, മറ്റ് മാധ്യമങ്ങളിലും കഥ, കവിത, ലേഖനം എന്നിവ എഴുതുന്നു. മാധവം സാഹിത്യ രത്നം, കേന്ദ്രിയസാംസ്കാരിക നിലയത്തിന്റെ പ്രശസ്തി പത്രവും പുരസ്കാരവും, കുഞ്ഞുണ്ണി മാഷ് പുരസ്കാരം, സംസ്കാര ഭാരതം ട്രസ്റ്റിന്റെ പ്രതിമാസ കവിതാ രചനക്കുള്ള പുരസ്കാരം, രൂപം സ്കൂളിന്റെ പുരസ്കാരം, പുര പുരസ്കാരം, ആറ്റുകാൽ സുരക്ഷണ സമിതിയുടെ പുരസ്കാരവും, ആദരവും, വട്ടിയൂർക്കാവ് സംമ്മേളന സ്മാരക സമിതിയുടെ ആദരവ് തുടങ്ങി നിരവധി സംഘടനകളിൽ നിന്ന് ആദരവും അഭിനന്ദനങ്ങളും ലഭിച്ചിട്ടുണ്ട്. കളരി, കരാട്ടെ പവർ യോഗ, ചൂണ്ടാണി മർമ്മം, പ്രാണായാമം എന്നിവയ്ക്ക് Indian Martial Arts Academy bpsS 8th Rank master Grade ലഭിച്ചിട്ടുണ്ട്. പുതൂർക്കോണം പൗരവേദിയുടെ പ്രസിഡന്റ്, പുതൂർക്കോണം അസോസിയേഷൻ വൈസ് പ്രസിഡന്റ്, വട്ടിയൂർക്കാവ് സമ്മേളന സ്മാരക സമിതി ജനറൽ സെക്രട്ടറി ആയും വൈസ് പ്രസിഡന്റ് ആയും പ്രിയദർശിനി സാംസ്കാരിക വേദിയുടെ ജനറൽ സെക്രട്ടറിയായും, നിലവിൽ സാഹിതി സല്ലാപത്തിന്റെ തിരു: ജില്ലാ ജോ: സെക്രട്ടറി ആണ്.



ടി.കെ. പ്രഭാകരൻ



ജെയിംസ് പി.എൽ



എം.കൃഷ്ണ കുമാരി



ലിജി ശ്രീവരം

ടി.കെ. പ്രഭാകരൻ

കാസർഗോഡ് ആനന്ദാശ്രമം സ്വദേശി. 1996 മുതൽ മാധ്യമപ്രവർത്തനമേഖലയിൽ സജീവമായി പ്രവർത്തിക്കുന്നുണ്ട്. അതിനോടൊപ്പം സാംസ്കാരിക പ്രവർത്തനങ്ങളും നടത്തിവരുന്നു. ജന്മ-ദേശം എന്ന സായാഹ്നപത്രത്തിലൂടെ പത്രപ്രവർത്തന രംഗത്ത് കടന്നു വന്ന ലേറ്റസ്റ്റ്, ഉത്തരമലബാർ, മലബാർ വാർത്ത, കാരമൽ, ഉത്തരദേശം, കേരളകൗമുദി, സിറാജ് തുടങ്ങിയ പത്രങ്ങളിൽ റിപ്പോർട്ടറായി ജോലി ചെയ്തു. നിലവിൽ ദേശാഭിമാനി പത്രത്തിന്റെ കാഞ്ഞങ്ങാട് ഏരിയ റിപ്പോർട്ടറാണ്. പത്രങ്ങളിലും ആനുകാലിക പ്രസിദ്ധീകരണങ്ങളിലും ലേഖനങ്ങളും കഥകളും കവിതകളും എഴുതാറുണ്ട്. കാർട്ടൂണിസ്റ്റ് കൂടിയാണ്. കുങ്കുമം ഗ്രൂപ്പിന്റെ പാക്കനാർ വിനോദമാസികയിലടക്കം കാർട്ടൂണുകൾ വരച്ചിരുന്നു. മികച്ച മാധ്യമപ്രവർത്തകനുള്ള കേരള പുരോഗമനവേദിയുടെ സ്വദേശാഭിമാനി രാമകൃഷ്ണപിള്ള അവാർഡ്, തുളുനാട് മാധ്യമ അവാർഡ്, ചാലിക്കാൽ പ്രിയദർശിനി ക്ലബ്ബിന്റെ രാജീവ് പുരസ്ക്കാരം, ഇവിഷൻ അവാർഡ് എന്നിവ ലഭിച്ചിട്ടുണ്ട്. അഭിനയരംഗത്തും ശ്രദ്ധ നേടിയിട്ടുണ്ട്.

ജെയിംസ് പി.എൽ

പത്തനംതിട്ട ഏനാത്ത് സ്വദേശി. 32 വർഷമായി നാടക-കലാരംഗത്ത് സജീവമായി പ്രവർത്തിച്ചുവരുന്നു. ഈ ദീർഘകാല കലാജീവിതത്തിൽ നാടക രചന, ഗാനരചന, നാടക സംവിധാനം, ഡബ്ബിങ്ങ്, രംഗപടം, ചിത്രരചന, മേക്കപ്പ്, വിവിധ വേദി ഉപകരണങ്ങളുടെയും നിർമ്മാണം, വാണിജ്യ കലാപ്രവർത്തനങ്ങൾ തുടങ്ങിയ മേഖലകളിൽ പ്രവർത്തിക്കുന്നു. രംഗപടത്തിനും പ്രോപ്പർട്ടി വർക്കുകൾ ചെയ്യുന്നതിനായി 'ഐ മാജിക്ക് വർക്ക്ഷോപ്പ്' എന്ന സ്ഥാപനവും നടത്തുന്നു. നാടകത്തിന്റെ രചന മുതൽ വേദിയിലെ അവതരണത്തിനാവശ്യമായ എല്ലാ പ്രവർത്തനങ്ങളിലും നേരിട്ട് പങ്കാളിയാകാൻ കഴിഞ്ഞിട്ടുണ്ട്. കേരളത്തിലെ പ്രമുഖ നാടകസംഘങ്ങളായ കൊല്ലം കാളിദാസ കലാകേന്ദ്രം, കേരള കല അക്കാദമി മാവേലിക്കര, അമല തിരുവനന്തപുരം, മുദ്ര പത്തനംതിട്ട, അടൂർ വിശ്വകല, കൊല്ലം സ്വാതി, ഡൽഹി രംഗവേദി തുടങ്ങിയ പ്രശസ്ത നാടകസംഘങ്ങളുമായി സഹകരിച്ച് പ്രവർത്തിക്കാനും നിരവധി നാടകാവതരണങ്ങളുടെ ഭാഗമാകാനും സാധിച്ചിട്ടുണ്ട്. നാടക വേദിയിലെ പ്രവർത്തനങ്ങൾക്കൊപ്പം നിരവധി ഹ്രസ്വചിത്രങ്ങളിലും അഭിനയിച്ചിട്ടുണ്ട്. സിനിമയിലും അഭിനയിക്കാൻ കഴിഞ്ഞിട്ടുണ്ട്. തിലകൻ സ്മാരക സംഘത്തിൽ അംഗം മാണ്, തിലകൻ സ്മാരക സംഘത്തിന്റെ അവാർഡ് ലഭിച്ചിട്ടുണ്ട്.

എം.കൃഷ്ണ കുമാരി

കോഴിക്കോട് സ്വദേശി. നർത്തകി. നൃത്ത രംഗത്തു 46 വർഷത്തെ പ്രവർത്തന പാരമ്പര്യം 35 വർഷമായി നൃത്താഞ്ജലി കലാക്ഷേത്ര നൃത്ത വിദ്യാലയം നടത്തിവരുന്നു. ഭരതനാട്യം, മോഹിനിയാട്ടം, കുച്ചിപ്പുടി എന്നിവയിൽ പ്രവീണ്യം നേടിയിട്ടുണ്ട് മലയാള കലാകാരന്മാരുടെ ദേശീയ സംഘടനയായ 'നന്മ'യിൽ പ്രവർത്തിച്ചുവരുന്നു. ആൾ കേരള ഡാൻസ് ടീച്ചേർസ് ഓർഗാനൈസേഷൻ (AKDTO) യിൽ വൈസ് പ്രസിഡണ്ടായി പ്രവർത്തിച്ചിട്ടുണ്ട്. ടി.വി ചാനലിൽ റിയാലിറ്റി ഷോയിൽ അഭിനയിച്ചിട്ടുണ് എം.ഇ.എസ് സ്കൂളിൽ 8 വർഷം നൃത്ത അദ്ധ്യാപികയായി പ്രവർത്തിച്ചിട്ടുണ്ട് ധാരാളം പാവപ്പെട്ട കുട്ടികളെ ഫീസ് വാങ്ങാതെ പഠിപ്പിച്ചിട്ടുണ്ട്. നൃത്യതി കലാ സംഘടനയുടെ ഉർവശി അവാർഡ്, ശാന്തദേവി അവാർഡ്, ബമ്പർ ചിരി അവാർഡ്, പാരിദോഷികം എന്നിവ ലഭിച്ചിട്ടുണ്ട്. കലോത്സവത്തിന് ജഡ്ജ് ആയി പോകാറുണ്ട് ടെലിഫിലിമിലും ഈദ് മുബാറക് റീൽസിലും അഭിനയിച്ചിട്ടുണ്ട്. ഗായിക കൂടിയാണ്. കൊച്ചിയിൽ നടന്ന ഗിന്നസ് വേൾഡ് റെക്കോർഡായ കേരളം പാടുന്നു ദേശത്തിനായി എന്ന പരിപാടിയിൽ പങ്കെടുത്തിട്ടുണ്ട്.

ലിജി ശ്രീവരം

മലപ്പുറം പേങ്ങാട് സ്വദേശി. അധ്യാപിക, ഗാനരചയിതാവ്. രണ്ട് പതിറ്റാണ്ടായി വിദ്യാഭ്യാസ-കലാ-സാംസ്കാരിക രംഗങ്ങളിൽ സജീവമായി പ്രവർത്തിച്ചുവരുന്നു. ദീർഘകാലത്തെ അധ്യാപന പരിചയത്തിനൊപ്പം സ്കൂൾ യുവജനോത്സവങ്ങളിൽ പരിശീലനം നൽകുന്നു. വയനാട് ചൂരൽമല ദുരിതബാധിതർക്ക് ആശ്വാസവും ഒത്തുചേരലിന്റെ കരുത്തും പകരാനായി തയ്യാറാക്കിയ കവിത ഏറെ ശ്രദ്ധിക്കപ്പെട്ടു. വീഡിയോ ആൽബങ്ങളും ഭക്തിഗാനവും പുറത്തിറക്കി. ഇവയിൽ ശ്രീകൃഷ്ണ ഭക്തിഗാനം വലിയ പ്രേക്ഷക ശ്രദ്ധ നേടി. 'ശ്രീവരം പ്രൊഡക്ഷൻസ്' എന്ന പേരിൽ സ്വന്തമായി ഒരു നിർമ്മാണ കമ്പനി ആരംഭിച്ചു. പ്രശസ്ത ഗായകൻ മധു ബാലകൃഷ്ണൻ ആലപിച്ച മ്യൂസിക് ആൽബം നിർമ്മിച്ച് ശ്രദ്ധേയയായി. ധാരാളം നവ മാധ്യമങ്ങളിൽ ചെറുകഥ, കവിതകൾ പ്രസിദ്ധീകരിച്ചുവരുന്നു. 2025-ൽ ഫിലമെന്റ് കലാസാഹിത്യവേദി നടത്തിയ പ്രണയഗാനരചനാ മത്സരത്തിലും, ഫിലമെന്റ് യുവ വേദി സംഘടിപ്പിച്ച നവകേരള ഗാനമത്സരത്തിലും വിജയിയാണ്. മലയാളം കലാസാഹിത്യവേദി പ്രതിഭാ അവാർഡ് ജേതാവാണ്. നിലവിൽ മലയാളം കലാസാഹിത്യവേദിയുടെ സംസ്ഥാന ജോയിന്റ് സെക്രട്ടറിയായി പ്രവർത്തിച്ചു വരുന്നു.

'ഭാരത് സേവക്' ബഹുമതി നൽകി ആദരിച്ചു

'ഭാരത് സേവക്' ബഹുമതികൾ ബി.എസ്. ബാലചന്ദ്രൻ സമ്മാനിക്കുന്നു



ആർച്ചൽ ബാബു



പ്രസീന .വി



ലക്ഷ്മി ചങ്ങണാറ



എസ്. ഇന്ദിരഭായി



എ.എസ്.മുജീബ് റഹ്മാൻ

ആർച്ചൽ ബാബു

കൊല്ലം ആർച്ചൽ സ്വദേശി. 2000 ത്തിൽ കെ.ഡി.എഫ് കൊല്ലം ജില്ലയിലെ യുവജന സെക്രട്ടറിയായി ചുമതലയേറ്റു. അംബേദ്കർ ആശയങ്ങൾ കേരളത്തിൽ ശക്തമായി പ്രചരിപ്പിച്ചതിനാൽകൊട്ടാരക്കര സബ്ജയിലിൽ ജയിൽ വാസം അനുഭവിച്ചു. 2011-12 ൽ ബുദ്ധധമ്മത്തിന്റെ പ്രാധാന്യം മനസ്സിലാക്കി 2015 നവംബർ 22 ന് കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് വെച്ച് 1440 പേർക്ക് ബുദ്ധ ദീക്ഷ നൽകാൻ പ്രവർത്തിക്കുകയും, ഒപ്പം തന്റെ കുടുംബവുമൊത്ത് ദീക്ഷ സ്വീകരിക്കുകയും ചെയ്തു. 2018 ൽ മഹാബോധി ബാംഗ്ലൂരിൽ ധമ്മാ ആചാര്യയായി പഠനത്തിൽ പങ്കെടുത്തു. കേരളത്തിൽ ബുദ്ധധർമ്മം ശക്തമായി പ്രചരിപ്പിച്ചു കൊണ്ടിരിക്കുന്നു.

പ്രസീന .വി

കോഴിക്കോട് ബേപ്പൂർ സ്വദേശിനി. 25 വർഷമായി നൃത്തരംഗത്ത് പ്രവർത്തിച്ചുവരുന്നു. ഭരതനാട്യത്തിൽ ഇന്ത്യ ബുക്ക് ഓഫ് റെക്കോർഡ്. ഏഷ്യ ബുക്ക് ഓഫ് റെക്കോർഡ്. വേൾഡ് റെക്കോർഡ്. എന്നിവ നേടിയിട്ടുണ്ട്. കൂടാതെ ഭരതശ്രേഷ്ഠ. നൃത്തപ്രവീണ. നൃത്ത നിഷ്ണ അവാർഡ് എന്നിവ നേടിയിട്ടുണ്ട് നിർദ്ധരരായ നിരവധി കുട്ടികൾക്ക് സൗജന്യമായി നൃത്തം പഠിപ്പിച്ചു വരുന്നു. കോഴിക്കോട് ബേപ്പൂർ പ്രദേശത്ത് അക്ഷര നൃത്ത വിദ്യാലയം എന്ന സ്ഥാപനം നടത്തിവരുന്നു. നൃത്ത വിദ്യാലയത്തിലെ കുട്ടികളെ സംഘടിപ്പിച്ചു നിരവധി നിർധനരായ വ്യക്തികൾക്കും രോഗശയ്യയിൽ ഉള്ളവർക്കും നൃത്ത വിദ്യാലയത്തിന്റെ പേരിൽ സഹായങ്ങൾ നൽകാറുണ്ട് ഓൾഡേജ് ഹോമിലെ അമ്മമാർക്ക് വിശേഷദിവസങ്ങളിൽ ഭക്ഷണവും വസ്ത്രവും എത്തിച്ചു നൽകാറുണ്ട്. ഓൾ കേരള ഡാൻസ് അസോസിയേഷൻ എന്ന സംഘടനയിൽ എക്സിക്യൂട്ടീവ് അംഗമാണ്. ഈ സംഘടനയിൽ കൂടി രോഗബാധിതരായ ആളുകൾക്കും. നിരവധി ക്യാൻസർ രോഗികൾക്കും സഹായങ്ങൾ എത്തിച്ചു കൊടുക്കാറുണ്ട്. സൗജന്യ നേത്രചികിത്സ ഏർപ്പെടുത്താറുണ്ട്. കലാകാരന്മാരുടെ സംഘടനയായ നന്മയിലും പ്രവർത്തിച്ചു വരുന്നു. Mentali Retarted ആയ കുട്ടികളെ നൃത്തം പഠിപ്പിച്ചു വരുന്നു.

ലക്ഷ്മി ചങ്ങണാറ

തിരുവനന്തപുരം കാലടി സ്വദേശി. ആനുകാലികങ്ങളിലും സോഷ്യൽ മീഡിയകളിലും ഒട്ടേറെ രചനകൾ എഴുതിയിട്ടുണ്ട്. കവിതസമാഹാരങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കഥാസമാഹാരം അടുത്തുതന്നെ പ്രസിദ്ധീകൃതമാകുന്നുണ്ട്. സംസ്ഥാന മദ്യവർജ്ജന സമിതിയുടെ ജസ്റ്റിസ് ഡി. ശ്രീദേവിയുടെ പേരിലുള്ള അക്ഷരശ്രീ പുരസ്കാരം ലഭിച്ചിട്ടുണ്ട്. സോഷ്യൽമീഡിയ വഴി നടത്തിയ കവിതാരചനകളിലും സമ്മാനങ്ങളും കൂടാതെ നിരവധി ആദരവുകളും ലഭിച്ചിട്ടുണ്ട്. തിരുവനന്തപുരം സാന്ദീപനി സേവാട്രസ്റ്റിന്റെ ഗ്രന്ഥശാലയുടെ വൈസ് പ്രസിഡന്റും, Progressive writers Asosssiation ന്റെ തിരുവനന്തപുരം ജില്ലാ എക്സിക്യൂട്ടീവ് അംഗവുമാണ്.

എസ്. ഇന്ദിരഭായി

തിരുവനന്തപുരം പേരൂർക്കട സ്വദേശി. തിരുവനന്തപുരം കോട്ടൻഹിൽ സ്കൂളിൽ നിന്നും അദ്ധ്യാപിക ആയി വിരമിച്ചതിനുശേഷം adovacate ആയി വഞ്ചിയൂർ കോടതിയിൽ പ്രാക്ടീസ് ചെയ്യുന്നു. DPEP. SSA,SSK എന്നീ പ്രൊജക്റ്റ്കളിൽ reosurse perosn ആയി പ്രവർത്തിച്ചിട്ടുണ്ട് SCERT യുടെ Text Book പരിഷ്കരണ പ്രവർത്തനങ്ങളിൽ പ്രവർത്തിച്ചു. AKSTU എന്ന അധ്യാപക സംഘടനയുടെ സബ്ജില്ല പ്രസിഡന്റ്, ജില്ലട്രഷറർ, ജില്ല വനിതാഫോറം ചെയർപേഴ്സൺ എന്നീ സ്ഥാനങ്ങൾ വഹിച്ചിട്ടുണ്ട്. അമ്പതിൽപരം കവിതകൾ എഴുതിയിട്ടുണ്ട്. പള്ളിക്കൽ ഗ്രാമപഞ്ചായത്തിലെ 2026 ലെ മികച്ച വനിതകർഷക അവാർഡ്, വാഫ് കേരളയുടെ ജില്ല -സംസ്ഥാന മീറ്റുകളിൽ javelin throw discuss throw shotput ഇനങ്ങളിൽ ഗോൾഡ് മെഡലുകൾ കരസ്ഥമാക്കിയിട്ടുണ്ട്. ജില്ലാപഞ്ചായത്തിന്റെ വയോജനമേളയിൽ 2025 ൽ മൂന്ന് ത്രോ ഇനങ്ങളിലും ഗോൾഡ് മെഡൽ നേടിയിട്ടുണ്ട്.

എ.എസ്.മുജീബ് റഹ്മാൻ

തിരുവനന്തപുരം മണക്കാട് സ്വദേശി. കാർഷിക മേഖലയിൽ പ്രവർത്തിച്ച് വരുന്നു. ക്ഷീരകൃഷിയിൽ നിന്നും പാൽ ഉല്പന്നങ്ങൾ നിർമ്മിച്ച് വിപണനം നടത്തുന്നു. തേനീച്ച, ആട് ,കോഴി, താറാവ്, കാട, പോത്ത് എന്നിവയേയും വളർത്തി വരുന്നു. തേൻ ഉല്പന്നങ്ങളായ തേൻ ഹൽവ, തേൻ സോപ്പ്, ജെൽ, പുട്ട്പൊടി, കഞ്ഞിക്കൂട്ട് തുടങ്ങി നിരവധി ഭക്ഷ്യോത്പന്നങ്ങൾ വിപണിയിൽ വിതരണം നടത്തുന്നു. വിവിധങ്ങളായ കാർഷിക മേഖലകളെ പ്രോത്സാഹിപ്പിച്ചുകൊണ്ട് വളരെയധികം പേർക്ക് കാർഷിക മേഖലകളിൽ നിന്നും ഉത്പാദിപ്പിക്കുന്ന വിഭവങ്ങളെ ഭക്ഷ്യയോഗ്യമാക്കി വിപണനം ചെയ്യുന്ന തൊഴിൽ ചെയ്യുവാനും ജീവിതമാർഗമായി സ്വീകരിക്കുവാനും സാദ്ധ്യമാക്കിയിട്ടുണ്ട്. ദേശീയ മലയാളിവേദി പ്രസിഡന്റ്, ഗ്ലോബൽ ഹെൽത്ത് ആൻഡ് എഡ്യൂക്കേഷണൽ സൊസൈറ്റി സെക്രട്ടറി, മുഹമ്മദ് റാഫി ഫൗണ്ടേഷൻ പ്രസിഡന്റ്, മലയാളവേദി സെക്രട്ടറി കൂടിയായ മുജീബിന് നിരവധി സന്നദ്ധ സംഘടനകളുടെ പുരസ്ക്കാരങ്ങൾ ലഭിച്ചിട്ടുണ്ട്.



ജിഷ സുനിൽ



ശശിധരൻ ടി.കെ



സുകുമാരൻ കരിന്തലം



കുമാരി. ജുവെറ്റ് മരിയ (കാർത്തുമ്പി)



പ്രമീള എം.എം.

ജിഷ സുനിൽ

കോഴിക്കോട് എലത്തൂർ സ്വദേശിനി. 27 വർഷത്തോളമായി നൃത്തധ്യാപന രംഗത്ത് സജീവമായി പ്രവർത്തിച്ചുവരുന്നു. സ്വദേശമായ എലത്തൂരിൽ ശിവദം നൃത്തവിദ്യാലയം നടത്തിവരുന്നു. സബ്ജില്ലാ ജില്ല സംസ്ഥാന കലോത്സവങ്ങളിൽ നിരവധി കുട്ടികളെ പങ്കെടുപ്പിച്ചു. സിബിഎസ്ഇ സ്റ്റേറ്റ് കലോത്സവങ്ങളിലും നിരവധി സമ്മാനങ്ങൾ കുട്ടികൾക്ക് നേടുവാൻ കഴിഞ്ഞിട്ടുണ്ട്. AKDTO സംഘടനയുമായി ചേർന്ന് മേ ഹോം അഗതിമന്ദിരത്തിൽ പ്രായമായ അമ്മമാർക്ക് ഭക്ഷണവും വസ്ത്രവും നൽകുകയും നൃത്തപരിപാടികൾ അവതരിപ്പിക്കുകയും ചെയ്യുന്നു. നിർധനരായ കുട്ടികൾക്ക് സൗജന്യ നൃത്തപരിശീലനവും അവർക്കുള്ള യൂണിഫോമും നൽകിവരുന്നു. നടന ഭൂഷൻ പുരസ്കാരം ലഭിച്ചിട്ടുണ്ട്. Aida ഡാൻസ് ഫെസ്റ്റിവലിൽ പങ്കെടുത്ത് ഉർവശി അവാർഡ് കരസ്ഥമാക്കിയിട്ടുണ്ട്. ഭരതനാട്യത്തിൽ ഗിന്നസ് വേൾഡ് റെക്കോർഡ് പാർട്ടിസിപേഷൻ സർട്ടിഫിക്കറ്റ് കരസ്ഥമാക്കി. മലയാള കലാകാരന്മാരുടെ ദേശീയ സംഘടനയായ നന്മയിൽ അംഗമാണ്. സെന്റ് വിൻസന്റ് കോളനി സ്കൂളിൽ നൃത്തധ്യാപികയായി സേവനമനുഷ്ഠിക്കുന്നു. ഓൾ കേരള ഡാൻസ് ടീച്ചേഴ്സ് ഓർഗനൈസേഷന്റെ എക്സിക്യൂട്ടീവ് അംഗമായി പ്രവർത്തിച്ചുവരുന്നു.

ശശിധരൻ ടി.കെ

പത്തനംതിട്ട സ്വദേശി. കേരളത്തിന്റെ പാരമ്പര്യകലാരൂപമായ പടയണി എഴുത്തിനെ കഴിഞ്ഞ 5 പതിറ്റാണ്ടായി പത്തനംതിട്ടയിലെ ഭദ്രകാളിക്ഷേത്രങ്ങളിൽ അവതരിപ്പിച്ചു വരുന്നു. അനുഷ്ഠാനകലയായ പടയണി നിരവധി ചെറുപ്പക്കാർക്ക് പരിശീലിപ്പിച്ചും കൊടുക്കുന്നു. കഴിഞ്ഞ 50 വർഷമായി കേരളത്തിലെ പടയണിയുള്ള ഒട്ടുമിക്ക ക്ഷേത്രങ്ങളിലും കോലം എഴുത്തും പടയണി എഴുത്തുമായി പ്രവർത്തിച്ച് വരുന്നു.

സുകുമാരൻ കരിന്തലം

കാസർഗോഡ് സ്വദേശി. 1982-ൽ നവത ദിനപത്രത്തിൽ ലേഖകനായിട്ടാണ് പത്രപ്രവർത്തനം ആരംഭിച്ചത്. ആറ് വർഷം ലേഖകനായിട്ട് പ്രവർത്തിച്ചു തുടർന്ന് 1988-ൽ ജന്മദേശം സായാഹ്ന ദിനപത്രത്തിൽ ലേഖകനായിട്ട് തുടർന്നു. 1992 ൽ സ്വന്തമായി 'ലേസൈറ്റ് വോയ്സ്' സായാഹ്ന ദിനപത്രം ആരംഭിച്ച് അതിന്റെ പത്രാധിപർ ആയിരുന്നു. 2008-ൽ കാസറഗോഡ് നിന്ന് പ്രസിദ്ധീകരിക്കുന്ന കാരവൻ ദിനപത്രത്തിന്റെ സ്റ്റാഫ് റിപ്പോർട്ടറായി. 2017 മുതൽ കാഞ്ഞങ്ങാട് നിന്ന് പ്രസിദ്ധീകരിച്ച് വരുന്ന മലബാർ വാർത്തയിൽ സഹപത്രാധിപരായി പ്രവർത്തിച്ചു.

കുമാരി. ജുവെറ്റ് മരിയ (കാർത്തുമ്പി)

തൊടുപുഴ സ്വദേശി. നർത്തകി. മൂന്ന് വയസു മുതൽ നൃത്തപഠനം. മൂന്ന് തവണ സ്കൂൾ കലാതിലകം. തിരുവനന്തപുരത്ത് വച്ചു നടന്ന സബ് ജില്ലാ കലോത്സവത്തിൽ മൂന്ന് തവണ സബ്ജില്ല വിന്നർ. ശിശു ക്ഷേമ സമതി നടത്തി വരുന്ന മത്സരത്തിൽ തുടർച്ചയായി ഭരത നാട്യം, ഫോക്ക് ഡാൻസ് എന്നി ഇനങ്ങളിൽ A ഗ്രേയ്ഡ് വിന്നർ. DDTA എന്ന സംഘടനയുടെ ആദരവ് ലഭിച്ചു. എറണാകുളത്തു വെച്ച് ശീമാട്ടി നടത്തിയ ഫാഷൻ ഷോയിൽ വിജയി ആയിട്ടുണ്ട് 2025 -ൽ സൗത്ത് കേരള ടൂർസ് & പിൽഗ്രിസ് കോ -ഓപ്പറേറ്റിവ് സൊസൈറ്റിയുടെ മധുരം ജീവിതം എന്ന പ്രോഗ്രാമിൽ സ്നേഹാദരവ് ലഭിച്ചിട്ടുണ്ട്. തുടർച്ചയായി സബ് ജില്ല തലത്തിൽ ശാസ്ത്രമേളയിൽ ബീറ്റ്സ് വർക്കിന് ഒന്നാം സ്ഥാനം കരസ്ഥമാക്കിയിട്ടുണ്ട് കുലശേഖര യു.പി.എസ് സ്കൂളിൽ നാലാംക്ലാസ്സ് വിദ്യാർത്ഥിയാണ്.

പ്രമീള എം.എം.

കോഴിക്കോട് സ്വദേശി. നൃത്തരംഗത്ത് 25 വർഷത്തെ പ്രവർത്തന പാരമ്പര്യം. സോപാനം നൃത്തകലാക്ഷേത്ര നൃത്തവിദ്യാലയം നടത്തിവരുന്നു, കലാപ്രകടനത്തിന് നൃത്തഭൂഷൻ, ആടൽ അരശി പുരസ്കാരങ്ങൾ ലഭിച്ചു. സോപാനം നൃത്ത കലാക്ഷേത്ര വഴി ചികിത്സ ഫണ്ട് നടത്തിവരുന്നു. കലോത്സവങ്ങളിൽ ജഡ്ജ് ആയി പോകാറുണ്ട്. മലയാള കലാകാരൻമാരുടെ ദേശീയ സംഘടന- 'നന്മ' യിൽ ജില്ല ജോയിൻറ് സെക്രടറി, മേഖല പ്രസിഡന്റ് സർഗ്ഗവനിത സംസ്ഥാന ജോയിൻറ് സെക്രട്ടറി എന്നീ നിലയിൽ പ്രവർത്തിക്കുന്നു. ഇപ്പോൾ കോഴിക്കോട് ചേവായൂർ പ്രസന്റേഷൻ ഹയർ സെക്കണ്ടറി സ്കൂളിൽ നൃത്തദ്ധ്യാപികയായി തുടരുന്നു.



ഷൈമ ബാബു



ദർശന എ.ആർ



നീതു മോഹൻ ദാസ്



സുമ രവി



ബീന അജിത്ത്

ഷൈമ ബാബു

കോഴിക്കോട് കുണ്ടൂപറമ്പ് സ്വദേശി. നൃത്താധ്യാപിക. 44 വർഷമായി നൃത്ത രംഗത്ത് തുടരുന്നു. സ്കൂൾ തലങ്ങളിൽ ഭരതനാട്യം, മോഹിനിയാട്ടം, നാടോടിനൃത്തം എന്നീ മത്സരങ്ങളിൽ സമ്മാനങ്ങൾ നേടിയിട്ടുണ്ട്. 16-ാം വയസ്സിൽ നൃത്താധ്യാപികയായി കുട്ടികളെ പഠിപ്പിക്കാൻ തുടങ്ങി. സ്കൂൾ മത്സരങ്ങളിലും, സബ് ജില്ലാ മത്സരങ്ങളിലും വിധികർത്താവായി ഇരിക്കാറുണ്ട്. ഓൾ കേരള ഡാൻസ് ടീച്ചേർസ് ഓർഗനൈസേഷൻ, നന്മ കലാകാര സംഘടന, നന്മ സർഗ്ഗവനിത സംഘടന എന്നീ സംഘടനകളിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ഇപ്പോൾ സർഗ്ഗവനിത സംഘടനയിൽ ജോയിന്റ് സെക്രട്ടറിയായി പ്രവർത്തിച്ചുവരുന്നു. അഴകൊടി ക്ഷേത്രത്തിൽ വെച്ചുനടന്ന നൃത്യകലാക്ഷേത്രം സ്കൂൾ ഓഫ് ഡാൻസിന്റെ ഉർവ്വശി അവാർഡ് ലഭിച്ചിട്ടുണ്ട്. നന്മ സർഗ്ഗോത്സവത്തിൽ ഭരതനാട്യം എ ഗ്രേഡ്, നാടോടിനൃത്തം II A ഗ്രേഡ്, സംഘനൃത്തം ഫസ്റ്റ് എ ഗ്രേഡ് എന്നീ സമ്മാനങ്ങൾ നേടിയിട്ടുണ്ട്. സർഗ്ഗാത്മക കലാ പ്രവർത്തനത്തിനുള്ള അവാർഡ് നേടിയിട്ടുണ്ട്

ദർശന എ.ആർ

തിരുവനന്തപുരം ശാസ്തമംഗലം സ്വദേശി. നൃത്ത അധ്യാപിക, പെർഫോമിംഗ് ആർട്ടിസ്റ്റ്. ഭരതനാട്യം, മോഹിനിയാട്ടം, സെമി-ക്ലാസിക്കൽ നൃത്തം, കുച്ചിപ്പുടി, ഒഡിസി, കഥക്, തുടങ്ങിയ നൃത്തങ്ങളിൽ പ്രാവണ്യം നേടിയിട്ടുണ്ട്. നൃത്ത അധ്യാപികയും പെർഫോമിംഗ് ആർട്ടിസ്റ്റുമാണ്. തിരുവനന്തപുരം ശാസ്തമംഗലത്ത് ആസ്ഥാനമായുള്ള ദർശന ഡാൻസ് അക്കാദമിയുടെ സ്ഥാപകയാണ്. മുതിർന്ന പൗരന്മാരെ നൃത്തത്തിലൂടെ ശാക്തീകരിക്കുക മികച്ച നർത്തകരാക്കി മാറ്റുക എന്നതാണ് ദർശന ഡാൻസ് അക്കാദമിയുടെ പ്രാഥമിക ലക്ഷ്യം. ധാരാളം പാവപ്പെട്ട കുട്ടികളെ ഫീസ് വാങ്ങാതെ പഠിപ്പിച്ചിട്ടുണ്ട്. ഇന്ത്യൻ ബുക്ക്സ് ഓഫ് റെക്കാർഡ്സ് അവാർഡ് ലഭിച്ചിട്ടുണ്ട്.

നീതു മോഹൻ ദാസ്

പാലക്കാട് ചെത്തല്ലൂർ സ്വദേശിനി. 20 വർഷമായി നൃത്ത അധ്യാപികയായി തുടരുന്നു. 'നടനകലാക്ഷേത്ര' എന്ന പേരിൽ നൃത്ത വിദ്യാലയം നടത്തി വരുന്നു. വിവിധ സ്ഥലങ്ങളിലെ ക്ലാസ്സുകളിലായി നൂറോളം കുട്ടികളെ നൃത്തം അഭ്യസിപ്പിച്ചു വരുന്നു. നൃത്ത പരിപാടികൾ അവതരിപ്പിച്ച് വേദികളിൽ സജീവമാണ്. ധാരാളം ക്ഷേത്രങ്ങളിലും മറ്റനവധി വേദികളിലും പ്രോഗാമുകൾ ചെയ്തിട്ടുണ്ട്. സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന എല്ലാ കുട്ടികൾക്കും മൽസരവേദികളിലും അരങ്ങേറ്റ വേദികളിലും, മറ്റു പരിപാടികൾ അവതരിപ്പിക്കുമ്പോഴും എല്ലാം പ്രതിഫലമില്ലാതെ പങ്കെടുപ്പിക്കുകയും ആവശ്യമായ സഹായങ്ങൾ ചെയ്തു കൊടുക്കുകയും ചെയ്യാറുണ്ട്. നൃത്ത അദ്ധ്യാപികയായി നിരവധി സ്കൂളുകളിൽ സേവനമനുഷ്ഠിക്കുന്നു.

സുമ രവി

കോഴിക്കോട് തെയ്യപ്പാറ സ്വദേശിനി. കവയിത്രി. നഴ്സ് ആയി ജോലിചെയ്യുന്നു. ആദ്യമായി എഴുതിയ കവിത കൊച്ചിൻ സാഹിത്യ അക്കാദമിയുടെ കാവ്യമാമാങ്കത്തിൽ പങ്കെടുത്ത് ഏഷ്യ ബുക്ക് ഓഫ് റെക്കോർഡ് കരസ്ഥമാക്കി. രണ്ട് പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. സുവർണ കവിതാ പുരസ്കാരം, ശൂരനാട് കുഞ്ഞൻപിള്ള കവിതാ പുരസ്കാരം, സുവർണ തൂലിക പുരസ്കാരം, സുവർണാഞ്ജലി പുരസ്കാരം, വയലാർ രാമവർമ സുവർണ കവിതാ പുരസ്കാരം, അക്ഷരശ്രീ പുരസ്കാരം, രബീന്ദ്രനാഥ ടാഗോർ സ്പെഷ്യൽ ജൂറി അക്ഷര ശ്രീ പുരസ്കാരം, ബാലാമണിയമ്മ സ്മാരക സ്പെഷ്യൽ ജൂറി പുരസ്കാരം എന്നിവയ്ക്ക് അർഹയായി.

ബീന അജിത്ത്

കോഴിക്കോട് സ്വദേശിനി. സാഹിത്യകാരി. കവിതകൾ, കഥകൾ, നോവലുകൾ, ലേഖനങ്ങൾ എന്നിങ്ങനെ സാഹിത്യത്തിന്റെ വിവിധ ശാഖകളിൽ സർഗവൈഭവം തെളിയിച്ചിട്ടുണ്ട്. കവിയരങ്ങിലെ സജീവ പങ്കാളിത്തത്തിലൂടെയും നേടിയെടുത്ത അന്താരാഷ്ട്ര അംഗീകാരമായ Asia Book of Records ന് അർഹയായി. കലാഭവൻ മണി പുരസ്ക്കാരം, കാവ്യദളം കാവ്യാക്ഷര പുരസ്ക്കാരം, കൊച്ചിൻ സാഹിത്യ അക്കാദമി പുരസ്ക്കാരം, സാഹിത്യ പ്രതിഭാ പുരസ്ക്കാരം എന്നിവ ലഭിച്ചിട്ടുണ്ട്.

ഗാന്ധി ഭാരത്

അന്താരാഷ്ട്ര അഹിംസാദിനം

ശ്രീലത എ.പി

മഹാത്മാഗാന്ധിയുടെ ജന്മദിനമായ ഒക്ടോബർ-2ന് ലോകമെമ്പാടും അഹിംസാദിനമായി ആചരിക്കുന്നു. സമാധാനത്തിന്റെയും, അഹിംസയുടെയും സന്ദേശം പ്രചരിപ്പിക്കാനാണ് ഈ ദിവസം സന്ദേശം നൽകുന്നത്. ഇന്ത്യയെ സ്വാതന്ത്ര്യത്തിന്റെ പാതയിലേക്ക് നയിച്ച ഗാന്ധിജിയെ അന്താരാഷ്ട്ര സമൂഹം അംഗീകരിക്കുന്നു എന്നതിന്റെ തെളിവായിട്ടാണ് ഒക്ടോബർ-2 ഐക്യരാഷ്ട്ര സഭ അഹിംസാദിനമായി ആചരിക്കുന്നത്. 2007-ജൂൺ-15ന് പാസാക്കിയ 61/271 എന്ന പ്രമേയത്തിലൂടെയാണ് ഐക്യരാഷ്ട്ര സഭയുടെ പൊതുസഭ അന്താരാഷ്ട്ര അഹിംസാദിനം പ്രഖ്യാപിച്ചത്.

പ്രമേയം അനുസരിച്ച് ഒക്ടോബർ-2 അന്താരാഷ്ട്ര അഹിംസാദിനമായി മാറ്റി വച്ചിട്ടുണ്ടെന്നും വിദ്യാഭ്യാസത്തിലൂടെയും പൊതു വിവരങ്ങളിലൂടെയും അഹിംസയുടെ തത്വം പ്രോത്സാഹിപ്പിക്കണമെന്നും ആവശ്യപ്പെട്ടു. സമാധാനം മനുഷ്യാവകാശങ്ങൾ, വികസനം, സഹിഷ്ണുത, ധാരണ എന്നിവയുടെ പ്രോത്സാഹനവുമായി അഹിംസ ബന്ധപ്പെട്ടിരിക്കുന്നു. 2007 ഒക്ടോബർ-2ന് ആദ്യത്തെ അന്താരാഷ്ട്ര ദിനം ആചരിച്ചു.



ഇന്ത്യയിലെ സ്വാതന്ത്ര്യസമരത്തിൽ മഹാത്മാഗാന്ധി സമാധാനപരമായ ഒരു ചെറുത്തു നിൽപ്പിന്റെ രീതി വികസിപ്പിക്കുകയും നടപ്പിലാക്കുകയും ചെയ്തു. അദ്ദേഹം പിന്തുടർന്ന സാങ്കേതിക വിദ്യ അഹിംസയുമായും സത്യാഗ്രഹമായും ബന്ധപ്പെട്ടതായിരുന്നു. ഇത് ലോകമെമ്പാടുമുള്ള സാമൂഹിക മാറ്റങ്ങൾക്കും, പൗരവകാശങ്ങൾക്കും വേണ്ടിയുള്ള പ്രസ്ഥാനങ്ങളിൽ അഹിംസയുടെ തത്വശാസ്ത്രവും, സാങ്കേതികതയും വലിയ സ്വാധീനം ചെലുത്തിയതായി ഐക്യരാഷ്ട്രസഭ കണക്കാക്കുന്നു. അഹിംസയെ പൊതുവെ ഒരു ദോഷവും ചെയ്യാതിരിക്കൽ എന്നാണ് അറിയപ്പെടുന്നത്. ഇന്ത്യയിലെ കോളോണിയലിസത്തിനെതിരായ തന്റെ പ്രസ്ഥാനങ്ങളിൽ ഗാന്ധിജി അഹിംസ എന്ന ആശയം പ്രയോഗിച്ചു. ശാരീരികമായ അക്രമം ഒഴിവാക്കുക എന്നത് മാത്രമല്ല ഈ ആശയത്തിന്റെ അർത്ഥം. സത്യത്തിനായി സമർപ്പിതരായി അനീതിയെ സമാധാനപരമായി ചെറുക്കുക എന്നതായിരുന്നു അതിന്റെ അർത്ഥം.

ഇന്ത്യയിൽ ഒക്ടോബർ 2ന് രണ്ട് പ്രാധാന്യങ്ങൾ ഉണ്ട്. ഗാന്ധിജയന്തിയും, അഹിംസാദിനവും കൂടിയാണ്. ഗാന്ധിജിയുമായി ബന്ധപ്പെട്ട വിവിധ പരിപാടികൾ മതപ്രഭാഷണങ്ങൾ, പ്രവർത്തനങ്ങൾ, സേവനങ്ങൾ എന്നിവയാണ് ഗാന്ധിജയന്തി ദിനത്തിൽ ആഘോഷിക്കുന്നത്. ഒക്ടോബർ 2 ഇന്ത്യയിൽ പൊതു അവധി കൂടിയാണ്. ഗാന്ധിജിയുടെ പൈതൃകത്തെ സമാധാനം, സഹിഷ്ണുത, അഹിംസ എന്നിവയുടെ സാർവത്രിക മൂല്യങ്ങളുമായി ബന്ധിപ്പിക്കുന്നതിലൂടെ ഐക്യരാഷ്ട്രസഭയുടെ ഈ ആഘോഷം അന്താരാഷ്ട്രതലത്തിൽ തിളക്കമാർന്ന് നിൽക്കുന്നു.

ഗാന്ധിജിയുടെ നൂറ്റി അമ്പതേഴാം ജന്മവാർഷികമായ 2026 ഒക്ടോബർ 2ന് ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങലിലും ഗാന്ധിജിയുടെ ജന്മസ്ഥലമായ പോർബന്തറിലും ഗാന്ധി ജയന്തിയും, അഹിംസാദിനവും വിവിധ പരിപാടികളോടെ ആചരിക്കുകയുണ്ടായി. ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും ജില്ലകളിലും വിപുലമായ ശുചിത്വ കാമ്പെയ്നുകൾ നടന്നു. സ്കൂളിലും, കോളേജുകളിലും ലഹരി വിരുദ്ധ റാലികളും, പ്രതിജ്ഞകളും സംഘടിപ്പിച്ചു. ഗാന്ധി സ്മാരകങ്ങളിലും ജില്ലാ ആസ്ഥാനങ്ങളിലും സമാധാന സന്ദേശം വിളിച്ചോതുന്ന സർവ്വമത പ്രാർത്ഥനകൾ നടന്നു. ഗാന്ധിജിയുടെ ഓർമ്മ പുതുക്കി ഖാദി ഗ്രാമോദ്യോഗ് ഭവനങ്ങളുടെ നേതൃത്വത്തിൽ പ്രത്യേക റിബേറ്റുകളോടെയുള്ള ഖാദി വസ്ത്ര വില്പനയും പ്രദർശനങ്ങളും വിവിധ ജില്ലകളിൽ സംഘടിപ്പിക്കപ്പെട്ടു.. ഗാന്ധിജിയുടെ മൂല്യങ്ങൾ ഉയർത്തി പിടിക്കുന്ന വിവിധ സാംസ്കാരിക പരിപാടികളും, സെമിനാറുകളും, ശുചിത്വ കാമ്പെയ്നുകൾ, എക്സിബിഷനുകൾ എന്നിവയും നടന്നു.

സംസ്കാരഭാരതം ട്രസ്റ്റ് ഗാനസദസ്സ്

ഒട്ടേറെ ഗായകർ സംബന്ധിച്ചു



സംസ്കാരഭാരതം ഗാനസദസ്സ് ഗായിക ബിന്ദു രവി ഉദ്ഘാടനം ചെയ്യുന്നു

തിരുവനന്തപുരം: സംസ്കാരഭാരതം ട്രസ്റ്റിന്റെ പ്രതിമാസ പരിപാടിയായ 'പാടാം നമുക്ക് പാടാം' ഗായിക ബിന്ദു രവി ഉദ്ഘാടനം ചെയ്തു.

കവടിയാർ സദ്ഭാവനാ ഭവൻ ആഡിറ്റോറിയത്തിൽ നടന്ന ഗാനസദസ്സിൽ ബി.എസ്.എസ് ചെയർമാനും സംസ്കാരഭാരതം ട്രസ്റ്റ് ചെയർമാനുമായ ബി.എസ്. ബാലചന്ദ്രൻ അധ്യക്ഷനായിരുന്നു. ട്രസ്റ്റ് സെക്രട്ടറി ജയ ശ്രീകുമാർ സ്വാഗതമാശംസിച്ചു. ഒട്ടേറെ ഗായകർ ഗാനസദസ്സിൽ സംബന്ധിച്ചു. സംസ്കാരഭാരതം ട്രസ്റ്റ് കൾച്ചറൽ റിലേഷൻസ് ഓഫീസർ സ്മിതാ മനോജ് കൃത്ഞത രേഖപ്പെടുത്തി.

സംസ്കാര ഭാരതം കാവ്യസദസ്സ്

മികച്ച കവി കെ.എസ്. ചെട്ടിയാർ



കാവ്യസദസ്സ് ശാന്താതുളസീധരൻ ഉദ്ഘാടനം ചെയ്യുന്നു

തിരുവനന്തപുരം: സംസ്കാരഭാരതം കാവ്യസദസ്സ് കവടിയാർ സദ്ഭാവനാ ഭവൻ ആഡിറ്റോറിയത്തിൽ നടന്നു.

സംസ്കാര ഭാരതം ട്രസ്റ്റ് ചെയർമാൻ ബി.എസ്. ബാലചന്ദ്രൻ അധ്യക്ഷനായിരുന്ന ചടങ്ങിൽ കാവ്യസദസ്സിൽ അവതരിപ്പിക്കപ്പെട്ട കവിതകൾ കോർത്തിണക്കിയ 'കാവ്യമാല'യുടെ പ്രകാശനകർമ്മവും നടന്നു.

കാവ്യസദസ്സിന്റെ ഉദ്ഘാടനവും പുസ്തക പ്രകാശനവും അദ്ധ്യാപികയും എഴുത്തുകാരിയുമായ ശാന്താ തുളസീധരൻ നിർവ്വഹിച്ചു. അവതരിപ്പിക്കപ്പെട്ട കവിതകളിൽ മികച്ച കവിതയ്ക്കുള്ള പുരസ്കാരവും ശാന്താ തുളസീധരൻ സമ്മാനിക്കുകയുണ്ടായി. കെ.എസ്.ചെട്ടിയാരാണ് മികച്ച കവിതയ്ക്കുള്ള പുരസ്കാരത്തിന് അർഹനായത്.

സംസ്കാരഭാരതം ട്രസ്റ്റ് ചെയർമാൻ ബി.എസ്. ബാലചന്ദ്രൻ അധ്യക്ഷത വഹിച്ച ചടങ്ങിൽ സെക്രട്ടറി ജയ ശ്രീകുമാർ സ്വാഗതമാശംസിച്ചു. കൾച്ചറൽ റിലേഷൻസ് ഓഫീസർ സ്മിത മനോജ് കൃതജ്ഞത രേഖപ്പെടുത്തി.



മികച്ച കവിതയ്ക്കുള്ള പുരസ്കാരം കെ.എസ്. ചെട്ടിയാർ ഏറ്റുവാങ്ങുന്നു

ബി.എസ്.എസിന്റെ സത്സംഗം പരിപാടിയിൽ മുൻ ഡി.ജി.പി അലക്സാണ്ടർ ജേക്കബും മുൻമന്ത്രി മുല്ലക്കര രത്നാകരനും





1. സത്സംഗം പരിപാടിയിൽ പ്രഭാഷണം നടത്തുന്ന മുൻ മന്ത്രി മുല്ലക്കര രത്നാകരൻ. 2. സത്സംഗം പരിപാടിയിൽ മുൻ ഡി.ജി.പി അലക്സാണ്ടർ ജേക്കബ്

തിരുവനന്തപുരം: ഭാരത് സേവക് സമാജിന്റെ ആഭിമുഖ്യത്തിൽ വെവ്വേറെ സംഘടിപ്പിക്കപ്പെട്ട സത്സംഗം പരിപാടികളിൽ മുൻ ഡി.ജി.പി അലക്സാണ്ടർ ജേക്കബും മുൻ മന്ത്രി മുല്ലക്കര രത്നാകരനും പ്രഭാഷണങ്ങൾ നടത്തി.

വായനയുടെ കാര്യത്തിലും വിജ്ഞാനത്തിന്റെ കാര്യത്തിലും പ്രസംഗകലയുടെ കാര്യത്തിലും 'ഒരേതൂവൽപക്ഷി'കളെന്നു വിശേഷിപ്പിക്കാവുന്ന അവരുമായുള്ള അശയവിനിമയം സംവാദകർക്ക് നവ്യാനുഭവം പ്രദാനം ചെയ്തു.

പുസ്തകവായന ഇരുവർക്കും ഒരേപോലെ 'ഹര'മാണ്. പരിപാവന മതഗ്രന്ഥങ്ങളായ ഭഗവദ്ഗീതയും, ബൈബിളും, ഖുറാനും ഇരുവർക്കും ഒരേപോലെ ഹൃദിസ്ഥമാണ്. മൂന്ന് ഗ്രന്ഥങ്ങളുടേയും താരതമ്യ പഠത്തിന്റെ കാര്യത്തിലും ഇരുവരും അകമകമിഹയാ മുന്നിട്ടുനിൽക്കുന്നു. ഇരുവരും ഉജ്ജ്വല വാഗ്മികളുമാണ്.

ഡോ. അലക്സാണ്ടർ ജേക്കബ് എഴുതിയ പുസ്തകങ്ങളിൽ 'ദൈവത്തിന്റെ കളിപ്പാവ' എന്ന അദ്ദേഹത്തിന്റെ ആത്മകഥാ രൂപത്തിലുള്ള പുസ്തകവും മുല്ലക്കര രത്നാകരന്റെ 'മഹാഭാരതത്തിലൂടെ' എന്ന കൃതിയും ഏറെ പ്രശസ്തമായവയാണ്. കത്തോലിക്കാ മതവിശ്വാസിയായ അലക്സാണ്ടർ ജേക്കബ് തന്റെ മരണാനന്തര ചടങ്ങുകൾ ഏതുവിധത്തിലായിരിക്കണം എന്നതു സംബന്ധിച്ച് രേഖാമൂലം നൽകിയിട്ടുള്ള നിർദ്ദേശം ഏറെ ചർച്ച ചെയ്യപ്പെട്ടതാണ്. തന്റെ ഭൗതിക ശരീരം പെട്ടിയിലടച്ച് സംസ്ക്കരിക്കരുതെന്നും അഗ്നിയിൽ ദഹിപ്പിക്കണമെന്നുമുള്ള അദ്ദേഹത്തിന്റെ നിർദ്ദേശമാണ് അന്ന് ചർച്ചചെയ്യപ്പെട്ടത്.

ഒരു മന്ത്രിയെന്ന നിലയിൽ ഏവരാലും അംഗീകരിക്കപ്പെട്ട പ്രവർത്തനമായിരുന്നു മുല്ലക്കര രത്നാകരന്റേത്. കാർഷികരംഗത്ത് ഒട്ടേറെ ഗുണകരമായ മാറ്റങ്ങൾ വരുത്തുവാൻ കൃഷിവകുപ്പ് മന്ത്രിയെന്ന നിലയിൽ അദ്ദേഹത്തിന് കഴിഞ്ഞു.

രണ്ട് പരിപാടികളിലും ബി.എസ്.എസ് ദേശീയ ചെയർമാൻ ബി.എസ്. ബാലചന്ദ്രൻ അദ്ധ്യക്ഷത വഹിച്ചു. ഡയറക്ടർ ജനറൽ ജയ ശ്രീകുമാർ സ്വാഗതമാശംസിച്ചു. പ്രോഗ്രാം ഓഫീസർ ആശാ റാണി എ.എസ്, അസിസ്റ്റന്റ് ഡയറക്ടർ രഞ്ജിനി പ്രശാന്ത് എന്നിവർ ഏകോപനം നിർവ്വഹിച്ചു.



രാജി അജിത്ത്

അറിവിന്റെ മധുകണങ്ങൾ

മൂടൽ മഞ്ഞിനിടയിലും ഇന്ത്യക്ക് കാഴ്ചയൊരുക്കിയ ശാസ്ത്രജ്ഞ; ഡോ. ശുഭ വെങ്കടേശ അയ്യങ്കാർ

വിമാനത്താവളങ്ങളിലെ റൺവേ ദൃശ്യപരിധി അളക്കുന്ന തദ്ദേശീയ സംവിധാനമായ 'ഡ്രിഷ്ടി'യുടെ വികസനവുമായി ബന്ധപ്പെട്ട ശാസ്ത്ര സംഭാവനകൾ ശ്രദ്ധേയമാകുന്നു.

വ്യോമയാന സുരക്ഷയുമായി ബന്ധപ്പെട്ടുള്ള നിർണായക സാങ്കേതികവിദ്യകളുടെ വികസന കാര്യത്തിൽ വിലപ്പെട്ട സംഭാവനകൾ നൽകിയ ഇന്ത്യൻ വനിതാ ശാസ്ത്രജ്ഞയാണ് ഡോ. ശുഭ വെങ്കടേശ അയ്യങ്കാർ. വിമാനത്താവളങ്ങളിൽ മൂടൽമഞ്ഞ് മൂലം കാഴ്ചപരിധി കുറയുമ്പോൾ റൺവേയുടെ ദൃശ്യപരിധി അളക്കാൻ സഹായിക്കുന്ന തദ്ദേശീയ സംവിധാനമായ 'ഡ്രിഷ്ടി'യുമായി ബന്ധപ്പെട്ട ഗവേഷണപ്രവർത്തനങ്ങളാണ് അവരെ ശ്രദ്ധേയയാക്കിയത്.

ബംഗളൂരുവിലെ സി.എസ്.ഐ.ആർ-നാഷണൽ എയറോ സ്പേസ് ലബോറട്ടറീസുമായി (CSIR-NAL) ബന്ധപ്പെട്ട് പ്രവർത്തിച്ച ഡോ. അയ്യങ്കാർ, സെൻസർ സാങ്കേതികവിദ്യ, മെറ്റീരിയൽസ് സയൻസ്, എയറോസ്പേസ് ഗവേഷണം തുടങ്ങിയ മേഖലകളിലും സംഭാവനകൾ നൽകിയിട്ടുണ്ട്.

മൂടൽമഞ്ഞും പ്രതികൂല കാലാവസ്ഥയും വിമാനങ്ങളുടെ ലാൻഡിങ്ങിനെയും ടേക്ക് ഓഫിനേയും ബാധിക്കാനുള്ള സാധ്യതകൾ ഏറെയാണ്. ഇത്തരം സാഹചര്യങ്ങളിൽ റൺവേ എത്രദൂരം വരെ വ്യക്തമായി കാണാൻ കഴിയുമെന്ന് വിലയിരുത്താൻ സഹായിക്കുന്ന സംവിധാനമാണ് ഡ്രിഷ്ടി. റൺവേ വിഷ്വൽ റേഞ്ച് (RVR) അളക്കുവാൻ സാധിക്കുന്നതിലൂടെ വിമാനത്താവളങ്ങളിലെ സുരക്ഷ കൂടുതൽ ഉറപ്പാക്കപ്പെടുന്നു.

ഇന്ത്യയിൽ തന്നെ ഇത്തരം സാങ്കേതികവിദ്യകൾ വികസിപ്പിക്കപ്പെടുന്നതിലൂടെ വിദേശ ഉപകരണങ്ങളിലുള്ള ആശ്രിതത്വം കുറയ്ക്കുന്നതിനും രാജ്യത്തിന്റെ ശാസ്ത്ര സാങ്കേതികശേഷി വർധിപ്പിക്കുന്നതിനും സഹായകമാകുന്നു.

ശാസ്ത്രഗവേഷണത്തിന്റെ യഥാർത്ഥ വിജയം അധിഷ്ഠതമായിരിക്കുന്നത് മനുഷ്യജീവിതത്തിലും രാജ്യത്തിന്റെ പുരോഗതിയിലും സൃഷ്ടിക്കപ്പെടുന്ന ഗുണപരമായ മാറ്റങ്ങളിലാണ്. വ്യോമയാന സുരക്ഷക്കായുള്ള തദ്ദേശീയ സാങ്കേതികവിദ്യകൾ വികസിപ്പിക്കുന്നതുപോലുള്ള പ്രവർത്തനങ്ങൾ ശാസ്ത്രത്തിന്റെ പ്രായോഗിക പ്രസക്തിയിലേക്ക് വിരൽചൂണ്ടുന്നു. ഡോ. ശുഭ വെങ്കടേശ അയ്യങ്കാറിന്റെ ഗവേഷണ സംഭാവനകൾ ശാസ്ത്രരംഗത്ത് വനിതകൾക്ക് കൈവരിക്കാനാകുന്ന നേട്ടങ്ങളുടെ മകുടോദാഹരണമാണ്.

മൂടൽമഞ്ഞ് കാഴ്ചയെ മറയ്ക്കുമ്പോഴും സാങ്കേതികവിദ്യയിലൂടെ അത് മറികടക്കാനാകുന്നു എന്നത് 'ഡ്രിഷ്ടി'യുടെ പ്രസക്തി വ്യക്തമാക്കുന്നു. ശാസ്ത്രബോധവും ഗവേഷണ താൽപര്യവും വളർത്തിയെടുക്കുന്ന പുതിയ തലമുറയ്ക്ക് ഇത്തരം ശാസ്ത്രജീവിതങ്ങൾ പ്രചോദനമാകട്ടെ.

എഴുത്തിന്റെ ആദരങ്ങൾ

വള്ളത്തോൾ പുരസ്കാരം: അക്ഷരലോകത്തിന്റെ അഭിമാനമുദ്ര



ഡോ: സുജ സതീഷ്

മലയാള ഭാഷയ്ക്കും സാഹിത്യത്തിനും വിലപ്പെട്ട സംഭാവനകൾ നൽകിയ പ്രതിഭകളെ ആദരിക്കുന്ന മലയാള സാഹിത്യ രംഗത്തെ ശ്രദ്ധേയമായ അംഗീകാരങ്ങളിലൊന്നാണ് വള്ളത്തോൾ പുരസ്കാരം. ആധുനിക മലയാള കവിത്രയത്തിലെ പ്രമുഖനും ദേശീയ ബോധത്തിന്റെയും സാംസ്കാരിക നവോത്ഥാനത്തിന്റെയും ഉജ്ജ്വല വക്താവുമായിരുന്ന മഹാകവി വള്ളത്തോൾ നാരായണമേനോന്റെ സ്മരണാർത്ഥം വള്ളത്തോൾ സാഹിത്യസമിതി 1991-ലാണ് ഈ പുരസ്കാരം ഏർപ്പെടുത്തിയത്. സാഹിത്യരംഗത്ത് തനതായ വ്യക്തിമുദ്ര പതിപ്പിച്ച എഴുത്തുകാരുടെ സമഗ്രസംഭാവനകളെ ആദരിക്കുക എന്ന ലക്ഷ്യത്തോടെ നൽകുന്ന ഈ ബഹുമതി 1,11,111 രൂപയും ഫലകവും പ്രശസ്തി പത്രവും അടങ്ങുന്നതാണ്.

1991-ൽ പ്രശസ്ത കവി പാലാ നാരായണൻ നായർക്കാണ് പ്രഥമ വള്ളത്തോൾ പുരസ്കാരം ലഭിച്ചത്. തുടർന്ന് ശൂരനാട് കുഞ്ഞൻപിള്ള, വൈക്കം മുഹമ്മദ് ബഷീർ, ബാലാമണിയമ്മ, തകഴി ശിവശങ്കരപ്പിള്ള, അക്കിത്തം അച്യുതൻനമ്പൂതിരി, എം.ടി.വാസുദേവൻ നായർ, ഒ.എൻ.വി.കുറുപ്പ്, സുഗതകുമാരി, എം.മുകുന്ദൻ, പോൾ സക്കറിയ തുടങ്ങി മലയാള സാഹിത്യത്തെ സമ്പന്നമാക്കിയ നിരവധി പ്രതിഭകൾ വിവിധ വർഷങ്ങളിലായി ഈ ബഹുമതിക്ക് അർഹരായി. 1993-ൽ വൈക്കം മുഹമ്മദ് ബഷീറും ബാലാമണിയമ്മയും സംയുക്തമായാണ് പുരസ്കാരം പങ്കിട്ടത്. 2019-ൽ പോൾ സക്കറിയയ്ക്കാണ് ഈ ബഹുമതി ലഭിച്ചത്. കവിത, കഥ, നോവൽ, സാഹിത്യനിരൂപണം തുടങ്ങി വിവിധ മേഖലകളിൽ ശ്രദ്ധേയമായ സംഭാവനകൾ നൽകിയ സാഹിത്യകാരന്മാരെ ആദരിക്കുന്നതിലൂടെ ഈ പുരസ്കാരം മലയാള സാഹിത്യത്തിന്റെ വൈവിധ്യവും സർഗസമ്പന്നതയും അടയാളപ്പെടുത്തുന്നു.

മലയാള കവിതയ്ക്ക് നവചൈതന്യവും ദേശീയബോധവും പകർന്നുനൽകിയ മഹാപ്രതിഭയായിരുന്നു വള്ളത്തോൾ നാരായണ മേനോൻ. ഭാരതീയ സംസ്കാരത്തോടും മാതൃഭാഷയോടുമുള്ള അഗാധസ്നേഹവും സ്വാതന്ത്ര്യാഭിലാഷവും മാനവികതയും അദ്ദേഹത്തിന്റെ കാവ്യലോകത്തിൽ നിറഞ്ഞുനിന്നു. കവിതയെ കേവലം സൗന്ദര്യാനുഭൂതിയുടെ തലത്തിൽ ഒതുക്കാതെ സാമൂഹിക ഉണർവ്വിന്റെയും ദേശീയ ഐക്യത്തിന്റെയും ശക്തമായ മാധ്യമമാക്കി മാറ്റാൻ അദ്ദേഹത്തിനു കഴിഞ്ഞു. മനുഷ്യജീവിതത്തിന്റെ വൈവിധ്യമാർന്ന അനുഭവങ്ങളും സമൂഹത്തിന്റെ ആശയാഭിലാഷങ്ങളും അദ്ദേഹത്തിന്റെ രചനകളിൽ പ്രതിഫലിച്ചു. ഭാഷയുടെ സൗന്ദര്യവും ആശയങ്ങളുടെ ഗാംഭീര്യവും സമന്വയിപ്പിച്ച അദ്ദേഹത്തിന്റെ കാവ്യസൃഷ്ടികൾ മലയാള സാഹിത്യത്തിന് പുതിയ ദിശാബോധം പകർന്നു.

സാഹിത്യരംഗത്തെ സംഭാവനകൾക്കപ്പുറം, കേരളത്തിന്റെ കലാസാംസ്കാരിക പൈതൃകത്തിന്റെ സംരക്ഷണത്തിലും വള്ളത്തോൾ നിർണ്ണായക പങ്കുവഹിച്ചു. കേരളത്തിന്റെ തനതു കലാരൂപമായ കഥകളിയുടെ പുനരുജ്ജീവനത്തിനായി 1930-ൽ അദ്ദേഹം സ്ഥാപിച്ച കേരള കലാമണ്ഡലം കേരളീയ കലകളുടെ സംരക്ഷണത്തിനും ആഗോളതലത്തിലുള്ള പ്രചാരണത്തിലും ചരിത്രപരമായ പങ്കുവഹിച്ചു. പരമ്പരാഗത കലാരൂപങ്ങൾ വിസ്മൃതിയിലാണ്ടുപോകാതെ അവയുടെ തനിമയും മഹത്വവും പുതിയ തലമുറകളിലേക്ക് പകർന്നുനൽകാൻ അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ സഹായിച്ചു. സാഹിത്യവും കലയും ഒരു സമൂഹത്തിന്റെ സാംസ്കാരിക വ്യക്തിത്വത്തെ രൂപപ്പെടുത്തുന്ന ശക്തികളാണെന്ന തിരിച്ചറിവായിരുന്നു അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾക്ക് അടിത്തറയായത്.

മഹാകവി വള്ളത്തോളിന്റെ പേരിൽ ഏർപ്പെടുത്തിയ ഈ പുരസ്കാരം കേവലമൊരു സാഹിത്യബഹുമതിയല്ല; മലയാളത്തിന്റെ സാംസ്കാരിക പൈതൃകത്തോടുള്ള ആദരവിന്റെ പ്രതീകം കൂടിയാണ്. പുരസ്കാര ജേതാക്കളുടെ സാഹിത്യസൃഷ്ടികൾ വ്യത്യസ്ത കാലഘട്ടങ്ങളിലെ സാമൂഹികജീവിതത്തിന്റെയും ചിന്താധാരകളുടെയും നേർചിത്രങ്ങളാണ്. അതത് കാലത്തിന്റെ സവിശേഷതകളും മനുഷ്യബന്ധങ്ങളുടെ ആഴവും സാമൂഹിക പ്രവർത്തനങ്ങളുടെ സ്വാധീനവും ഈ കൃതികളിൽ തെളിഞ്ഞുകാണാം.

വായനാശീലങ്ങളിലും സാംസ്കാരിക അഭിരുചികളിലും വലിയ മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്ന സമകാലിക സാഹചര്യത്തിൽ ഇത്തരം സാഹിത്യപുരസ്കാരങ്ങൾക്ക് കൂടുതൽ പ്രസക്തിയുണ്ട്. ഭൂതകാലത്തിന്റെ മഹത്തായ സാഹിത്യപാരമ്പര്യത്തെയും വർത്തമാനകാലത്തിന്റെ സർഗാത്മകതയെയും ബന്ധിപ്പിക്കുന്ന കണ്ണികളാണ് ഇത്തരം അംഗീകാരങ്ങൾ. കാലത്തിന്റെ മാറ്റങ്ങൾക്കിടയിലും ഭാഷയുടെയും സാഹിത്യത്തിന്റെയും മഹത്തായ മൂല്യങ്ങൾ വരുംതലമുറകളിലേക്ക് കൈമാറേണ്ടത് സമൂഹത്തിന്റെ കൂട്ടായ ഉത്തരവാദിത്തമാണ്. മലയാളത്തിന്റെ സാംസ്കാരിക സ്വത്വത്തിന് ആഴവും കരുത്തും പകർന്ന മഹാകവി വള്ളത്തോളിന്റെ ജീവിതവും കൃതികളും ഇന്നും പ്രചോദനത്തിന്റെ ഉറവിടങ്ങളായി നിലകൊള്ളുന്നു.

അക്ഷരങ്ങളിലൂടെ കാലത്തെയും തലമുറകളെയും ബന്ധിപ്പിക്കുന്ന സാഹിത്യത്തിന്റെ മഹത്തായ പാരമ്പര്യത്തെ ഓർമ്മിപ്പിച്ചുകൊണ്ട് വള്ളത്തോൾ പുരസ്കാരം മലയാളത്തിന്റെ സാംസ്കാരിക അഭിമാനത്തിന്റെ അടയാളമായി നിലകൊള്ളുന്നു. മഹാകവിയുടെ സ്മരണയ്ക്കൊപ്പം ഭാഷയുടെയും സാഹിത്യത്തിന്റെയും ശ്രേഷ്ഠമായ മൂല്യങ്ങളെ ഉയർത്തിപ്പിടിക്കുന്ന ഈ അംഗീകാരം മലയാളത്തിന്റെ അക്ഷരലോകത്ത് എന്നും അഭിമാനമുദ്രയായി തിളങ്ങിനിൽക്കട്ടെ.

ജർമ്മൻ ഭാഷ ചരിത്രവും സംസ്കാരവും

(1 –ാം പേജിൽ നിന്നും തുടർച്ച)

പരിണാമത്തിൽ നിർണ്ണായകമായ ഒരു ഭാഷാ ശാസ്ത്ര നിയമമാണ് 'ഗ്രിംസ് നിയമം'. ജേക്കബ് ഗ്രിം തന്റെ 'ഡ്യൂച്ച് ഗ്രിമാറ്റിക്' എന്ന കൃതിയിലൂടെയാണ് ഈ നിയമം കൊണ്ടുവന്നത്. ഭാഷാപരമായ മാറ്റങ്ങൾ ക്രമരഹിതമായ ഒന്നല്ല, മറിച്ച് കൃത്യവും വ്യക്തവുമായ അടിസ്ഥാനവും സാധുതയുമുള്ളതാണെന്ന് തെളിയിക്കുന്നതിൽ ഈ നിയമം വലിയ പങ്കുവഹിച്ചു. വ്യഞ്ജനാക്ഷരങ്ങളുടെ മാറ്റത്തെയാണ് ഈ നിയമം വിശദീകരിക്കുന്നത്.

ജർമ്മൻ സാഹിത്യം ശ്രദ്ധേയമാണ്. ജർമ്മനിയുടെ ചരിത്രപരമായ വിഭജനവും രാഷ്ട്രീയ അസ്ഥിരതകളുംമൂലം ഫ്രാൻസ്, ഇംഗ്ലണ്ട് തുടങ്ങിയ രാജ്യങ്ങളിലെ സാഹിത്യത്തെ അപേക്ഷിച്ച് ഇത് വ്യത്യസ്ഥമായി വന്നുഭവിച്ചു.

ജർമ്മൻ ഭാഷയിൽ ശ്രദ്ധേയമായ രചനകളൊന്നും നടത്തിയിട്ടില്ലായെങ്കിലും ജർമൻ സ്വദേശിയും ബഹുഭാഷാ പണ്ഡിതനും ഭാഷാ ശാസ്ത്രജ്ഞനുമായ ഹെർമൻ ഗുണ്ടർട്ട് മലയാള ഭാഷയ്ക്ക് നൽകിയ സംഭാവനകൾ വിസ്തരിക്കാനാവുന്നതല്ല. അദ്ദേഹം തയ്യാറാക്കിയ മലയാളം-ഇംഗ്ലീഷ് നിഘണ്ടു ഇന്നും ശ്രദ്ധേയമായി നിലകൊള്ളുന്നു. മലയാളം, കന്നഡ, ഇംഗ്ലീഷ് ഭാഷകളിൽ ഇടുറ്റ കൃതികൾ അദ്ദേഹം രചിച്ചു. അദ്ദേഹം തയ്യാറാക്കിയതാണ് ആയിരം പഴഞ്ചൊല്ലുകൾ എന്ന സമാഹാരം. മലയാളത്തിലെ ആദ്യ വർത്തമാനപത്രം എന്ന് കരുതാവുന്ന 'രാജ്യ സമാഹാരം', വിജ്ഞാ സംബന്ധിയായ ലേഖനങ്ങളടങ്ങുന്ന 'പശ്ചിമോദയം' എന്നീ പ്രസിദ്ധീകരണങ്ങളും ഗുണ്ടർട്ടിന്റെ നേതൃത്വത്തിലുള്ളവയാണ്.

പതിനെട്ടാം നൂറ്റാണ്ടിൽ ജർമ്മനിയിലെ ചിന്തകർ വ്യക്തികളുടെ ധാർമ്മിക ബോധത്തിനും ആത്മീയതയ്ക്കും മുൻഗണന നൽകി. 'ഇമ്മാനുവൽ കാന്ത്', 'ഗോഥോൾഡ് എ ഫ്രയിം ലെസ്സിംഗ്' തുടങ്ങിയവരുടെ ആശയങ്ങൾ ജർമ്മൻ സാഹിത്യത്തിൽ വലിയ സ്വാധീനം ചെലുത്തി. ഈ ഘട്ടത്തിലാണ് ജർമ്മനി 'ചിന്തകരുടെയും കവികളുടേയും നാട്' എന്നറിയപ്പെടാൻ തുടങ്ങിയത്. 'ജോഹാൻ വുൾഫ്ഗാങ് വോൺഗോയ്ഥെ', 'ഫ്രീഡിക് ഷില്ലർ' തുടങ്ങിയവർ ഈ കാലഘട്ടത്തിലെ പ്രമുഖരാണ്.

1970 കളിലും 1980 കളിലും ജർമ്മൻ സാഹിത്യത്തിൽ 'ന്യൂ സബ്ജക്ടിവിറ്റി' എന്ന പ്രസ്ഥാനം അതിന്റെ തനതായ നിലയിൽ പ്രകടമായി. 'പുതിയ ആത്മനിഷ്ഠത' എന്ന് വിവർത്തനം ചെയ്യാവുന്ന ഇത് 1967-68ലെ വിദ്യാർത്ഥി പ്രതിഷേധങ്ങൾക്കുശേഷമാണ് മുളയിട്ടുവന്നത്. രാഷ്ട്രീയവും സാമൂഹികവുമായ വലിയ വിഷയങ്ങളിൽ നിന്ന് മാറി മനുഷ്യന്റെ നിത്യജീവിതം, വ്യക്തിബന്ധങ്ങൾ, ആന്തരികമായ വികാരങ്ങൾ, ആത്മകഥാംശങ്ങൾ എന്നിവയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട് എഴുതുന്ന രീതിയാണത്. അതായത് ദൈനംദിന ഗാർഹിക ജീവിതം പര്യവേഷണം ചെയ്യുന്ന എഴുത്തുരീതിയാണ് 'ന്യൂ സബ്ജക്ടിവിറ്റി' എന്നർത്ഥം. ഇതിന്റെ ജർമ്മൻ ഭാഷയിലുള്ള വാക്കാണ് 'NEUE SUBJEKTIVITAT'. ഈ കാലഘട്ടത്തിലെ പ്രമുഖ എഴുത്തുകാരായിരുന്ന പീറ്റർ ഹാൻഡ്കെ, ഇച്ചെ ബർഗ്ഗ് ബാച്ച്മാൻ, വാൾട്ടർകെംപോവിസ്കി, ക്രിസ്റ്റവുൾഫ്, എൽഫ്രൈഡ്ജെലിനെക് മോണിക്കമാരോൺ തുടങ്ങിയുള്ളവരെല്ലാം 'ന്യൂ സബ്ജക്ടിവിറ്റി'യുടെ വക്താക്കളായി അറിയപ്പെടുന്ന ജർമ്മൻ സാഹിത്യകാരന്മാരാണ്. മോണിക്കമാരോണിന്റെ 'ഫ്ളൈറ്റ് ഓഫ് ആഷസ്' എന്ന കൃതി വളരെ പ്രശസ്തമാണ്. ഒരു പത്രപ്രവർത്തകന്റെ ആന്തരികവും ബാഹ്യവുമായ പിരിമുറുക്കങ്ങൾ അതിന്റെ എല്ലാ തീക്ഷ്ണതയോടെയും എടുത്തുകാണിക്കുന്ന ഈ സൃഷ്ടി ഇംഗ്ലീഷ് അടക്കം എട്ടോളം വിദേശ ഭാഷകളിൽ വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്.

1871-ൽ ജർമ്മനി ഒരു ആധുനിക രാഷ്ട്രമായി മാറുന്നതിന് മുമ്പ് പല ചെറുനാട്ടുരാജ്യങ്ങളായി വിഭജിക്കപ്പെട്ടിരുന്നു. ഈ രാഷ്ട്രീയ വിഘടനമാണ് ജർമ്മൻ സാഹിത്യത്തെ അക്കാലത്ത് ഫ്രാൻസ്, ഇംഗ്ലണ്ട് തുടങ്ങിയ രാജ്യങ്ങളിലെ സാഹിത്യത്തിൽ നിന്ന് വ്യതിരിക്തമാക്കി നിറുത്തിയത്. ആന്തരികമായ വളർച്ച, ആത്മീയതയും വ്യക്തിത്വവും, സാംസ്ക്കാരിക ഐക്യം, സാഹിത്യപരമായ പ്രതിസന്ധി തുടങ്ങിയവയാണ് ഈ ഘട്ടത്തിൽ ജർമ്മൻ സാഹിത്യത്തെ സ്വാധീനിച്ച പ്രധാന ഘടകങ്ങൾ. ഇത് ജർമ്മൻ ഭാഷയേയും സാരമായിത്തന്നെ ബാധിച്ചു.

ജർമ്മൻ ഭാഷയെ സംബന്ധിച്ചിടത്തോളം അതിന്റെ വളർച്ചയും വികാസവും പ്രചാരവുമെല്ലാം പൂർണ്ണമായും അധിഷ്ഠിതമായിരിക്കുന്നത് ജർമ്മൻ സാഹിത്യത്തിലാണ്. അതുകൊണ്ടുതന്നെ സാഹിത്യവളർച്ചക്കായി ബഹുമുഖ പദ്ധതികളും പരിപാടികളുമാണ് സർക്കാർ ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നത്. സാഹിത്യരംഗത്ത് മികവ് പുലർത്തുന്നവരും ജനപ്രീതി നേടിയവരും രാജ്യാന്തര ശ്രദ്ധ പിടിച്ചുപറ്റിയവരുമായ സാഹിത്യകാരന്മാരെ സർക്കാർ തലത്തിൽത്തന്നെ ആദരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു.

ജർമ്മൻ സാഹിത്യത്തിലെ ഏറ്റവും സ്വാധീനമുള്ള വ്യക്തിത്വമാണ് 'ജോഹാൻവുൾഫ് ഗാങ്ട്വോൺ ഗോഥെ'. കവി, നാടകകൃത്ത്, നോവലിസ്റ്റ് എന്നീ നിലകളിലെല്ലാം ഇദ്ദേഹം അന്താരാഷ്ട്ര പ്രശസ്തനാണ്. നാടകരംഗത്ത് 'എപ്പിക് തീയേറ്റർ' (സാധാരണ നാടകങ്ങളിലെപ്പോലെ പ്രേക്ഷകരെ വികാരതീവ്രതയിലേക്ക് കൈപിടിച്ച് നടത്തുന്നതിന് പകരം അവരെ ചിന്തിപ്പിക്കാനും സമൂഹത്തിലെ രാഷ്ട്രീയ-സാമൂഹിക വ്യവസ്ഥകളെ യുക്തിപൂർവം വിലയിരുത്താനും പ്രേരിപ്പിക്കുന്ന ഒരു നാടക ശൈലിയാണിത്) എന്ന ആശയത്തിലൂടെ വിപ്ലവകരമായ മാറ്റങ്ങൾ കൊണ്ടുവന്ന നാടകകൃത്താണ് 'ബെർട്ടോൾട്ട് ബ്രെക്ട്' കവിയും എഴുത്തുകാരനുമായ 'ഹെൻറിച്ച് ഹൈന'യാവട്ടെ റൊമാന്റിക് രംഗത്തെ പ്രമുഖനാണ്. നാടകരംഗത്തെ മറ്റൊരു തിളങ്ങുന്ന പ്രതിഭയാണ് 'ഗെർഹാർട്ട്ഹാപ്ട്മാൻ'. നോബൽ സമ്മാന ജേതാവാണ് ഇദ്ദേഹം. ജർമ്മൻ സാഹിത്യത്തിലെ മറ്റൊരു നോബൽ സമ്മാന ജേതാവാണ് 'തോമസ്മാൻ'. രണ്ടാംലോക മഹായുദ്ധകാലത്ത് ജർമ്മൻ സാഹിത്യത്തിൽ നിർണ്ണായക പങ്കുവഹിച്ച 'ഹെൻറിച്ച് ബോൾ', പ്രമുഖ നോവലിസ്റ്റ് 'ഗുണ്ടർഗ്രാസ്' തുടങ്ങിയവരെല്ലാം ജർമ്മൻ സാഹിത്യത്തിലൂടെ ഭാഷയെ അന്താരാഷ്ട്ര പ്രശസ്തിയിലേക്കുയർത്തിയവരാണ്.

ഇരുപതാം നൂറ്റാണ്ടിൽ ജർമ്മൻ സാഹിത്യം ലോകസാഹിത്യത്തിന് നൽകിയ സംഭാവനകൾ വളരെ വലുതാണ്. തോമസ്മാൻ, ബെൽട്ടോൾട്ട് ബ്രെക്ട്, ഗുണ്ടർഗ്രാസ്, ഹെൻറിച്ച്ബോൾ, ഹെർമൻഹെസ്സെ, റോബർട്ട്മൂസിൽ, വോൾസെലാൻ, ക്രിസ്റ്റവുൾഫ് തുടങ്ങിയ എഴുത്തുകാരുടെ സൃഷ്ടികൾ ലോക പ്രശസ്തി നേടിയത് ഈ കാലഘട്ടത്തിലാണ്. ഇവരുടെയെല്ലാം സൃഷ്ടികൾ മറ്റനേകം രാജ്യങ്ങൾ അവരുടെ സ്വന്തം ഭാഷകളിലേക്ക് വിവർത്തനം ചെയ്തിട്ടുണ്ട്.

ഇന്ത്യയിൽ ജർമ്മൻ ഭാഷ പഠിപ്പിക്കുന്ന ഒട്ടനവധി വിദ്യാലയങ്ങളുണ്ട്. കേന്ദ്രീയവിദ്യാലയങ്ങളിലും സമാനമായ മറ്റ് പല വിദ്യാലയങ്ങളിലും ജർമ്മൻ ക്ലാസുകളുണ്ട്. അതേപോലെതന്നെ ഇന്ത്യൻ ഭാഷ പഠിപ്പിക്കുന്ന അനേകം വിദ്യാലയങ്ങൾ ജർമ്മനിയിലുമുണ്ട്.

പത്തൊൻപതാം നൂറ്റാണ്ടിൽ തന്നെ ജർമ്മൻ പണ്ഡിതർക്ക് ഇന്ത്യൻ സംസ്കാരത്തോടും സംസ്കൃത ഭാഷയോടും വലിയ താൽപ്പര്യമാണുണ്ടായിരുന്നതെന്ന് ചരിത്രരേഖകൾ വ്യക്തമാക്കുന്നു. ഭാരതത്തിന്റെ തനതായ ഉപനിഷത്തുകളും ഋഗ്വേദവും ആദ്യമായി വിവർത്തനംചെയ്ത മാക്സ്മുള്ളർ ഇൻഡോ-ജർമ്മൻ ഭാഷാബന്ധത്തിന്റെ പ്രതീകമാണ്.

ആത്മബം



പാളയം ഇമാം വി.പി.സുഹൈബ് മൗലവിയും, ബി.എസ്.ബാലചന്ദ്രനും

(1 –ാം പേജിൽ നിന്നും തുടർച്ച)

ചരിത്രം സൃഷ്ടിച്ച പുസ്തകപ്രകാശനം



ആത്മീയതയിലടക്കം വ്യത്യസ്ഥ വിഷയങ്ങളിൽ സമൂഹത്തിന് വിലപ്പെട്ട സംഭാവനകൾ നൽകുന്ന ബി.എസ്. ബാലചന്ദ്രൻ ദേശീയ-അന്തർദ്ദേശീയ തലങ്ങളിലുള്ള പുരസ്കാരങ്ങൾക്ക് അർഹനാണെന്ന് ചടങ്ങിൽ ആശംസാപ്രസംഗം നടത്തിയ സംസ്ഥാന മുൻ സ്പീക്കറും സി.പി.എം നേതാവുമായ എം. വിജയകുമാർ അഭിപ്രായപ്പെട്ടു. വ്യത്യസ്ഥതയാർന്ന പുസ്തകരചനയിലൂടെ അദ്ദേഹം കൂടുതൽ പ്രശസ്തനായിരിക്കുകയാണെന്നും വിജയകുമാർ കൂട്ടിച്ചേർത്തു.



മനുഷ്യൻ ആർജ്ജിക്കുന്ന വിജ്ഞാനം സ്വകാര്യസ്വത്തായി സൂക്ഷിക്കാനുള്ളതല്ല മറിച്ച് അത് മറ്റുള്ളവർക്ക് പകർന്നു നൽകാനുള്ളതാണെന്ന പൂർണ്ണമായ ബോധ്യത്തോടെ പ്രവർത്തിക്കുന്ന വ്യക്തിയാണ് ഗാന്ധിജിയെക്കുറിച്ചുള്ള ഇരുന്നൂറ് പുസ്തകങ്ങളുടെ രചയിതാവായ ബി.എസ്. ബാലചന്ദ്രനെന്ന് മുൻ എം.പിയും സി.പി.ഐ നേതാവുമായ പന്ന്യൻ രവീന്ദ്രൻ അഭിപ്രായപ്പെട്ടു. ദക്ഷിണാഫ്രിക്കയിലും ഭാരതത്തിലും നടത്തിയ ഗാന്ധിജിയുടെ പ്രവർത്തനങ്ങളുടെ ഒരു നേർരേഖതന്നെ ബാലചന്ദ്രൻ തന്റെ കൃതികളിലൂടെ സമൂഹത്തിന് മുന്നിൽ വരച്ചിട്ടിരിക്കുകയാണ്- അദ്ദേഹം തുടർന്നു പറഞ്ഞു.



മഹാത്മാഗാന്ധിയെ വികൃതമായി ചിത്രീകരിക്കുവാനുള്ള ശ്രമങ്ങൾ നടന്നുവരുന്ന ആനുകാലിക സാഹചര്യത്തിൽ ബി.എസ്. ബാലചന്ദ്രന്റെ ഈ ഉദ്യമത്തിന് പ്രസക്തിയേറെയാണെന്ന് മുൻ മന്ത്രിയും ജനശ്രീ ചെയർമാനുമായ എം.എം. ഹസ്സൻ പ്രസ്താവിച്ചു. ഗാന്ധിജിയുടെ ചെറുപ്പകാലംമുതലുള്ള ഒരോ ഏടുകളേയും തരംതിരിച്ച് വിശദീകരിക്കാൻ ഗ്രന്ഥകാരന് കഴിഞ്ഞിട്ടുണ്ട്. ഗാന്ധിജിയെക്കുറിച്ചുള്ള യഥാർത്ഥ വസ്തുതകൾ പുതുതലമുറയ്ക്ക് മനസ്സിലാക്കാൻ ഈ കൃതികൾ ഏറെ സഹായിക്കും. ഗാന്ധിജിയുടെ ആശയങ്ങൾ ഇന്ന് ഉയർത്തെഴുന്നേൽപ്പിന്റെ പാതയിലാണെന്ന് അഭിപ്രായപ്പെട്ടുകൊണ്ട് ഈ സഹചര്യത്തിൽ അഹിംസയുടേയും സത്യത്തിന്റെയും പ്രവാചകനായ ഗാന്ധിജിയെക്കുറിച്ച് കുട്ടികൾക്ക് കൂടുതൽ വായിക്കുവാനും പഠിക്കുവാനുമുള്ള അവസരമുണ്ടാവേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. ഇതിന് ബാലചന്ദ്രന്റെ രചനകൾ സഹായകമാവും. ഇക്കാര്യത്തിൽ ബന്ധപ്പെട്ട കേന്ദ്രങ്ങൾ ശ്രദ്ധചെലുത്തേണ്ടതിന്റെ അനിവാര്യതയെക്കുറിച്ചും എം.എം. ഹസ്സൻ ഊന്നിപ്പറയുകയുണ്ടായി.

ശാസ്ത്രലോകം



ജയ ശ്രീകുമാർ

യാദൃശ്ചിക തീപ്പൊരിയിൽ പിറന്ന കുഞ്ഞൻ പെട്ടി

നമ്മൾ ദൈനംദിന ജീവിതത്തിൽ ഉപയോഗിക്കുന്ന വസ്തുക്കൾ കണ്ടെത്തിയവരെ പരിചയപ്പെടുത്തുന്ന ഒരു പംക്തിയാണ് ഇത്

മനുഷ്യനാഗരികതയുടെ ചരിത്രത്തിലെ ഏറ്റവും നിർണ്ണായകമായ കണ്ടെത്തലുകളിൽ ഒന്നാണ് തീ. എന്നാൽ പ്രകൃതിയുടെ ഈ മഹാശക്തിയെ സ്വന്തം പോക്കറ്റിലൊതുക്കി, വിരൽത്തുമ്പിലെ ഒരു ചെറിയ ചലനം കൊണ്ട് നിയന്ത്രിക്കാൻ മനുഷ്യനെ പ്രാപ്തനാക്കിയത് ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ നമ്മൾ കൈവരിച്ച സാങ്കേതിക വളർച്ചയാണ്. അതിന് അടിത്തറയിട്ടതാകട്ടെ, 1826-ൽ ഒരു ലബോറട്ടറിയിൽ യാദൃശ്ചികമായി സംഭവിച്ച ഒരു ചെറിയ തീപ്പൊരിയും. ബ്രിട്ടീഷ് രസതന്ത്രജ്ഞനും ഫാർമസിസ്റ്റുമായിരുന്ന ജോൺ വാക്കറുടെ ലബോറട്ടറിയിലാണ് ഈ ചരിത്ര നിമിഷം പിറന്നത്. ഒരിക്കൽ തന്റെ പരീക്ഷണങ്ങൾക്കിടയിൽ കെമിക്കലുകൾ ഇളക്കാൻ ഉപയോഗിച്ച ഒരു ചെറിയ തടിക്കഷണത്തിന്റെ അറ്റത്ത് കുറച്ചു മിശ്രിതം ഉണങ്ങിപ്പിടിക്കുന്നത് അദ്ദേഹം ശ്രദ്ധിച്ചു. അത് മാറ്റാനായി തറയിൽ ശക്തമായി ഒന്നുരസിയപ്പോൾ, വലിയൊരു ശബ്ദത്തോടെ അത് കത്താൻ തുടങ്ങി. ഘർഷണം (friction) വഴി തീ ഉണ്ടാക്കാമെന്ന ഈ ലളിതമായ കണ്ടെത്തലാണ് ചരിത്രത്തിൽ ആദ്യത്തെ തീപ്പെട്ടിയുടെ ജനനത്തിന് കാരണമായത്. 'ജോൺ വാക്കർ' ഇതിന് 'കോൺഗ്രീവ്സ്' (Congreves) എന്ന് പേരിട്ട് 1827 മുതൽ വിൽക്കാൻ തുടങ്ങിയെങ്കിലും, ഇതിന്റെ പേറ്റന്റ് എടുക്കാൻ അദ്ദേഹം തയ്യാറായില്ല. ജോൺ വാക്കറുടെ കണ്ടുപിടുത്തം വലിയൊരു വിപ്ലവമായിരുന്നെങ്കിലും ആദ്യകാല തീപ്പെട്ടികൾ ഉപയോഗിക്കുന്നത് അത്ര എളുപ്പമായിരുന്നില്ല. തറയിലോ ഭിത്തിയിലോ എവിടെ ഉരസിയാലും ഇവ കത്തുമായിരുന്നു. എന്നാൽ അങ്ങനെ ഉരസുമ്പോൾ വലിയൊരു സ്ഫോടന ശബ്ദത്തോടെ തീപ്പൊരികൾ വശങ്ങളിലേക്ക് ചിതറിത്തെറിക്കുകയും, ആളുകളുടെ വസ്ത്രങ്ങൾക്ക് തീപിടിച്ച് മാരകമായി പൊള്ളലേൽക്കുകയും ചെയ്യുക പതിവായിരുന്നു.

തുടർന്ന് 1830-ൽ ഫ്രഞ്ച് രസതന്ത്രജ്ഞനായ 'മാർക്ക് ചാൾസ് സൗരിയ' തീപ്പെട്ടി കുറച്ചുകൂടി എളുപ്പത്തിൽ കത്താനായി 'വെളുത്ത ഫോസ്ഫറസ്' (White Phosphorus) ഉപയോഗിക്കാൻ തുടങ്ങി. ഇത് തീപ്പെട്ടിയെ ജനപ്രിയമാക്കിയെങ്കിലും വൻ ദുരന്തങ്ങൾക്കാണ് വഴിതെളിച്ചത്. വെളുത്ത ഫോസ്ഫറസ് അടങ്ങിയ തീപ്പെട്ടികൾ ചെറിയൊരു ചൂടേറ്റാൽ പോലും (ചിലപ്പോൾ പോക്കറ്റിലിരിക്കുമ്പോൾ തന്നെ) സ്വയം കത്തുമായിരുന്നു. ഇത് വലിയ തീപിടുത്തങ്ങൾക്ക് കാരണമായി. മാത്രമല്ല അതീവ വിഷാംശമുള്ള വെളുത്ത ഫോസ്ഫറസ് ഉപയോഗിച്ച് തീപ്പെട്ടി നിർമ്മിച്ചിരുന്ന ഫാക്ടറി തൊഴിലാളികൾക്ക് 'ഫോസി ജോ' എന്ന ഭീകരമായ രോഗം പിടിപെട്ടു മരണംവരെ സംഭവിക്കുന്നത് പതിവായി. ഈ മാരകമായ പ്രതിസന്ധി കാരണം പല രാജ്യങ്ങളും തീപ്പെട്ടി നിർമ്മാണം നിരോധിക്കാൻ ഒരുങ്ങി. ഈ ഘട്ടത്തിലാണ് സ്വീഡിഷ് രസതന്ത്രജ്ഞനായ ഗുസ്താഫ് എറിക് പാഷ് (Gustaf Erik Pasch) രക്ഷകനായി എത്തുന്നത്. 1844-ൽ അദ്ദേഹം വിഷാംശമുള്ള വെളുത്ത ഫോസ്ഫറസിന് പകരം, യാതൊരു വിഷാംശവുമില്ലാത്ത 'ചുവന്ന ഫോസ്ഫറസ്' (Red Phosphorus) പരീക്ഷണങ്ങൾക്കായി തിരഞ്ഞെടുത്തു. അദ്ദേഹം കെമിക്കലുകൾ മുഴുവനായി തീപ്പെട്ടിക്കൊള്ളിയിൽ നൽകുന്ന പഴയ രീതി മാറ്റി. കത്താൻ സഹായിക്കുന്ന കെമിക്കലുകൾ കൊള്ളിയുടെ തലപ്പത്തും, തീപിടിക്കാൻ ആവശ്യമായ ചുവന്ന ഫോസ്ഫറസ് തീപ്പെട്ടിപ്പിടിയുടെ വശങ്ങളിലുള്ള പ്രതലത്തിലും മാത്രമായി വേർതിരിച്ചു നൽകി. ഇതോടെ, തീപ്പെട്ടിക്കൊള്ളി ഭിത്തിയിലോ തറയിലോ എവിടെ ഉരസിയാലും കത്തുകയില്ലെന്നും, അത് തീപ്പെട്ടിയിലെ ആ പ്രത്യേക വശത്ത് മാത്രം ഉരസിയാലേ കത്തൂ എന്നുമുള്ള അത്ഭുതകരമായ സുരക്ഷിതത്വം കൈവന്നു. ഇതാണ് ഇന്ന് നമ്മൾ ഉപയോഗിക്കുന്ന 'സേഫ്റ്റി മാച്ച്'.

മിഴുകും മിഴിയും

ചില്ലുടയാതെ

മുഖം നോക്കുവാൻ ഒരു കണ്ണാടി പിന്നെ
മനസ്സിൻ മുഖത്തിനായ് മറ്റൊരു കണ്ണാടി
പൊടിഞ്ഞീടിലുമാദ്യത്തെ കണ്ണാടി പക്ഷെ
പൊടിയാതെ നോക്കണം രണ്ടാമതാം കണ്ണാടി.



ഡോ. രമേശ് ഇളമൺ നമ്പൂതിരി

ഒടുവിൽ

ഒരു മൺകൂനയിലൊടുങ്ങുന്നുവോ ജന്മം
ഒരു വൃക്ഷച്ചായയിലമരുന്നുവോ സ്മൃതികൾ
ഇഷ്ടരായുള്ളവരിടയ്ക്കിടെ നൽകിടും
അശ്രുമാല്യങ്ങളും പുഷ്പഹാരങ്ങളും
ഉണർത്തുവാനാകാത്തതാകുമീ ജന്മം
ഉൺമയൊന്നതുമാത്രം എന്നോതുന്ന ജന്മം.

കവചം

എനിയ്ക്ക് ദുഃഖമേയില്ല.
അത് അത്ഭുതമാണല്ലൊ. അതെന്തേ അങ്ങിനെ?
ഞാൻ ആരിൽ നിന്നും ഒന്നും പ്രതീക്ഷിയ്ക്കുന്നില്ല.

ഉണ്ടെങ്കിലും ഇല്ല

ഏഴാണു കാലിനു കുത്തിക്കെട്ട് കേട്ടോ
വീണു പോയൊരു പഴത്തൊലിയിൽ ചവിട്ടി ഞാൻ
ബോധം കെടുത്താം കുത്തിക്കെട്ടും മുമ്പെന്നു ഡോക്ടർ
വേണ്ടെന്നു ഞാനും
ബോധമുണ്ടായിരുന്നുവെങ്കിൽ
വീഴുകയില്ലായിരുന്നുവല്ലോ ഞാൻ

കാര്യവും കാരണവും

മരണത്തെ മിഥ്യയാക്കുന്നത്
സ്വപ്നങ്ങളാണെന്നു തോന്നുന്നു
ജീവിതത്തെ സത്യമാക്കുന്നത്
സ്നേഹവും.

കാര്യവിചാരം

ഏകീകൃത സിവിൽ കോഡ് ശരിയും തെറ്റും



പ്രൊഫ. ജി. ബാലചന്ദ്രൻ

ഏകീകൃത സിവിൽ കോഡിന്റെ കാര്യത്തിൽ ന്യൂനപക്ഷ എതിർപ്പ് മുതലാക്കാൻ സി.പി.എമ്മും, മുസ്ലീം ലീഗും, ക്രിസ്തീയ സഭകളും രംഗത്തിറങ്ങിക്കഴിഞ്ഞു. കേരളത്തിലെ കോൺഗ്രസും ഇക്കാര്യത്തിൽ ജനസദസ്സുകൾ സംഘടിപ്പിക്കുന്നുണ്ട്. പൊതു വ്യക്തിനിയമത്തിന്റെ കാര്യത്തിൽ മാർക്സിസ്റ്റ് പാർട്ടിയുടെ പഴയ രാഷ്ട്രീയ നിലപാടുകൾ അവരുടെ നിലപാടുമാറ്റം നാടകത്തിന് തിരശ്ശീലയുയർത്തുന്നത്. ആളെക്കൂട്ടാൻ പരക്കം പായുന്ന പാർട്ടി ലക്ഷ്യമിടുന്നത് മുസ്ലീം സമുദായത്തെയാണ്. ലീഗ് അനുകൂല ഇ.കെ സുന്നി വിഭാഗത്തെ കൂടെ കൂട്ടാനും സി.പി.എം. ശ്രമം നടത്തി. കോമൺ സിവിൽ കോഡ് വിരുദ്ധ കൂട്ടായ്മയിൽ നിന്ന് കോൺഗ്രസിനെ ഒഴിവാക്കാനാണ് പാർട്ടിക്കാർ ശ്രമിച്ചത്. എന്നാൽ, ലീഗിനെ ഉന്നം വച്ച് സി.പി.എം. ഇട്ട് ചൂണ്ടയിൽ കൊത്താതെ ലീഗ് ഉറച്ച നിലപാടെടുത്തത് മാർക്സിസ്റ്റ് പാർട്ടിക്ക് കനത്ത പ്രഹരമായി. തങ്ങൾ ഐക്യമുന്നണിക്കൊപ്പം ആണെന്ന് ലീഗ് നേതൃത്വം പ്രഖ്യാപിച്ചു. പൊതു വ്യക്തിനിയമത്തെ, ഹിന്ദുക്കളും ബി.ജെ. പിയും ആം ആദ്മി പാർട്ടിയും അനുകൂലിക്കുന്നു. ഈ കാര്യത്തിൽ ഒരു പുതിയ തന്ത്രവുമായി കേന്ദ്ര സർക്കാർ രംഗത്ത് വന്നിരിക്കുന്നു. ഇന്ത്യയിൽ നടന്നിട്ടുള്ളതിൽ വച്ച് ഏറ്റവും വലിയ ഒരു സർവ്വ ജനാഭിപ്രായം അറിയാനെന്ന തരത്തിൽ നടത്താൻ ശ്രമിക്കുകയാണ്. സാംസ്കാരിക സംഘടനകളും നിഷ്പക്ഷ ചിന്തകരും പുരോഗമനവാദികളും നിയമത്തിന്റെ ആവശ്യകത ഉയർത്തിക്കാണിക്കുന്നു. ബി.ജെ.പിയാകട്ടെ അടുത്ത തിരഞ്ഞെടുപ്പിന്റെ സൂത വാക്യമായാണ് ഏക സിവിൽ കോഡിനെ കാണുന്നത്. അവർ ഭരിക്കുന്ന സംസ്ഥാനങ്ങളിൽ പൊതു വ്യക്തിനിയമം നടപ്പിലാക്കിത്തുടങ്ങിയിട്ടുമുണ്ട്. കോമൺ സിവിൽ കോഡ് കേരളത്തിലെ മാത്രം മുസ്ലീം പ്രശ്നമാണെന്ന് പറഞ്ഞാണ് മുസ്ലീം വിഭാഗത്തെ വലയിലാക്കാൻ സി.പി.എം ശ്രമിക്കുന്നത്.

ജമ്മു കാശ്മീർ വിഭജനം, ഭരണഘടനയുടെ ആർട്ടിക്കിൾ 370 റദ്ദാക്കൽ, മുത്തലാഖ് നിരോധനം, ഗോവധ നിരോധനം, രാമക്ഷേത്ര നിർമ്മാണം എന്നിവയെക്കാൾ പ്രാധാന്യമുള്ളതാണ് പൊതു വ്യക്തിനിയമം എന്ന് മോദി ആവർത്തിച്ചാവർത്തിച്ച് പ്രഖ്യാപിക്കുന്നു.

ഭരണഘടനയുടെ 44-ാം അനുച്ഛേദമായ കോമൺ സിവിൽ കോഡ് ഉപയോഗിച്ച് ഇരുട്ടുകൊണ്ട് ഓട്ടയടക്കൽ തന്ത്രം മാത്രമാണിത്. ആർട്ടിക്കിൾ 44 ഉൾപ്പെടുന്ന നിർദ്ദേശക തത്വങ്ങളിൽ ജനങ്ങൾക്ക് ആവശ്യമായ അനേകം നിർദ്ദേശങ്ങൾ ഉണ്ട്. അതെല്ലാം ബി.ജെ.പി. ബോധപൂർവ്വം വിഴുങ്ങുകയാണ്. ഇതു വരെ

നിയമത്തിന്റെ കരടുപോലും പാർലമെന്റിൽ അവതരിപ്പിച്ചിട്ടില്ല. ബഹുഭൂരിപക്ഷം ഹിന്ദുക്കളെ ആകർഷിക്കാൻ ശ്രമിക്കുമ്പോൾ 20 കോടി വരുന്ന മുസ്ലീങ്ങളെ പ്രകോപിപ്പിച്ച് ഒരു കലാപത്തിന്റെ സാഹചര്യം ഒരുക്കുന്നത് ഒരു സർക്കാരിനും ഭൂഷണമല്ല.

Edited, Printed and Published by B.S. Balachandran on behalf of Satbhavana Publishing Chamber, Sri Nikethan, Thycaud P.O, Thiruvananthapuram 695014. Printed at Rainbow Printers, Kumarapuram, for BRN Printers.
Managing Editor: Manju Sreekandan, Chief Editor: Jaya Sreekumar